www.malankaralibrary.com

റവ. ഫാ. ഗീവർഗീസ് ചേടിയത്ത്

# മലങ്കരസഭാ ചരിത്രം

(ഒന്നാം ഭാഗം)

തിരുവനന്തപുരം

1999

www.malankaralibrary.com

ഫാ. ജി. ചേടിയത്ത്

# മലങ്കരസഭാ ചരിത്രം

(ഒന്നാം ഭാഗം)

തിരുവനന്തപുരം
1999

www.malankaralibrary.com

G. CHEDIATH

MALANKARA SABHACHARITRAM

Nalanchira, Trivandrum—695 015.

First Edition - 1994
Copyright: G. Chediath, 1998,
Second Printing - 1998.

Printed at: Jayamatha Offset Press,
Nalanchra, TVPM.

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| അവതാരിക | | പേജ് |
| അധ്യായം | 1. മലങ്കരസഭാസ്ഥാപനം | 1 |
| | 2. മാർ തോമാ ഭാരതത്തിൻെറ അപ്പസ്തോലൻ ചില ചരിത്രത്തെളിവുകൾ | 6 |
| | 3. മലങ്കരസഭ പതിനാറാം നൂറ്റാണ്ടു വരെ | 10 |
| | 4. പാശ്ചാത്യ മിഷനറിമാരും മലങ്കരസഭയും | 17 |
| | 5. ഉദയംപേരൂർ സൂനഹദോസ് (1599) | 24 |
| | 6. ഉദയംപേരൂർ സൂനഹദോസും മലങ്കര സഭയിലെ പരിവർത്തനങ്ങളും | 31 |
| | 7. ഉദയംപേരൂർ മുതൽ കൂനൻകുരിശുവരെ | 35 |
| | 8. കൂനൻകുരിശു സത്യം (1653) | 39 |
| | 9. മലങ്കരസഭ കത്തോലിക്കസഭ തന്നെ | 45 |
| | 10. പുത്തൻകൂർ ചരിത്രം (1653-1815) | 53 |
| | 11. മലങ്കര സഭയും സി.എം.എസ്. മിഷനറിമാരും (1815-1840) | 58 |
| | 12. മലങ്കര യാക്കോബായ സുറിയാനിസഭ (1840 - 1876) | 64 |
| | 13. മുളന്തുരുത്തി സൂനഹദോസും മാർത്തോമ്മാസഭാസ്ഥാപനവും | 67 |
| | 14. കാതോലിക്കേറ്റ് സ്ഥാപനം (1912) | 70 |
| | 15. മലങ്കര യാക്കോബായാ സുറിയാനിസഭ (1912-1930) | 79 |
| | 16. സീറോ-മലബാർ സഭ | 85 |
| | 17. ലത്തീൻ (റോമൻ) കത്തോലിക്കാസഭ | 90 |

www.malankaralibrary.com

# അവതാരിക

History makes a man Great എന്നൊരു ചൊല്ലുണ്ട്. മനുഷ്യവംശം ഓർത്തിരിക്കേണ്ട മുൻകാലസംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതാണല്ലോ ചരിത്രം. അതിൽ അവന് ഓർത്തിരിക്കാൻ പലതുണ്ടാകും. മനുഷ്യൻ അവൻെറ മതവിശ്വാസത്തിൻെറയും സംസ്ക്കാരത്തിൻെറയും അടിവേരുകൾ (Roots) അ്‌ന്വേഷിച്ച് കണ്ടുപിടിക്കുന്നത് ആത്മാഭിമാനത്തിന് അവസരമാകുന്നു. ആ ഒരു പരിശ്രമമാണ് ബഹുമാനപ്പെട്ട ചേടിയത്ത് ഗീവർഗീസ് അച്ചൻ തന്റെ മലങ്കരസഭാചരിത്രം എന്ന ഗ്രന്ഥത്തിലൂടെ നടത്തിയിരിക്കുന്നത്.

രക്ഷയുടെ സന്ദേശവുമായി നമ്മുടെ കർത്താവ് നമ്മുടെ മദ്ധ്യേ പ്രത്യക്ഷനായി. ആ രക്ഷയുടെ സദ്‌വാർത്ത സകല മനുഷ്യർക്കും എത്തിച്ചു കൊടുക്കേണ്ടത് ആ സന്ദേശത്തിന്റെ തന്നെ പ്രത്യേകതയാണ്. അതിന് ലോകാവസാനം വരെ നിലനിൽക്കത്തക്ക സംവിധാനവും അവിടുന്ന് ഏർപ്പെടുത്തി. അതിന്റെ അറിയിപ്പുകാരായിരുന്നല്ലോ അപ്പസ്തോലൻമാർ. അവരിൽ ഒരാളായ മാർ തോമ്മാശ്ലീഹാ നമ്മുടെ നാട്ടിൽ കർത്താവിനു സാക്ഷ്യം നൽകി. ക്രി.വ. 52-ൽ മലങ്കരയിൽ ജൻമമെടുത്ത ക്രൈസ്തവ കൂട്ടായ്മ 1653-ലെ കൂനൻകുരിശുസത്യം വരെ ഒന്നായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ ഒരു സഭയായിരുന്നത് 20-ാം നൂറ്റാണ്ടിൽ എത്ര സഭകൾ ആയിരിക്കുന്നു.! അതു തന്നെ ഒരു പഠന വിഷയമാണ്. മലങ്കരയിൽ തന്നെ ഒന്നായിരുന്ന സഭ 1653-നു ശേഷം അനേകം സഭകളും സമൂഹങ്ങളും ആയിരിക്കുന്നു. കൂടാതെ ഒരു സഭയിലും സമൂഹത്തിലും ഉൾപ്പെടാത്ത സ്വതന്ത്രക്രിസ്ത്യാനികൾ എന്നു പറയുന്നവരും ഉണ്ടെന്നു വരുമ്പോൾ ക്രിസ്തുവിന്റെ ഉദ്ദേശ്യവും മനുഷ്യർ കൊണ്ടുപോയ വഴികളും എന്തു വ്യത്യസ്തം.

കേരളത്തിൽ ഇത്രത്തോളം സഭകൾ ഉണ്ടായത് ഏതു കാലത്താണ്. അതിന്റെ പുറകിൽ ഉണ്ടായ സംഭവവികാസങ്ങൾ എന്തൊക്കെയാണ് എന്നുള്ള ചരിത്ര യാഥാർത്ഥ്യങ്ങൾ ഇവിടുത്തെ ക്രൈസ്തവരെ അറിയിക്കുക എന്നതാണ് ബഹു. ചേടിയത്ത് അച്ചൻ ഈ പുസ്തകത്തിൽ ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത്. വായനക്കാർ ഇതേപ്പറ്റി കൂടുതൽ ചിന്തിക്കാൻ ഇതിന്റെ ചിന്താധാര തുറന്നിട്ടിരിക്കുകയാണ്. ഒന്നിൽ കൂടുതൽ സഭയാകാമെങ്കിൽ എത്ര

www.malankaralibrary.com



വരെ ആകാം എന്ന്, ആര് എണ്ണവും അതിരും നിശ്ചയിക്കും? ഒരു സഭയിലും സംഘടനയിലും ഇല്ലാത്ത ക്രൈസ്തവനെന്ന് പറയുന്ന ആളിന്റെ സ്ഥിതി എന്ത്? ഈ ചിന്തകൾ നമ്മിൽ നിൽക്കെ വി.മത്തായിയുടെ സുവിശേഷത്തിലെ 5-ാം അദ്ധ്യായത്തിൽ 27-ാം വാക്യം മുതൽ ഉള്ള വാചകങ്ങൾ ചിന്തയ്ക്ക് വിഷയമാകേണ്ടതാണ്..... 'എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു' എന്ന പ്രസ്താവനകൾക്ക് അവനവന്റെ താല്പര്യം പോലെ വ്യാഖ്യാനിക്കുന്ന കുട്ടിന്യായക്കാർ എന്തു പറയുന്നുവോ? സഭയുടെ കാര്യത്തിലും ക്രിസ്തുവിന് വ്യക്തമായ ഭാഷയുണ്ട്. ക്രിസ്തുവിന്റെ സഭയെപ്പറ്റി നമുക്ക് കൂടുതൽ പഠിക്കാം. മുൻവിധികൾ മാറ്റിവച്ചിട്ട് നിഷ്പക്ഷമായ സത്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം. സത്യം നമ്മളെ വഴികാണിക്കട്ടെ, നയിക്കട്ടെ. ഈ പുസ്തകം കേരള ക്രൈസ്തവരെ ആഴത്തിൽ ചിന്തിപ്പിക്കുവാനും അതിനനുസരിച്ചുള്ള തീരുമാനങ്ങളിലെത്തിക്കുവാനും പര്യാപ്തമാണ്.

**ഫാ. ജോൺ കണ്ണങ്കര**

ജനുവരി 29, 1994
പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്റർ
തിരുവനന്തപുരം - 3

www.malankaralibrary.com

അധ്യായം 1

# മലങ്കര സഭാസ്ഥാപനം

## ആമുഖം

സർവലോകത്തിനും മഹാസന്തോഷം പ്രദാനം ചെയ്യുന്ന രക്ഷാകരസന്ദേശത്തിൻെറ വാഹകരായി, ലോകനാഥനായ മിശിഹാ പന്ത്രണ്ടു ശ്ലീഹന്മാരെ അയച്ചു. സമസ്താധികാരവും നല്കിയാണ് കർത്താവ് അവരെ അയച്ചത് (മത്താ.28:18-20). പരിശുദ്ധാത്മാവിനെ പ്രാപിച്ച ശ്ലീഹന്മാർ ശക്തിപ്രാപിച്ച് ജറുസലേമിലും യുദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും മിശിഹായ്ക്കു സാക്ഷികളായി (നടപടി 1:8). അവർ പാപമോചനത്തിനുള്ള അനുതാപം എല്ലാ ജനതകളോടും പ്രസംഗിച്ചു (ലൂക്കാ. 24:47). കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു (മർക്കോ 16:20). ഈ പന്ത്രണ്ടു പേരിൽ ഒരാളായിരുന്നു മാർത്തോമ്മാശ്ലീഹാ.

## മാർ തോമാശ്ലീഹാ ഭാരതത്തിൽ

മാർ തോമാശ്ലീഹാ കേരളത്തിലും ഭാരതത്തിൻെറ ഇതരഭാഗങ്ങളിലും സുവിശേഷം പ്രസംഗിച്ച് ക്രിസ്തീയ സഭയ്ക്ക് ആരംഭമിട്ടു. അക്കാരണത്താൽ ഭാരതത്തിൻെറ ശ്ലീഹായായി മാർ തോമാ പരിഗണിക്കപ്പെടുന്നു. മാർ തോമാശ്ലീഹായിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവർ എന്ന അർത്ഥത്തിൽ ഇവിടുത്തെ ക്രിസ്ത്യാനികൾ *മാർത്തോമ്മാ ക്രിസ്ത്യാനികൾ* എന്നറിയപ്പെടുന്നു. ഇപ്പോഴും അപ്രകാരം തന്നെ അറിയപ്പെടുന്നു.

## മാർ തോമാശ്ലീഹായുടെ ജീവചരിത്രം

തോമാ പലസ്തീനയിലെ ഗലീലയിൽ നിന്നുള്ള ആളായിരുന്നു. മീൻപിടിത്തമായിരുന്നു കുലത്തൊഴിൽ. തോമായുടെ ആദ്യകാല ജീവിതത്തെപ്പറ്റിയോ ബന്ധുജനങ്ങളെപ്പറ്റിയോ നമുക്കൊന്നും അറിയില്ല. യേശു വിളിച്ചപ്പോൾ തോമാ സസന്തോഷം പിൻചെന്നു.

www.malankaralibrary.com



ഇരട്ട പിറന്നവൻ എന്നർത്ഥമുള്ള തോമാ എന്ന പേരിലാണ് ശ്ലീഹാ അറിയപ്പെട്ടിരുന്നത്. *ദിദിമോസ്* എന്നത് *തോമാ* എന്നതിൻെറ ഗ്രീക്കാണ് (മത്താ. 10:3; മർക്കോ. 3:18; ലൂക്കോ. 6:15; നടപടി 1:13). യോഹന്നാൻെറ സുവിശേഷത്തിൽ മൂന്നു സ്ഥലത്ത് തോമായെപ്പറ്റി പ്രത്യേക പരാമർശമുണ്ട്. (11: 8ff; 14:5ff; 20:28-29). യോഹ.14:18-23ൻെറ ചില പ്രാചീനകൈയെഴുത്തുപ്രതികളിൽ *യൂദാ* എന്നതിനുപകരം *യൂദാതോമാ* എന്നോ *തോമാ* എന്നു മാത്രമോ കാണാം. 21:1-4-ൽ ദിദിമോസ് എന്നു വിളിക്കപ്പെട്ടിരുന്ന തോമാ എന്നാണു കാണുക. പ്രാചീന സഭയിൽ പ്രത്യേകിച്ച് ഏഷ്യാ മൈനറിലെ സഭകളിൽ, തോമായെ ചുറ്റിപ്പറ്റിയുള്ള പാരമ്പര്യങ്ങൾ നിലനിന്നു. അപ്പോക്രീഫൽ സാഹിത്യത്തിൽ മാർ തോമയെപ്പറ്റി പരാമർശമുണ്ട്. തോമായുടെ പേരിൽ രണ്ട് അപ്രാമാണിക സുവിശേഷങ്ങളും ഒരു നടപടിയും അറിയപ്പെടുന്നു

## സുവിശേഷ പ്രഘോഷണം

മാർ തോമ്മാശ്ലീഹാ തദേവൂസിനെ (ആദായിയെ) എഡേസ്സയിലേക്ക് സുവിശേഷ പ്രഘോഷണത്തിനയച്ചു. തോമായുടെ പ്രേതിഷിതരംഗം പാർത്തിയായും ഭാരതവുമായിരുന്നു. മൊസൊപ്പൊട്ടേമിയാ, പേർഷ്യാ, മേദ്യാ, ഹിർക്കാനിയാ, ബാക്ട്രിയ എന്നീ സ്ഥലങ്ങളിലൊക്കെ ശ്ലീഹാ ചുറ്റി സഞ്ചരിച്ച് സുവിശേഷം അറിയിച്ചു. എന്നാൽ ഭാരതത്തിൻെറ അപ്പസ്തോലനായിട്ടാണ് മാർ തോമ്മാ അറിയപ്പെടുന്നത്. ഭാരതത്തിന്റെ വടക്കുഭാഗത്തും തെക്കുഭാഗത്തും ഒന്നിലധികം പ്രാവശ്യം അദ്ദേഹം എത്തിച്ചേർന്നു. ഭാരതത്തിലുടനീളം നിരവധി സഭാസമൂഹങ്ങൾക്കു ജന്മം നല്കി. തെക്കേ ഇൻഡ്യയിൽ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന ക്രിസ്തീയ സമൂഹത്തിൻെറ സജീവസാക്ഷ്യമാണ് മാർതോമായുടെ ഭാരതത്തിലെ പ്രേഷിതത്വത്തിനുള്ള ഏറ്റവും വലിയ തെളിവ്.

## ഭാരതയാത്ര

മാർ തോമാശ്ലീഹാ ഭാരതത്തിലെത്താൻ രണ്ടു പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒന്ന്, *കേരളത്തിലെ യഹൂദ സാന്നിദ്ധ്യം* - കച്ചവടത്തിനായി എത്തിയ യഹൂദരുടെ കോളനികൾ അന്നത്തെ കേരളത്തിൽ ഉണ്ടായിരുന്നു. കച്ചവടക്കാരായ യഹൂദരോട് അറമായ ഭാഷയിൽ അദ്ദേഹം പ്രസംഗിച്ചു. അവർ വഴി മറ്റു ജനങ്ങളോടും. രണ്ടാമത്തെ കാരണം *യാത്രാസൗകര്യമാണ്* .

www.malankaralibrary.com



പാശ്ചാത്യലോകത്തു നിന്നു മൺസൂൺ കാറ്റിൻെറ ഗതിയനുസരിച്ച് കുറഞ്ഞ സമയം കൊണ്ട് ഭാരതത്തിലെത്താം എന്ന് കണ്ടുപിടിക്കപ്പെട്ടതോടെ കേരളവും പാശ്ചാത്യലോകവുമായുള്ള വ്യാപാരബന്ധം ശതഗുണീഭവിച്ചു. ഇപ്രകാരമുള്ള വ്യാപാരികളോടുകൂടെയാകാം മാർ തോമാശ്ലീഹാ കേരളത്തിലെത്തിയത്.

## ഭാരതത്തിലെ പ്രേഷിതവൃത്തി

കേരളത്തിലെത്തിയ മാർ തോമാശ്ലീഹാ ഏഴു പള്ളികൾ സ്ഥാപിച്ചു. ഭാരതത്തിലുടനീളം നിരവധി സഭാമസൂഹങ്ങൾക്കു ജന്മം നൽകി എന്നർത്ഥത്തിൽ ഏഴ് എടുക്കാം. താൻ സ്ഥാപിച്ച സഭകളിൽ ദീർഘനാൾ താമസിച്ച് സുവിശേഷത്തിനു സാക്ഷ്യം നൽകി.

## കേരളത്തിലെ സപ്ത ദേവാലയങ്ങൾ

കേരളത്തിലെ ഏഴു സ്ഥലങ്ങളിലുള്ള ക്രൈസ്തവസമൂഹങ്ങൾ വിശേഷവിധിയായി മാർ തോമാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടയ്ക്കാവ്), കോക്കമംഗലം, കൊല്ലം, നിരണം (തൃപ്പലേശ്വരം), ചായൽ (നിലയ്ക്കൽ) എന്നിവയാണ് ഈ ഏഴു സഭാകേന്ദ്രങ്ങൾ.

## മലങ്കരസഭ

മാർ തോമാശ്ലീഹാ പശ്ചിമേഷ്യയിൽ നിന്ന് കപ്പലിൽ വന്നിറങ്ങിയത് കൊടുങ്ങല്ലൂരിനടുത്തുള്ള *മാല്യങ്കര* എന്ന സ്ഥലത്താണ്. ആദ്യം സുവിശേഷം പ്രസംഗിച്ചതും സഭ സ്ഥാപിച്ചതും അവിടെയാണ്. അക്കാരണത്താൽ ശ്ലീഹാ സ്ഥാപിച്ച സഭ "മലങ്കരസഭ" എന്ന് അറിയപ്പെടുന്നു. 'മലങ്കര' എന്ന പദത്തിന് "മലകളുടെ കര", എന്നും ചിലർ അർത്ഥം പറഞ്ഞുകാണുന്നു. മാർ തോമാശ്ലീഹായുടെ കാലം മുതൽ ഇവിടുത്തെ ശ്ലൈഹികസഭ അറിയപ്പെട്ടിരുന്നത് *മലങ്കര സഭ* എന്നായിരുന്നു. മറ്റു പേരുകളെല്ലാം പിന്നീട് ഉണ്ടായിട്ടുള്ളതാണ്. ക്രിസ്ത്യാനികളെ *"മലങ്കര നസ്രാണികൾ"* "മാർത്തോമാ നസ്രാണികൾ"എന്നൊക്കെ വിളിച്ചിരുന്നു. മലങ്കരസഭ സെമിറ്റിക്കായിരിക്കാനാണിട. ശ്ലീഹാ സഭ സ്ഥാപിച്ചിടങ്ങളിലെല്ലാം യഹൂദ കോളനികളുണ്ടായിരുന്നു. യഹൂദരിൽ നിന്നാണ് ആദ്യമാനസാന്തരങ്ങൾ. അക്കാലത്ത് തെക്കേ ഇൻഡ്യയിൽ ഉണ്ടായിരുന്ന ദ്രാവിഡരും ക്രിസ്ത്യാനികളായി. അങ്ങനെ, ഇവിടുത്തെ ക്രൈസ്തവസമൂഹം ഒരു സങ്കരസമൂഹ മായിരുന്നു. താൻ സ്ഥാപിച്ച

www.malankaralibrary.com



സഭകൾക്ക് ശ്ലീഹാ ആരാധനാരീതി ഏർപ്പെടുത്തി; ആരാധനാലയങ്ങളിൽ ആളുകളെ ഒന്നിച്ചുകൂട്ടി. നമ്മുടെ കർത്താവ് അന്ത്യത്താഴവേളയിൽ സെഹിയോൻ മാളികയിൽ വച്ച് കുർബാന സ്ഥാപിച്ചതു കണ്ട മാർ തോമാശ്ലീഹാ മറ്റു ശ്ലീഹന്മാരെപ്പോലെ (1 കൊറി 11:23-26) ഇവിടെ കുർബാന നടപ്പാക്കി. ജനങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. ക്രൈസ്തവരാധന യിലേക്ക് അവരെ ആനയിച്ചു.

## മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം

കേരളത്തിൽ നിന്ന് ശ്ലീഹാ ചോഴമണ്ഡലത്തിലേയ്ക്ക് പോയി. മൈലാപ്പൂരിലെ ചിന്നമലയായിരുന്നു പ്രവർത്തനകേന്ദ്രം. മൈലാപ്പൂർ രാജാവും അനുജനും ക്രിസ്തുവിൽ വിശ്വസിച്ച് മാമോദീസാ സ്വീകരിച്ചു. മൈലാപ്പൂരിൽ അനേകരെ മാനസാന്തരപ്പെടുത്തി. എന്നാൽ അവിടെയുണ്ടായിരുന്ന ചിലർക്ക് പുതിയ മതത്തിൻെറ പ്രചാരകനായ ശ്ലീഹായോട് വിദ്വേഷം തോന്നുകയും പ്രാർത്ഥനാ നിരതനായിരിക്കുമ്പോൾ അദ്ദേഹത്തെ ശൂലം എറിഞ്ഞു കൊല്ലുകയും ചെയ്തു. അങ്ങനെ രക്തം ചിന്തി തൻെറ സാക്ഷ്യം ഉറപ്പിച്ചിട്ട് വിശുദ്ധ ശ്ലീഹാ ഈ ലോകത്തിൽ നിന്നു കടന്നുപോയി. ശിഷ്യന്മാർ ശ്ലീഹായുടെ ശരീരം മൈലാപ്പൂരിൽ സംസ്കരിച്ചു. അതിനുമുകളിൽ പിൽകാലത്ത് ഒരു വലിയ ദേവാലയം ഉയർന്നുവന്നു. മൈലാപ്പൂർ കത്തീഡ്രലിലാണ് ഇപ്പോൾ മാർ തോമാശ്ലീഹായുടെ കല്ലറ.

## തിരുശേഷിപ്പ്

മൂന്നാം നൂറ്റാണ്ടിൽ മാർ തോമായുടെ തിരുശേഷിപ്പിൻെറ പ്രധാനഭാഗം മൈലാപ്പൂരിൽ നിന്ന് മെസൊപ്പൊട്ടേമിയായിലെ എഡേസ്സാ (ഉറഹാ)യിലേയ്ക്ക് മാറ്റപ്പെട്ടു. ഇപ്രകാരം മാറ്റുവാനുള്ള സാഹചര്യം വ്യക്തമല്ല. ഏതോ കാരണത്താൽ മൈലാപ്പൂരിലെ ക്രിസ്ത്യാനികളുടെ സംഖ്യ കാലക്രമത്തിൽ കുറഞ്ഞതായി നാം കാണുന്നുണ്ട്. പശ്ചിമേഷ്യയിൽ മുഹമ്മദീയാക്രമണം ശക്തിപ്പെട്ടപ്പോൾ 1143 -ൽ തിരുശേഷിപ്പ് ഏഷ്യാ മൈനറിൻെറ പടിഞ്ഞാറേ തീരത്തുള്ള കിയോസ് ദ്വീപിലേക്കു മാറ്റപ്പെടുകയുണ്ടായി. അവിടെ മാർ തോമാശ്ലീഹായുടെ നാമത്തിലുള്ള കത്തീഡ്രൽ ദേവാലയത്തിൻെറ പ്രധാന ബലിപീഠത്തിൻെറ അടിയിൽ തിരുശേഷിപ്പ് സൂക്ഷിച്ചുവച്ചിട്ടുണ്ട്. 1953-ൽ കേരളത്തിലെത്തിയ പൗരസ്ത്യ തിരുസംഘം സെക്രട്ടറി അത്യുന്നത കർദിനാൾ തിസറാങ്ങ് തിരുമേനി തിരുശേഷിപ്പിൻെറ ഒരു ഭാഗം കേരളത്തിൽ കൊണ്ടുവന്നു. മാർ

www.malankaralibrary.com



തോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ അഴിക്കോട് സെന്റ് തോമസ് ദേവാലയത്തിൽ അതു പ്രതിഷ്ഠിച്ചു. കേരളത്തിലെ ക്രിസ്ത്യാനികൾ മാർ തോമാശ്ലീഹയുടെ ഓർമ്മ (ദുക്റാനാ) ജൂലൈ മൂന്നിനാണ് കൊണ്ടാടുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം (1962-5) ലോകം മുഴുവനുമുള്ള കത്തോലിക്കർ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രീതി അനുസരിച്ച് ജൂലൈ മൂന്നിനാണ് ഓർമ്മ കൊണ്ടാടുന്നത്. ഇറ്റലിയിലെ ഓർത്തോണായിലേക്ക് മാറ്റിയ ഡിസംബർ 21-നായിരുന്നു പാശ്ചാത്യസഭ മാർ തോമാശ്ലീഹായെ അനുസ്മരിച്ചിരുന്നത്.

www.malankaralibrary.com

അധ്യായം 2

# മാർ തോമാ ഭാരതത്തിന്റെ അപ്പസ്തോലൻ

## ചില ചരിത്രത്തെളിവുകൾ

**ആമുഖം**

മാർ തോമാശ്ലീഹാ ഭാരതത്തിൻെറ അപ്പസ്തോലനായി അറിയപ്പെടുന്നു. ഇന്ന് ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്ന സംഗതിയാണിത്. മാർ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെ സംബന്ധിച്ച് നിരവധി തെളിവുകൾ നൽകാനാവും. മാർ തോമാശ്ലീഹാ കൊടുങ്ങല്ലൂർ വന്ന് മലങ്കരസഭയ്ക്ക് ആരംഭമിട്ടു.

**മലങ്കരയിലെ സജീവ പാരമ്പര്യം**

'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പേരിൽ ഇവിടെ ഒരു സജീവ ക്രൈസ്തവസമൂഹം ഇപ്പോഴും നിലനിൽക്കുന്നു. മാർ തോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ, സ്ഥാപിച്ച പള്ളികൾ അഥവാ ക്രൈസ്തവ കേന്ദ്രങ്ങൾ, പ്രാർത്ഥിച്ച മാലകൾ, രക്തസാക്ഷി മരണം വരിച്ച സ്ഥലം, കബറിടം എന്നിവ ഇന്നും തെക്കേ ഇൻഡ്യയിൽ പ്രത്യക്ഷ സാക്ഷ്യങ്ങളായി നിലകൊള്ളുന്നു. മാർ തോമാശ്ലീഹായുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ ചുറ്റിപ്പറ്റി നിരവധി ഐതിഹ്യങ്ങൾ ഭാരതത്തിലുണ്ട്. ശ്ലീഹാ കൈവയ്പു നൽകി വൈദിക സ്ഥാനത്തേക്കുയർത്തിയ കുടുംബങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. മലങ്കരസഭ മാർ തോമാശ്ലീഹായുടെ ദുക്റാനാ (ഓർമ്മദിനം) ജൂലൈ മൂന്നിനാണ് ആഘോഷിക്കുന്നത്. ദുക്റാനാചരണം മലങ്കരയിലെ വളരെ പുരാതനമായ പാരമ്പര്യമാണ്. ദുക്റാനാചരണം മലങ്കരസഭയിൽ എട്ടു ദിവസം നീണ്ടുനിന്നു. ഇത് മറ്റൊരു സഭയിലും ഇല്ലാതിരുന്ന രീതിയത്രേ. ദുക്റാനാ തിരുനാളിന് മാർത്തോമ്മാ ക്രിസ്ത്യാനികൾ വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. പുറത്തുനിന്നുവന്ന സഭാനേതാക്കന്മാരുടെ സ്വാധീനത്താലല്ല മലങ്കരസഭ ഇപ്രകാരം ചെയ്തത്.

www.malankaralibrary.com



ഈ സജീവ പാരമ്പര്യം വാമൊഴിയായി നൂറ്റാണ്ടുകളായി പാട്ടുകളുടെ രൂപത്തിൽ മലങ്കരസഭയിൽ പ്രചരിച്ചിരുന്നു. അഥവാ, അവ ലിഖിതരൂപത്തിലായത് പിൽക്കാലത്താണെങ്കിലും അവയുടെ പുരാതനത്വം നിഷേധിക്കേണ്ട കാര്യമില്ല തോമാപർവം (റമ്പാൻ പാട്ട്), മാർഗ്ഗം കളിപ്പാട്ട്, വീരടിയാൻ പാട്ട് (പാണപ്പാട്ട്) എന്നിവ മാർ തോമാശ്ലീഹായുടെ ചരിത്രത്തോട് ബന്ധപ്പെട്ട പുരാതന പാട്ടുകളാണ്. ആഘോഷാവസരങ്ങളിൽ മലങ്കര നസ്രാണികൾ ഈ ഗാനങ്ങൾ ആലപിച്ചിരുന്നു. മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിത വേലയെപ്പറ്റി ഈ പാട്ടുകൾ വ്യക്തമായി വിവരിക്കുന്നു.

## സഭാപിതാക്കൻമാരുടെ സാക്ഷ്യം

ക്രൈസ്തവസഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന അനേകം പിതാക്കന്മാർ, മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷവേല, രക്തസാക്ഷിമരണം, കല്ലറ ആദിയായവയെപ്പറ്റി സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ട്. മാർ അപ്രേം (+ 373),വി. ഗ്രിഗ്രറി നസ്യാൻസൻ (+390), വി. അംബ്രോസ് (+ 397), വി. ജോൺ ക്രിസോസ്തോം (+ 407), ഗൗദെൻസ്യൂസ് (5-ാം നൂറ്റാണ്ട്), വി.ജറോം (+420), നോളായിലെ പൗളീനൂസ് (+431), ടൂർസിലെ വി.ഗ്രിഗറി (+ 594), വി. ഇസിദോർ (+ 636), വാഴ്ത്തപ്പെട്ട ബീഡ് ആദിയായ പുരാതന ക്രൈസ്തവ പിതാക്കന്മാർ മാർ തോമാശ്ലീഹായെ ഇൻഡ്യയുമായി ബന്ധപ്പെടുത്തി പ്രേഷിതവേലയെപ്പറ്റി ചർച്ച ചെയ്യുന്നു.

മാർ അപ്രേം പറയുന്നു: "വലിയ ഗോളത്തിൽ നിന്നു രശ്മിപോലെ പുറപ്പെടുന്നവനേ, നീ ഭാഗ്യവാൻ. നിൻെറ അനുഗൃഹീതാഗമനമാകുന്ന പ്രഭാതം ഇൻഡ്യയുടെ അന്ധകാരത്തെ മാറ്റുന്നു. പന്ത്രണ്ടുപേരിൽ ഒരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ നിറഞ്ഞവനായി, ഇൻഡ്യയുടെ ഇരുട്ടു നിറഞ്ഞ നിശയെ ദീപം കൊണ്ടു നീ നിറയ്ക്കുന്നു. തന്റെ ഏകജാതനു വിവാഹം ചെയ്തുകൊടുക്കുവാൻ മഹാരാജാവ് ഇൻഡ്യയിലേക്കയച്ചതിനാൽ നീ ഭാഗ്യവാനാകുന്നു. നീ കറുത്തവധുവിനെ മഞ്ഞിനേക്കാളും വെളുത്ത വസ്ത്രത്തേക്കാളും പ്രശോഭിതയാക്കി. ഈ മുത്തു സ്വന്തമാക്കിയ വാഴ്ത്തപ്പെട്ട നഗരമേ, നീ ഭാഗ്യവതിയാകുന്നു. ഇതിനേക്കാൾ മഹത്തരമായ ഒന്നു നൽകുവാൻ ഇൻഡ്യയ്ക്കില്ല."

www.malankaralibrary.com



വി. ജോൺ ക്രിസോസ്തോം "ശ്ലീഹന്മാരിൽ മിക്കവരുടേയും കല്ലറകൾ എവിടെയാണെന്ന് നമുക്കറിയില്ല. എന്നാൽ പത്രോസ്, പൗലോസ്, യോഹന്നാൻ, തോമസ് എന്നിവരുടെ കല്ലറകൾ സുപ്രസിദ്ധമാണ്"

## പ്രാചീന രേഖകൾ

ആദായിയുടെ പ്രബോധനം (3-ാം നൂറ്റാണ്ട്), തോമായുടെ നടപടി (3-ാം നൂറ്റാണ്ട്), തോമായുടെ രക്തസാക്ഷിത്വ വിവരണം (6-ാം നൂറ്റാണ്ട്) എന്നീ പ്രാചീനരേഖകളും മാർതോമായുടെ ഭാരതത്തിലെ പ്രേഷിതവേലയ്ക്കു സാക്ഷ്യം നല്കുന്നു.

"ഇൻഡ്യയും അതിലെ രാജ്യങ്ങളും അതിൽ വസിക്കുന്ന എല്ലാവരും, വിദൂരസ്ഥമായ കടൽക്കരയുള്ളവർപോലും യുദാതോമായിൽ നിന്ന് കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു" എന്ന് ആദായിയുടെ പ്രബോധനത്തിൽ കാണാം.

## വിവിധ സഭകളുടെ പാരമ്പര്യം

കിഴക്കും പടിഞ്ഞാറുമുള്ള വിവിധ ക്രൈസ്തവ സഭകളുടെ പാരമ്പര്യങ്ങൾ മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ സുവിശേഷ പ്രവർത്തനത്തിനു സാക്ഷ്യം നൽകുന്നു. പൗരസ്ത്യസുറിയാനി, അന്ത്യോക്യൻ, ലത്തീൻ, ബിസന്റയിൻ, എത്യോപ്യൻ സഭകളുടെ പാരമ്പര്യങ്ങൾ വളരെ സ്പഷ്ടമായി മാർതോമാശ്ലീഹായുടെ പ്രേഷിതരംഗമായി ഇൻഡ്യയെ പരിഗണിക്കുന്നു.

പൗരസ്ത്യസുറിയാനി ക്രമം. "ഹാ തോമായേ, ഇൻഡ്യാക്കാർ നിന്റെ ഉപദേശം വഴി ജീവന്റെ പരിമളം ശ്വസിച്ചു. മിശിഹാ റോമായുടെ പ്രധാനാചാര്യനായി പത്രോസിനെ അഭിഷേകം ചെയ്തു. അതുപോലെ തോമായേ, ഇൻഡ്യാക്കാരുടെ ഇടയിൽ താദൃശമായ ബഹുമാനം അങ്ങ് പ്രാപിച്ചിരിക്കുന്നു."

അന്ത്യോക്യൻ സുറിയാനിക്രമം : "സൂര്യൻ ലോകത്തെ പ്രകാശിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ തോമാശ്ലീഹാ തന്റെ അപരിമേയമായ അനുഗ്രഹങ്ങൾകൊണ്ട് അജ്ഞാന തിമിരത്താൽ ആവൃതമായിരുന്ന ഇൻഡ്യയെ പ്രകാശിപ്പിക്കുകയും ആനന്ദിപ്പിക്കുകയം ചെയ്യുന്നു". മാർത്തോമ്മാശ്ലീഹാ പൗരസ്ത്യദേശത്ത് വന്നു എന്ന് അന്ത്യോക്യൻ-മലങ്കര

www.malankaralibrary.com



ആരാധനക്രമത്തിൽ കാണാം. "പൗരസ്ത്യർ നാട്ടിൽ തോമശ്ലീഹായും" (വെള്ളി സന്ധ്യ, മെനഓലം, ശ്ഹീമോ നമസ്ക്കാരം 1992, പേ. 196-197).

## കബറിട സന്ദർശനങ്ങൾ

മാർ തോമാശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന മൈലാപ്പൂരിലേയ്ക്ക് മലങ്കരസഭാംഗങ്ങൾ നിരന്തരമായി തീർത്ഥാടനം നടത്തിയിരുന്നു. ഭാരതത്തിനു പുറമേനിന്നുള്ള സഞ്ചാരികളും തീർത്ഥാടകരും മൈലാപ്പൂർ സന്ദർശിച്ചിട്ടുണ്ട്, എന്നാൽ ആദിമ നൂറ്റാണ്ടുകളെ സംബന്ധിച്ച് നമുക്കു രേഖകളില്ല. പതിനേഴാം നൂറ്റാണ്ടിനു മുൻപ് ജീവിച്ചിരുന്ന ഒട്ടനേകം ചരിത്രകാരന്മാരും തീർത്ഥയാത്രക്കാരും മിഷനറിമാരും മാർതോമാശ്ലീഹായുടെ കബറിടം മൈലാപ്പൂരിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാർക്കോപോളോ (13-ാം നൂറ്റാണ്ട്), മോന്തേ കൊർവീനോ (13-ാം നൂറ്റാണ്ട്), ഒഡെറിക് (14-ാംനൂ), ആമ്ര് (14-ാംനൂ), മരിഞ്ഞോളി (14-ാംനൂ), നിക്കൊളോ കോന്തി (15-ാം നൂറ്റാണ്ട്) ആദിയായാവരും മൈലാപ്പൂർ പള്ളിയിലെ കബറിടത്തെപ്പറ്റി സുചിപ്പിക്കുന്നു. പോർട്ടുഗീസുകാർ മൈലാപ്പൂരിൽ ഒരു വലിയ ദേവാലയത്തിൻെറ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. മാർ തോമാശ്ലീഹായുടെ കല്ലറയ്ക്കുപയോഗിച്ച ഇഷ്ടിക ഒന്നാം നൂറ്റാണ്ടിലേതാണെന്ന് മൈലാപ്പൂരിൽ നടന്ന ഗവേഷണങ്ങളുടെ ഫലമായി തെളിഞ്ഞിട്ടുണ്ട്. കലാമിനാ, കാലിമായ, മൈലുഫ്, മൈലാൻ, കലമേന എന്നീ പേരുകളിലും മൈലാപ്പൂർ അറിയപ്പെട്ടിരുന്നു.

## ചരിത്ര പണ്ഡിതൻമാരുടെ പ്രസ്താവനകൾ

മാർ തോമാശ്ലീഹായെ സംബന്ധിച്ചുള്ള ചരിത്രപരമായ തെളിവുകൾ പരിശോധിച്ച പ്രശസ്തരായ പണ്ഡിതന്മാരെല്ലാം മാർ തോമായുടെ ഭാരതത്തിലെ പ്രേഷിതവൃത്തിയും മരണവും അംഗീകരിക്കുന്നവരാണ്.

www.malankaralibrary.com

അധ്യായം 3

# മലങ്കരസഭ - പതിനാറാം നൂറ്റാണ്ടുവരെ

### ആമുഖം

മലങ്കരസഭയുടെ ആദ്യകാലഘട്ടങ്ങളെ സംബന്ധിച്ച് എഴുതപ്പെട്ട രേഖകൾ വളരെ വിരളമായേ നമുക്കു കൈവന്നിട്ടുള്ളു. ചരിത്രരേഖകളുടെ അഭാവത്തിൽ ആദ്യകാലചരിത്രത്തെ "ഇരുളടഞ്ഞ കാലം" എന്നു ചിലർ വിളിക്കുന്നു. ഇന്നുള്ള രേഖകൾ വച്ചുകൊണ്ട് സുവ്യക്തമായ ചിത്രം വരയ്ക്കാൻ എളുപ്പമല്ല.

### പേർഷ്യൻ ബന്ധം

മലങ്കരസഭ ആദ്യകാലങ്ങളിൽ പശ്ചിമേഷ്യയിലെ പേർഷ്യൻ (പൗരസ്ത്യസുറിയാനി) സഭയുമായി ബന്ധപ്പെട്ടിരുന്നുവെന്നു പിൽക്കാലരേഖകൾ സാക്ഷിക്കുന്നു. പേർഷ്യൻസഭയുമായി മലങ്കരസഭ ബന്ധപ്പെടുന്നത് എന്നു മുതലാണെന്ന് കൃത്യമായി പറയുക എളുപ്പമല്ല. പേർഷ്യൻ സഭയുമായുള്ള ബന്ധം മാർ തോമാശ്ലീഹാ മുതലുള്ള ബന്ധമായി കാണുന്നവരുണ്ട്. പേർഷ്യയിലെയും മലങ്കരയിലെയും സഭകൾ പൊതു പിതാവായി കാണുന്നത് മാർതോമാശ്ലീഹായെയാണ്. പേർഷ്യൻ സാമ്രാജ്യത്തിന്റെ പല സ്ഥലങ്ങളിലെയും സഭകൾ മാർ തോമശ്ലീഹായാൽ സ്ഥാപിതമെന്ന് അവകാശപ്പെടുന്നു. മാർതോമാശ്ലീഹായുടെ മാതൃഭാഷയായ സുറിയാനി ഈ സഭകളെ ഒന്നിപ്പിക്കുന്ന ഒരു ഘടകവുമായിരുന്നു. അന്ന് പൗരസ്ത്യദേശങ്ങളിലുടനീളം വ്യാപാരഭാഷ സുറിയാനിയായിരുന്നു. പാശ്ചാത്യലോകത്ത് ഗ്രീക്കിനും ലത്തീനും ഉണ്ടായിരുന്ന സ്ഥാനം പൗരസ്ത്യദേശത്ത് സുറിയാനിഭാഷയ്ക്ക് ലഭിച്ചിരുന്നു. യുഫ്രട്ടീസ്-ടൈഗ്രീസ് നദീതടങ്ങളിലെ ആദ്യക്രൈസ്തവർ മിക്കവരും സെമിറ്റിക് വംശജരും സുറിയാനി (അറമായ) സംസാരിക്കുന്നവരുമായിരുന്നു. ഭാരതത്തിലെത്തിയ മാർതോമാശ്ലീഹായും ഇവിടെയുണ്ടായിരുന്ന യുദന്മാരോട് സുറിയാനി ഭാഷയിലായിരിക്കണം

www.malankaralibrary.com



ആദ്യം സുവിശേഷം അറിയിച്ചത്. മാനസാന്തരപ്പെട്ട യുദന്മാർവഴി യുദന്മാർ അല്ലാത്തവരോടും സുവിശേഷപ്രസംഗം നടത്തി. ശ്ലീഹന്മാർ എല്ലായിടത്തും പ്രസംഗിച്ച രീതി പരിഗണിക്കുമ്പോൾ ഈ നിഗമനം ശരിയാണെന്നു തോന്നുന്നു. ശ്ലീഹന്മാർക്ക് ഭാഷാവരവും സിദ്ധിച്ചിരുന്നു.

ആദ്യകാലത്ത് മലങ്കരസഭയുടെ ബന്ധം പേർഷ്യൻ ഉൾക്കടലിനടുത്തുള്ള ഫാർസ് സഭയുമായിട്ടായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിൻെറ തലസ്ഥാനമായിരുന്ന സെലുഷ്യാ-സ്റ്റെസിഫണിലെ സഭ നാലാം നൂറ്റാണ്ടോടുകൂടി പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളുടെമേൽ അധികാരം പ്രയോഗിക്കാൻ തുടങ്ങി. എന്നാൽ എന്നു മുതലാണ് മലങ്കരസഭ, മേല്പറഞ്ഞ സെലൂഷ്യൻ (പേർഷ്യൻ) സഭയുടെ കീഴിൽ വന്നത് എന്നു കൃത്യമായി പറയാൻ സാധ്യമല്ല. ഭരണരീത്യാ, ഏഴാം നൂറ്റാണ്ടു വരെ മാർതോമാശ്ലീഹായുടെ പിൻഗാമികളായ നാട്ടുമെത്രാന്മാർ ഇവിടെ ഉണ്ടായിരിക്കാനാണിട. മാർ തോമാശ്ലീഹാ ഇന്നാട്ടുകാരായ രണ്ടു മെത്രാന്മാരെയും (എപ്പിസ്കോപ്പാമാരെയും) ഏഴു കേന്ദ്രങ്ങൾക്കായി വൈദികരെയും (പ്രെസ്ബിറ്റർമാരെയും) വാഴിച്ചു എന്നാണ് പുരാതനപാരമ്പര്യം. ഈ നേതാക്കന്മാരുടെ പിന്തുടർച്ചക്കാർ ഇവിടുത്തെ ക്രൈസ്തവ സമൂഹങ്ങൾക്കു നേതൃത്വം നൽകി.

നിഖ്യാ സുനഹദോസിൽ 'പേർഷ്യയുടെയും വലിയ ഇൻഡ്യയുടെയും യോഹന്നാൻ' സംബന്ധിച്ചുവെന്ന് സിസിക്കുസിലെ ജലാസിയുസിൽ (അഞ്ചാം നൂറ്റാണ്ട്) ഒരു സാക്ഷ്യം ഉണ്ട്. നിഖ്യാസുനഹദോസിനുശേഷം (325) ജലാസിയുസ് (അഞ്ചാം നൂറ്റാണ്ട്) മാത്രമാണ് യോഹന്നാനെ ഇൻഡ്യയുമായി ബന്ധിക്കുന്നത്. നിഖ്യായിൽ സംബന്ധിച്ചവരുടെ പട്ടികയിലാകട്ടെ, തുടർന്നു സഭാ ചരിത്രം എഴുതിയവരാകട്ടെ ഇപ്രകാരം ചെയ്യുന്നില്ല. സൊക്രട്ടെസ്, സൊസൊമെൻ, തിയഡൊറെറ്റ് തുടങ്ങിയ സഭാചരിത്രകാരന്മാരും ജലാസിയുസ് നൽകുന്ന സൂചന നൽകുന്നില്ല. അതുകൊണ്ട് ജലാസിയുസിൻെറ പിൽക്കാല സാക്ഷ്യം സംശയാതീതമല്ല.

ഏഴുമുതലുള്ള നൂറ്റാണ്ടുകളിൽ പേർഷ്യൻ മെത്രാന്മാർ ഭാരത സഭയെപ്പറ്റി അവിടവിടെ പരാമർശിക്കുന്നുണ്ട്. ഈശോയാബ് III (650-60), സ്ലീബാസേക്കാ (714-28), തിമോത്തി (778-823), തിയഡോഷ്യസ് (853-8) എന്നീ പാത്രിയർക്കീസുമാർ ഇൻഡ്യയിലെ സഭയെപ്പറ്റി സൂചനകൾ നൽകുന്നുണ്ട്.

www.malankaralibrary.com



ഇൻഡ്യൻസഭയിൽ മെത്രാന്മാരില്ലാത്ത ഒരു സാഹചര്യം ഈശോയാബ് വിവരിക്കുന്നു. അതിനു കാരണക്കാരൻ ഫാർസിലെ മെത്രാനാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു. തിമോത്തി ഇൻഡ്യയിലെ സഭയ്ക്ക് അയച്ച കത്തിൽ ഇവിടുത്തെ മെത്രാഭിഷേക രീതി സൂചിപ്പിക്കുന്നു. മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പിൻെറയും അഭിഷേകത്തിൻെറയും കാര്യത്തിൽ ജനങ്ങൾ രാജാവിൻെറ ഉപദേശമല്ല, പാത്രിയർക്കീസിൻെറ ഉപദേശമാണ് ശ്രദ്ധിക്കേണ്ടത് എന്ന് അദ്ദേഹം പറയുന്നു. പാത്രിയർക്കീസിൻെറ അംഗീകാരത്തിനുശേഷം മാത്രമെ മെത്രാപ്പോലീത്തായുടെ നിയമനക്കാര്യം രാജാവിനെ അറിയിക്കേണ്ടതുള്ളു എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

പാശ്ചാത്യലോകത്തുനിന്നുവന്ന പോർട്ടുഗീസുകാർ ഇവിടെ കണ്ടത് പേർഷ്യയിൽനിന്നുള്ള മെത്രാന്മാരെയായിരുന്നു എന്ന് അവരുടെ രേഖകൾ വ്യക്തമാക്കുന്നു. 1301-ൽ ഒരു യാക്കോബ് എപ്പിസ്കോപ്പ (മെത്രാൻ) ഇവിടെ ഉണ്ടായിരുന്നു. 1490-ൽ ഒരു മാർ യോഹന്നാനും മാർ തോമായും ഒന്നിച്ച് പശ്ചിമേഷ്യയിൽ നിന്ന് ഇവിടെ വന്നു 1504-ൽ ഒരു മാർ യാക്കോബ് ഉൾപ്പെടെ മറ്റ് മൂന്നു മെത്രാന്മാർകൂടി വന്നു. മാർതോമായും മാർ യാക്കോബും കൊല്ലവും കൊടുങ്ങല്ലൂരും ആസ്ഥാനമാക്കി ഭരിച്ചു. മാർ യാക്കോബ് 1550 ലോ 1552ലോ മരിച്ചു. തുടർന്ന് മാർ ജോസഫ് (1556-69) എന്ന പേർഷ്യൻ മെത്രാൻ മലങ്കര സഭാധ്യക്ഷനായി. 1558-ൽ മാർ അബ്രഹാം എന്ന പശ്ചിമേഷ്യൻ മെത്രാൻ വന്നുചേർന്നു. മാർ ജോസഫ് 1569-ൽ റോമിൽ വച്ചും മാർ അബ്രഹാം 1597-ൽ മലങ്കരയിൽവച്ചും മരിച്ചു. അതോടുകൂടി മലങ്കരസഭയ്ക്ക് പേർഷ്യൻ സഭയോടുള്ള ഹയരാർക്കിക്കൽ ബന്ധം അവസാനിച്ചു എന്നു പറയാം.

പേർഷ്യയിൽ നിന്നുള്ള പൗരസ്ത്യ സുറിയാനി മെത്രാന്മാർ ഇവിടെ വരാൻ തുടങ്ങിയത് എന്നു മുതലാണ് എന്നു ഖണ്ഡിതമായി പറയാൻ സാധ്യമല്ല. മാർ തോമാശ്ലീഹായുടെ കാലം മുതൽ ഇടതടവില്ലാതെ, പേർഷ്യയിൽ നിന്ന് പൗര്യസ്ത്യസഭാ മെത്രാന്മാർ മലങ്കരയിൽ വന്നു എന്നും തെളിയിക്കപ്പെട്ടിട്ടില്ല. നാട്ടുകാരാരും മെത്രാന്മാരായില്ല എന്ന് അനുമാനിക്കാനും പാടില്ല. മെത്രാന്മാർ ആധ്യാത്മികാചാര്യന്മാരായിരുന്നു. സഭയിലെ ലൗകികഭരണം നടത്തിയിരുന്നത് ആർച്ചുഡീക്കൻ (അർക്കദിയാക്കോൻ-അർക്കൻ) എന്നറിയപ്പെടുന്ന വൈദികസ്ഥാനി ആയിരുന്നു.

www.malankaralibrary.com



## ചില സന്ദർശകർ

മറ്റു സഭകളിൽപ്പെട്ട ചില നേതാക്കൻമാർ മലങ്കരസഭ സന്ദർശിച്ചതായി രേഖകളുണ്ട്. അക്കൂട്ടത്തിൽ പെട്ടവരാണ് പന്തേനൂസ് (190), ബസ്രായിലെ ദാവീദ് (295), തെയോഫിലസ് (354), കോസ്മോസ് (6-ാം നൂറ്റാണ്ട്), ബോധ് (6-ാം നൂറ്റാണ്ട്). അലക്സാണ്ട്രിയായിലെ ദൈവശാസ്ത്രകലാലയം സ്ഥാപിച്ച പന്തേനൂസ് ഇന്ത്യയിൽ വന്നെന്നും ക്രിസ്ത്യാനികളുടെ പക്കൽ മത്തായിയുടെ സുവിശേഷം കണ്ടെന്നും എവുസേബിയസ് (+339) സൂക്ഷിക്കുന്നു. ഇതിനെ ആധാരമാക്കി വി.ജറോമും (+420) ഇതിനു സാക്ഷ്യം നൽകുന്നു. പന്തേനൂസ് കേരളത്തിലാണ് വന്നതെന്ന് അസന്നിഗ്ദ്ധമായി പറയാൻ സാദ്ധ്യമല്ല. ദക്ഷിണേന്ത്യയോ വടക്കുപടിഞ്ഞാറൻ ഇന്ത്യയോ ആയിക്കൂടെന്നില്ല. കോസ്മോസ് തെക്കേ ഇന്ത്യ സന്ദർശിച്ച് "സാർവത്രികക്രൈസ്തവ സ്ഥലവിവരങ്ങൾ" എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. അതിൽ "കുരുമുളകുവിളയുന്ന 'മലേ' എന്ന സ്ഥലത്തുള്ള" സഭയെപ്പറ്റി പരാമർശിക്കുന്നു. മലനാട് അഥവാ മലങ്കര എന്നതിന്റെ ഒരു രൂപമാണ് 'മലേ' എന്നാണ് പണ്ഡിതമതം. പുരാതനകാലത്ത് കുരുമുളക് വിളയുന്ന സ്ഥലം കേരളം മാത്രമായിരുന്നല്ലോ. ദാനിയേൽ എന്ന ഒരിന്ത്യക്കാരൻ ഗ്രീക്കു ബൈബിൾ സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യാൻ മാർ കുമി എന്ന പേർഷ്യാക്കാരനായ വിവർത്തകനെ സഹായിച്ചു. മേർവിലെ ഈശോദാദിന്റെ (9-ാം നൂറ്റാണ്ട്) റോമാലേഖന ഭാഷ്യത്തിലാണ് ഈ പരാമർശം. 'ഇന്ത്യാക്കാരൻ' എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന് അയാൾ കേരളീയനായിരുന്നു എന്ന് അസന്നിഗ്ദ്ധമായി അനുമാനിക്കാൻ സാധ്യമല്ല.

## ചില കുടിയേറ്റങ്ങൾ

കേരളത്തിലേക്ക് കാലാകാലങ്ങളിൽ മറ്റിടങ്ങളിൽ നിന്നുള്ള ക്രൈസ്തവകുടിയേറ്റം ഉണ്ടായി. അവയിൽ പ്രധാനപ്പെട്ടത് മൂന്നു കുടിയേറ്റങ്ങളാണ്. (1) *കൊല്ലത്തെ കുടിയേറ്റം:* ഭാരതത്തിന്റെ കിഴക്കൻ കടൽതീരത്തുനിന്ന് മൂന്നാം നൂറ്റാണ്ടിൽ കൊല്ലത്തേയ്ക്ക് ഒരു കുടിയേറ്റം ഉണ്ടായി. 293-ൽ കിഴക്കൻ തീരത്തുണ്ടായ മതപീഡനമാണ് കുടിയേറ്റത്തിനു കാരണം. കാവേരിപ്പൂപട്ടണത്തിൽ നിന്ന് 72 കുടുംബങ്ങൾ കൊല്ലത്തു കുടിയേറി. കൊല്ലത്തും കായംകുളത്തും ഉള്ള 'മണിഗ്രാമക്കാർ' എന്ന കച്ചവട സംഘത്തിൽപെട്ടവർ ഇപ്രകാരം കുടിയേറിയവരുടെ പിൻതലമുറക്കാരാണ് എന്ന ഒരൈതിഹ്യം ഉണ്ട്. (2) *ക്നായിത്തൊമ്മന്റെ കുടിയേറ്റം* (9-ാം നൂറ്റാണ്ട്): കേരളത്തിലേക്ക് പശ്ചിമേഷ്യയിൽ നിന്ന് പല

www.malankaralibrary.com



കുടിയേറ്റങ്ങളും ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ക്നായിത്തൊമ്മൻ എന്ന പേരിൽ അറിയപ്പെടുന്ന കച്ചവടപ്രമാണിയുടെ നേതൃത്വത്തിലുള്ള കുടിയേറ്റം. കുടിയേറിയ ഈ ക്രൈസ്തവർ കൊടുങ്ങല്ലൂർ മാല്യങ്കരയ്ക്കു തെക്കുഭാഗത്തു താമസിച്ചതിനാൽ ഇവർ 'തെക്കുംഭാഗർ' എന്നറിയപ്പെടുന്നു. ക്രി.വ. 345-ലാണ് ഈ കുടിയേറ്റം ഉണ്ടായതെന്നാണ് കേരളത്തിലെ തെക്കുംഭാഗ സമുദായത്തിന്റെ വിശ്വാസം. എന്നാൽ ഒമ്പതാം നൂറ്റാണ്ടിലാണ് കച്ചവടക്കാരനായ തോമസ് (ക്നാനായ) വന്നതെന്ന് ചിലർ കരുതുന്നു. ഈ കുടിയേറിയവരുടെ പിൻഗാമികളിൽ ഇന്ന് കത്തോലിക്കരും യാക്കോബായക്കാരുമായ ക്രിസ്ത്യാനികളുണ്ട്. ഇവർ രണ്ടു കൂട്ടരും തങ്ങളുടെ ഇടയിൽ നിന്നു മാത്രമേ വിവാഹബന്ധത്തിൽ ഏർപ്പെടാറുള്ളു. *(3) മാർ സാബാറീശോയുടെ കുടിയേറ്റം:* ഒൻപതാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് മാർ സാബാറീശോ (മാർ സാബോർ), മാർ പ്രോത്ത് എന്നിവരുടെ നേതൃത്വത്തിൽ വലിയൊരു കുടിയേറ്റമുണ്ടായി. മാർ സാബോർ കൊല്ലത്തും, പ്രോത്ത് ഉദയംപേരുരും താമസിച്ചു. ഇവരെ മലങ്കരസഭ വിശുദ്ധരായി പരിഗണിച്ച് ഇവരുടെ നാമത്തിൽ പല പള്ളികളും പണിയിച്ചു.

**ചെപ്പേടുകൾ**

സമൂഹത്തിൽ മലങ്കര നസ്രാണികൾ ഉന്നതസ്ഥാനീയരായിരുന്നു. അവർക്ക് ഇവിടുത്തെ ഭരണാധികാരികൾ കല്പിച്ച് അനുവദിച്ച സ്ഥാനങ്ങളാണ് ചെപ്പേടുകളിലുള്ളത്. ചെമ്പു പട്ടയങ്ങൾ (താമ്രശാസനങ്ങൾ) എന്ന് ഇവ അറിയപ്പെടുന്നു. ചെമ്പുതകിടുകളിൽ എഴുതപ്പെട്ടവയാകയാൽ ചെപ്പേടുകൾ എന്ന് ഇവ അറിയപ്പെടുന്നു. പ്രധാനമായി നാലു ചെപ്പേടുകളാണുള്ളത്. *(1) തരീസാപ്പള്ളി ചെപ്പേടുകൾ രണ്ടെണ്ണം:* കൊല്ലത്തെ തരീസാപ്പള്ളിക്ക് അവിടുത്തെ നാടുവാഴിയിൽ നിന്നു കിട്ടിയ അവകാശങ്ങളും ആനുകൂല്യങ്ങളുമാണ് ഇവയുടെ ഉള്ളടക്കം. ക്രി.വ. 849-ൽ വേണാട്ടുരാജാവായ അയ്യനടികൾ, സാബാറീശോയോടുകൂടി കുടിയേറിയ സുറിയാനിക്കാർക്ക് തരീസാ പള്ളിയുടെ നാമത്തിൽ നൽകിയതാണിവ. അന്നത്തെ ക്രൈസ്തവരെപ്പറ്റി ഏകദേശജ്ഞാനം ലഭിക്കാൻ ഇവ സഹായിക്കും. ക്രിസ്ത്യാനികൾക്ക് 72 പദവികൾ രാജാവ് കല്പിച്ചനുവദിക്കുകയുണ്ടായി. *(2) ഇരവികോർത്തൻ ചെപ്പേട്* (വീരരാഘവപട്ടയം) : വീരരാഘവ ചക്രവർത്തി, ഇരവികോർത്തൻ എന്ന വ്യാപാരിക്ക് മണിഗ്രാമപട്ടം നൽകുന്നതാണ് ഉള്ളടക്കം. വ്യാപാരി സംഘമായ മണിഗ്രാമത്തിൽ അംഗത്വം നൽകുന്നതാണിത്. കച്ചവട

www.malankaralibrary.com



സംബന്ധമായി ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടുള്ള ഈ രേഖ വളരെ പ്രധാനപ്പെട്ട ഒന്നാണ്. 13-14 നൂറ്റാണ്ടുകളിലെ ഭാഷയാണ് ഈ ചെപ്പേടിനുള്ളത്. (3) *ക്നായിത്തൊമ്മൻ ചെപ്പേട് :* ഇവിടുത്തെ പേർഷ്യൻ ബിഷപ്പായ മാർ യാക്കോബിൻെറ കൈവശം (+1552) ഈ ചെപ്പേടുണ്ടായിരുന്നു. അത് നഷ്ടപ്പെട്ടുപോയി. ഇതിൻെറ പോർട്ടുഗീസ് ഭാഷയിലുള്ള ഒരു പരിഭാഷ മാത്രം ഉണ്ട്. ക്നായിത്തൊമ്മന് ചില പദവികളും അവകാശങ്ങളും നൽകുന്ന താണിത്. ഒൻപതാം നൂറ്റാണ്ടിലേതാണിത് എന്ന് ചിലർ കരുതുന്നു.

## വില്ലാർവട്ടം നാടുവാഴികൾ

ഉദയംപേരൂർ കേന്ദ്രമാക്കി ഭരിച്ചിരുന്ന ഒരു ക്രിസ്തീയ നാട്ടുരാജ്യമായിരുന്നു വില്ലാർവട്ടം. 15-ാം നൂറ്റാണ്ടായപ്പോഴേക്കും ഈ രാജവംശം അന്യം നിന്നുപോയി. അവിഞ്ഞോണിൽ നിന്ന് (ഫ്രാൻസ്) ജോൺ 22-ാം മാർപ്പാപ്പാ (1316-34) കേരളത്തിലെ ക്രൈസ്തവ രാജാവിന് കത്തെഴുതുകയുണ്ടായി. അതുപോലെ എവുജീൻ നാലാമൻ പാപ്പായും 1439-ൽ ഒരു കത്ത് എഴുതിയിട്ടുണ്ട്. മലങ്കര നസ്രാണികൾ മതപരമായി മാത്രമല്ല രാഷ്ട്രീയമായും ഒരു വലിയ ശക്തിയായിരുന്നു എന്ന് ഇതു തെളിയിക്കുന്നു.

### ആരാധനക്രമം

ഇവിടുത്തെ പുരാതനമായ ആരാധനക്രമത്തെപ്പറ്റി വളരെ ഖണ്ഡിതമായി പറയാൻ സാധ്യമല്ല. രണ്ടു സാധ്യതകൾ ചൂണ്ടിക്കാണിക്കാം. ഒന്ന്, ശ്ലീഹന്മാർ സ്ഥാപിച്ച സഭകളിലെല്ലാം അവർ മൂപ്പന്മാരെ വാഴിക്കയും ആരാധനക്രമം നടപ്പാക്കുകയും ചെയ്തു. പ്രസ്തുത ആരാധനക്രമങ്ങൾ സുപ്രധാന കാര്യങ്ങളിൽ ഐകരൂപ്യം പുലർത്തുന്നുണ്ട്. അതുപോലെയൊന്ന് കേരളത്തിൽ മാർ തോമാശ്ലീഹാ നടപ്പാക്കിക്കാണാനിടയുണ്ട്. ശ്ലീഹന്മാരെല്ലാവരും യൂദ പശ്ചാത്തലത്തിലാണ് ആരാധനക്രമം നൽകിയത്. ഇവിടെയും അപ്രകാരമായിരിക്കും. ഇവിടുത്തെ വ്യാപാരഭാഷയായ അറമായ (സുറിയാനി) ഭാഷയിലായിരിക്കാം അതു നടപ്പിലായത്. പാശ്ചാത്യ ലോകത്തുടനീളം ഗ്രീക്ക് ആരാധനാഭാഷ ആയിരുന്നതു പോലെ പൗരസ്ത്യദേശങ്ങളിൽ അറമായ ഭാഷയായിരുന്നു ആരാധനാ ഭാഷ എന്നു കരുതാം. അല്ലെങ്കിൽ അന്നത്തെ നാട്ടുഭാഷയായ തമിഴിൽ ആയിരിക്കാം. തമിഴും അറമായ ഭാഷയും തമ്മിൽ വളരെയധികം സാമ്യം കാണുന്നുണ്ട്. സെമിറ്റിക് പശ്ചാത്തലത്തിലും അറമായ

www.malankaralibrary.com



ഭാഷയിലും നടപ്പിലിരുന്ന ആരാധനാരീതികളുടെ വികസിതരൂപം പശ്ചിമേഷ്യയിൽനിന്നു വന്നപ്പോൾ പിൻതലമുറ സ്വീകരിച്ചു. രണ്ടാമത്തെ സാധ്യത : ഇവിടെ ഉണ്ടായിരുന്ന തമിഴ്ഭാഷയിലുള്ള ആരാധനാരീതികൾ, പിൽക്കാല സുറിയാനി കുടിയേറ്റക്കാരുടെ സ്വാധീനത്താൽ നീക്കി സുറിയാനി ഭാഷ നടപ്പാക്കി. അടിസ്ഥാന ഘടകങ്ങളിൽ വ്യത്യാസമില്ലാതിരുന്നതിനാൽ ഈ ഭാഷാമാറ്റം വലിയ ബുദ്ധിമുട്ടുണ്ടാക്കിയില്ല. റോമാസഭയിൽ ഗ്രീക്കു മാറ്റി ലത്തീൻഭാഷ നടപ്പാക്കിയതുപോലെ ഇതിനെ കരുതാം. ഇതിൽ ഏതാണ് മലങ്കരസഭയിൽ സംഭവിച്ചത് എന്നതിന് ഇനിയും ഉത്തരം കിട്ടേണ്ടിയിരിക്കുന്നു.

പാശ്ചാത്യമിഷനറിമാർ പതിനാറാം നൂറ്റാണ്ടിൽ ഇവിടെ വന്നപ്പോൾ പൗരസ്ത്യസുറിയാനി ആരാധനക്രമമാണ് ഇവിടെ നടപ്പിലിരുന്നത്. എന്നാൽ എന്നുമുതലാണ് പൗരസ്ത്യസുറിയാനി ആരാധനക്രമത്തിന്റെ വികസിതരൂപം മലങ്കരസഭയിൽ നടപ്പായത് എന്ന് പറയാൻ സാധ്യമല്ല. പൗരസ്ത്യസുറിയാനി ആരാധനക്രമം യൂദയോ-ക്രൈസ്തവ പശ്ചാത്തലത്തിൽ രൂപീകൃതമായതാണ്. പൗരസ്ത്യസുറിയാനി സഭയുമായി ബന്ധംപുലർത്തിയിരുന്ന മലങ്കരസഭ കാലാകാലങ്ങളിൽ വികസിച്ചുവളർന്ന പൗരസ്ത്യ-സുറിയാനി ആരാധനക്രമം സ്വീകരിച്ചു എന്നുവേണം കരുതുവാൻ.

## മലങ്കര നസ്രാണികളുടെ വിവിധ പേരുകൾ

നസ്രായനേശുവിന്റെ അനുയായികൾ എന്ന അർത്ഥത്തിൽ *നസ്രാണികൾ* എന്നു പുരാതനകാലം മുതൽ ഇവിടുത്തെ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരുന്നു. 'നസ്രാണിമാപ്പിള' എന്ന് ബഹുമാനസൂചകമായും അവർ വിളിക്കപ്പെട്ടു. *മാർ തോമാക്രിസ്ത്യാനികൾ* (മാർ തോമാനസ്രാണികൾ) എന്നതും പൊതു പേരായിരുന്നു. പാശ്ചാത്യരായ മിഷനറിമാരുടെ വരവിനുശേഷം *സുറിയാനിക്രിസ്ത്യാനികൾ* എന്ന പേര് സാർവത്രികമായി.

www.malankaralibrary.com

അധ്യായം 4

# പാശ്ചാത്യ മിഷനറിമാരും മലങ്കരസഭയും

## ആമുഖം

ഭാരതവുമായി നേരിട്ടു കച്ചവടം നടത്തുന്നതിനുവേണ്ടി പോർട്ടുഗീസുകാർ 1498 മുതൽ ഇവിടെ വന്നെത്തി. ആദ്യമെത്തിയ പോർട്ടുഗീസ് കപ്പിത്താൻ വാസ്കോഡിഗാമ ആയിരുന്നു. പാശ്ചാത്യലോകത്തു നിന്നെത്തിയ ക്രൈസ്തവ സഹോദരന്മാരെ മലങ്കരനസ്രാണികൾ സസന്തോഷം സ്വീകരിക്കുകയും അവർക്കു വേണ്ട സഹായങ്ങൾ എല്ലാം ചെയ്തു കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. അതുപോലെ പോർട്ടുഗീസുകാരും ഇവിടുത്തെ ക്രിസ്ത്യാനികളെ പല വിധത്തിൽ സഹായിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. പാശ്ചാത്യ ക്രൈസ്തവർ മലങ്കരസഭയുമായി കുദാശകളിൽ സംസർഗം നടത്തി. കേരളത്തിലെ നാനാജാതി മതസ്ഥരുടെ ഇടയിൽ ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിച്ച് അവരെ ക്രിസ്ത്യാനികളാക്കുന്നതിന് ഒട്ടേറെ മിഷനറിമാർ പോർട്ടുഗലിൽ നിന്ന് ഇവിടെയെത്തി. അക്കൂട്ടത്തിൽ, വിശ്വാസവീരനും വൈദികശ്രേഷ്ഠനുമായിരുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യറിൻെറ നാമം അവിസ്മരണീയമാണ്.

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ (+1552)

ഫ്രാൻസിസ് സേവ്യർ, ജസ്വിട്ട് സന്ന്യാസ സമൂഹത്തിൽ (ഈശോസഭയിൽ) ഉൾപ്പെട്ട വൈദികനായിരുന്നു. 1542-ൽ സേവ്യർ കപ്പലിൽ ഗോവയിലെത്തി. ഗോവ അക്കാലത്ത് ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ പ്രധാനതാവളമായിരുന്നു. ഫ്രാൻസിസ് സേവ്യർ ഭാരതത്തിൽ പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും ക്രിസ്തുവിൻെറ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തു.

www.malankaralibrary.com



തൽഫലമായി അനേകായിരം അക്രൈസ്തവരെ ക്രിസ്ത്യാനികളാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം 1544-ൽ തിരുവിതാംകൂറിലെത്തി. കേരളത്തിലെ കടൽതീരങ്ങളിൽ സഞ്ചരിച്ച് സുവിശേഷം പ്രഘോഷിച്ചു. ഏതാണ്ട് നാലുവർഷത്തോളം അദ്ദേഹം ചുറ്റിനടന്ന് സുവിശേഷം അറിയിച്ചശേഷം ഭാരതത്തിൻെറ ഇതരഭാഗങ്ങളിലേക്കുപോയി. അനന്തരം ചൈനയിലും ജപ്പാനിലും സുവിശേഷം പ്രസംഗിച്ചു. 1552-ൽ മരിച്ചു. വിശുദ്ധൻെറ ശരീരം ഇപ്പോഴും ഗോവയിൽ സൂക്ഷിച്ചിരിക്കുന്നു.

## പോർട്ടുഗീസ് നീക്കങ്ങൾ

കച്ചവടത്തിൽ കണ്ണുനട്ട പാശ്ചാത്യർ ഇവിടുത്തെ ശ്ലൈഹിക സഭയെ കച്ചവടത്തിന് ഒരുപാധിയാക്കാൻ ശ്രമിച്ചു. രാജാക്കന്മാരെ വശീകരിച്ചും സൈന്യബലം ഉപയോഗിച്ചും മലങ്കരസഭയെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ അവർ സർവശ്രമങ്ങളും നടത്തി. ഈ സഭയെ പാശ്ചാത്യ (ലത്തീൻ) സഭയുടെ ഭാഗമാക്കാനുള്ള നീക്കങ്ങളുണ്ടായി മധ്യകാലഘട്ടത്തിൽ പാശ്ചാത്യ ലോകത്ത് ഉടലെടുത്ത ദൈവശാസ്ത്രചിന്താഗതികളും ഭക്താഭ്യാസങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ ഇവിടെ നടപ്പാക്കാൻ തുടങ്ങി.

## ആരാധനക്രമം പരിഷ്കരിക്കൽ

പൗരസ്ത്യ സുറിയാനി ആരാധനക്രമമായിരുന്നു ഇവിടെ നിലവിലിരുന്നത്. അതു മാറ്റി ലത്തീൻ ആരാധനക്രമം മലങ്കരസഭയിൽ നടപ്പാക്കുക എന്നതായിരുന്നു മിഷനറിമാരുടെ രണ്ടാമത്തെ പദ്ധതി. എല്ലാ ശീശ്മകളുടെയും പാഷണ്ഡതകളുടെയും കാരണം സുറിയാനിയും സുറിയാനി ആരാധനക്രമവുമാണെന്ന് ധരിച്ചിരുന്ന പാശ്ചാത്യ മിഷനറിമാരുമുണ്ടായിരുന്നു. തങ്ങൾ ആചരിക്കുന്ന ലത്തീൻ രീതികൾ മാത്രമാണു ശരിയായിട്ടുള്ളത്. മറ്റ് രീതികളും അനുഷ്ഠാനങ്ങളും ആചാരവിധികളും തെറ്റാണ്. അതുകൊണ്ട് അപ്രകാരമുള്ളവ നീക്കി എല്ലായിടത്തും ഐകരൂപ്യം സ്ഥാപിക്കണം. ഐക്യത്തിന് ഐകരൂപ്യം അത്യന്താപേക്ഷിതമാണ്, വൈവിധ്യം വൈരുധ്യമാണ് എന്നൊക്കെ ധരിച്ചിരുന്ന ഐകരൂപ്യവാദികളും പൗരസ്ത്യസഭാകാര്യങ്ങളിൽ തികച്ചും അജ്ഞരും ആയിരുന്ന പാശ്ചാത്യമിഷനറിമാർ മലങ്കരയിലെ പൗരസ്ത്യ സുറിയാനി ആരാധനക്രമം മാറ്റിമറിക്കാനും നീക്കിക്കളയാനും ലത്തീനീകരിക്കാനും പദ്ധതികൾ ആവിഷ്കരിച്ചു.

www.malankaralibrary.com



## പാദ്രവാദോ നടപ്പാക്കൽ

പോർട്ടുഗീസ് രാജാവാണ് കച്ചവടക്കാരെയും മിഷനറിമാരെയും ഭാരതത്തിലേക്കയച്ചത്. രാജാവ് തൻെറ സംരക്ഷണം- പാദ്രവാദോ (Pa tronage) - മലങ്കരസഭയിലും നടപ്പാക്കി. പാദ്രവാദോ (Padroado) എന്നത് ഒരു പോർട്ടുഗീസ് പദമാണ്. രക്ഷാധികാരിത്വം എന്നു ഭാഷാന്തരം ചെയ്യാം. മിഷൻ പ്രദേശങ്ങളുടെമേൽ പോർട്ടുഗീസ് രാജാവിനു മാർപാപ്പാമാർ നൽകിയിരുന്ന അധികാരമാണിത്. നിക്കൊളാസ് അഞ്ചാമൻ മാർപാപ്പാ (1447-55)1455 ജനുവരി എട്ടിനെഴുതിയ "റൊമാനുസ് പോന്തിഫെക്സ്" എന്ന രേഖയാണ് പാദ്രവാദോയുടെ അടിസ്ഥാനം. കണ്ടുപിടിക്കപ്പെട്ടതോ ഇനി കണ്ടുപിടിക്കാൻ ഇരിക്കുന്നതോ ആയ കരകളും കടലുകളും എന്നേക്കുമായി പോർട്ടുഗൽ രാജാവിന് ഉള്ളതാകുന്നു എന്നു പ്രസ്തുത രേഖയിൽ മാർപാപ്പാ നിശ്ചയിച്ചു. 1493-ൽ ഇപ്രകാരം ഒരധികാരം അലക്സാണ്ടർ ആറാമൻ മാർപാപ്പ (1492-1503) സ്പെയിനിനും നൽകി. 1494-ജൂൺ ഏഴിന് പോർട്ടുഗലും സ്പെയിനും തമ്മിൽ അവകാശം പങ്കിടുന്ന ഒരുടമ്പടി ഉണ്ടാക്കി. 1500 മാർച്ച് 26ന്, കോപ് ഓഫ് ഗുഡ് ഹോപ്പ് മുതൽ ഇൻഡ്യ വരെയുള്ള പ്രദേശങ്ങൾക്കായി ഒരു അപ്പസ്തോലിക കമ്മീഷണറെ നാമനിർദേശം ചെയ്യാനുള്ള അധികാരം പോർട്ടുഗൽ രാജാവിനു മാർപാപ്പാ നൽകി. പോർട്ടുഗലിനും സ്പെയിനിനും നൽകിയ ഈ അവകാശങ്ങൾ, തുടർന്നു ഭരിച്ച മാർപാപ്പാമാരായ ജൂലിയസ് രണ്ടാമനും (1503-13) ലെയോ പത്താമനും (1513-21) ആവർത്തിച്ചുറപ്പിച്ചു. ഇൻഡ്യയിലുള്ള പുതിയ സ്ഥലങ്ങളും അവിടെയുള്ള ആരാധനാലയങ്ങളും ഇനി നിർമ്മിക്കാൻ പോകുന്നവയും തോമാറിലെ (പോർട്ടുഗൽ) വികാരിയുടെ ഭരണത്തിൻ കീഴിൽവച്ചു. എല്ലാ പള്ളികളും സഭവക സ്വത്തുക്കളും പോർട്ടുഗൽ രാജാവിൻെറ സംരക്ഷണയ്ക്കു വിധേയമാക്കി. 1600 ആഗസ്റ്റ് നാലിനാണ് മലങ്കര സഭയുടെ മേൽ പാദ്രവാദോ ഔദ്യോഗികമായി നടപ്പാക്കിയത്.

## മാർ യാക്കോബും പോർട്ടുഗീസുകാരും

മലങ്കരസഭയുടെ ആധ്യാത്മികാദ്ധ്യക്ഷന്മാരായിരുന്ന പേർഷ്യൻ മെത്രാൻമാരെ പൂർണ്ണമായി ഒഴിവാക്കി, പകരം ലത്തീൻ മെത്രാൻമാരെ നിയമിക്കുക എന്ന നയമാണ് പോർട്ടുഗീസുകാർ അവലംബിച്ചത്. പോർട്ടുഗീസുകാർ വന്ന കാലത്തുണ്ടായിരുന്ന മാർ യാക്കോബ് എന്ന് മെത്രാനുമായി (1504-52)പോർട്ടുഗീസുകാർ വളരെ സൗഹൃദത്തിൽ

www.malankaralibrary.com



കഴിഞ്ഞു. മാർ യാക്കോബ് കാതോലിക വിശ്വാസം തന്നെയുള്ള ആളാണ് എന്നാണ് പോർട്ടുഗീസുകാർ മനസ്സിലാക്കിയത്. റോമാസഭയിൽ നിന്നു വ്യത്യസ്തമായ ഒരു സഭയിലെയോ, ഏതെങ്കിലും പാഷണ്ഡതയിൽ ഉൾപ്പെടുന്ന സഭയിലെയോ അംഗങ്ങളാണ് തങ്ങളെന്നു മലങ്കര നസ്രാണികളും ചിന്തിച്ചിരുന്നില്ല. പോർട്ടുഗീസുകാർ മാർ യാക്കോബിനെ പോർട്ടുഗീസ് ബലിപീഠങ്ങളിൽ കുർബാനയർപ്പിക്കാൻ അനുവദിച്ചു പോർട്ടുഗീസുകാരെ മലങ്കരപ്പള്ളികളിൽ കുർബാന അർപ്പിക്കാൻ നസ്രാണികൾ അനുവദിച്ചു. കൂദാശകളിലുള്ള പൂർണ്ണമായ സംസർഗ്ഗം അന്നുണ്ടായിരുന്നു. പോർട്ടുഗീസുകാരെ വിശ്വാസത്തിൽ തങ്ങളുടെ സഹോദ രന്മാരായി കരുതിയതിനാലത്രേ നസ്രാണികൾ ഇപ്രകാരം പ്രവർത്തിച്ചത്. പോർട്ടുഗീസുകാർക്കും ഈ ആശയംതന്നെ നസ്രാണികളെപ്പറ്റിയും, അവരുടെ മെത്രാന്മാരെപ്പറ്റിയും ഉണ്ടായിരുന്നു. ഇരുകൂട്ടരുടേയും ആരാധനാരീതികളും ആചാരാനുഷ്ഠാനങ്ങളും വ്യത്യസ്തമായിരുന്നെങ്കിലും തങ്ങൾ ഏകസഭയുടെ അംഗങ്ങളായിരുന്നെന്ന് ഇരുകൂട്ടരും കരുതി. വാസ്കോഡിഗാമ 1502-ൽ രണ്ടാമതു കേരളത്തിലെത്തിയപ്പോൾ കൊടുങ്ങല്ലൂരെ ക്രിസ്ത്യാനികൾ തങ്ങളുടെ ചെങ്കോൽ ഗാമയ്ക്കു സമർപ്പിച്ചു. 1503-ൽ ആൽബുക്കർക്ക് എന്ന പോർട്ടുഗീസ് നാവികൻ കൊല്ലത്തു വന്നപ്പോൾ ക്രിസ്ത്യാനികൾ തങ്ങളുടെ മൂന്നു കുരിശുകളിലൊന്ന് അയാൾക്കു സമ്മാനിച്ചു. ക്രിസ്ത്യാനികളുടെ പുരാതനാവകാശങ്ങളൊക്കെ അയാൾ ഹൈന്ദവരാജാവിനെക്കൊണ്ട് പുനരുദ്ധരിപ്പിച്ചു. അവിടുത്തെ പള്ളിക്ക് ഒരു മണിയും മാർ യാക്കോബിന്റെ പടവും അയാൾ നല്കി. ഒരു ഡൊമിനിക്കൻ സന്യാസിയായ റൊഡ്രീഗോയെ അവരെ പഠിപ്പിക്കാനായി അവിടെ വിട്ടിട്ടു പോകുകയും ചെയ്തു.

ആൽബുക്കർക്ക് 1510-ൽ കൊടുങ്ങല്ലൂരെ പള്ളി പുതുക്കിപ്പണിയാൻ മാർ യാക്കോബ് മെത്രാന് 1000 പണം നൽകി. 1516-ൽ പോർട്ടുഗീസ് ഗവർണർ ലോപോ സ്വാരസ് കൊല്ലം രാജ്ഞിയുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ കൊല്ലത്തെ പള്ളിപുതുക്കി പണിയാമെന്ന് രാജ്ഞിയെക്കൊണ്ട് സമ്മതിപ്പിച്ചു. 1517-ൽ മലങ്കര നസ്രാണികളും പോർട്ടുഗീസ് മിഷനറിമാരും ഒന്നിച്ച് മൈലാപ്പൂരിലേയ്ക്ക് തീർത്ഥാടനം പോകുന്നതായി നാം കാണുന്നു. തന്റെ സുവിശേഷ പ്രവർത്തനങ്ങൾക്കു സഹായമായി മാർ യാക്കോബിന് പോർട്ടുഗലിലെ മാനുവൽ രാജാവിൽ നിന്നും ജോൺ മൂന്നാമൻ രാജാവിൽ നിന്നും ഒരു തുക ലഭിച്ചുകൊണ്ടിരുന്നു. മാർ യാക്കോബു തന്നെ തന്റെ വിശ്വാസികളെ പോർട്ടുഗീസുകാർക്കു പരിചയപ്പെടുത്തി

www.malankaralibrary.com



ക്കൊടുത്തു. തനിക്ക് ലത്തീൻ രീതികളൊന്നും അറിയില്ലെന്നും അവ നടപ്പാക്കാൻ ശ്രമിച്ച പെന്തയാദോ എന്ന മിഷനറിയെ നസ്രാണികൾക്കിഷ്ടമല്ലെന്നും അയളെ ഉടനെ തിരികെ വിളിക്കണമെന്നും രാജാവിനുള്ള കത്തിൽ മാർ യാക്കോബ് വ്യക്തമാക്കുന്നു. മാർ യാക്കോബ് പോർട്ടുഗീസ് രാജാവിനയച്ച കത്തുകളിൽ നിന്നാണ് ഈ സംഗതികൾ നാം ഗ്രഹിക്കുന്നത്. വി. ഫ്രാൻസിസ് സേവ്യറും മാർ യാക്കോബ് ആബുനായെപ്പറ്റി വളരെ നന്നായിട്ടാണ് യൂറോപ്പിലേക്ക് കത്തുകൾ എഴുതിയിട്ടുള്ളത്.

## മാർ ജോസഫും പോർട്ടുഗീസുകാരും

മാർ യാക്കോബിനു ശേഷം ഭരിച്ച മാർ ജോസഫ് (1556-69) എന്ന പശ്ചിമേഷ്യൻ കത്തോലിക്കാമെത്രാനെ പോർട്ടുഗീസുകാർ പീഡിപ്പിക്കുകയും ജയിലിൽ അടയ്ക്കുകയും യുറോപ്പിലേക്ക് നാടുകടത്തുകയും ചെയ്തു. ഗോവയിൽ വച്ച് അദ്ദേഹത്തെ പോർട്ടുഗീസ് മിഷനറിമാർ തടഞ്ഞുവച്ചു. താൻ കത്തോലിക്കനാണെന്നും കത്തോലിക്കാ പാത്രിയർക്കീസായ അബ്ദീശോയാണ് തനിക്ക് പട്ടം തന്നതെന്നും തന്റെ സഹോദരനായ സുലാക്കായോടു കുടെ റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചിട്ടുണ്ടെന്നും പറഞ്ഞെങ്കിലും പോർട്ടുഗീസുകാർ അതൊന്നും വകവച്ചില്ല. പതിനെട്ടുമാസം അദ്ദേഹത്തെ അവിടെ തടഞ്ഞു വച്ചു. അവിടെ നിന്നു കപ്പൽ കയറ്റി യൂറോപ്പിലേക്കയച്ചു. ഒരു വർഷത്തിനുശേഷം ലിസ്ബണിലെ മതവിചാരണക്കോടതി മുമ്പാകെ വിസ്തരിച്ചു. കുറ്റക്കാരനല്ലെന്നു കണ്ട് വെറുതെ വിട്ടു. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ തിരികെ കൊണ്ടുവരുന്നതിനു പകരം റോമിലേക്കയച്ചു. വിവരം അറിഞ്ഞ മാർപാപ്പയാകട്ടെ ശിപാർശക്കത്തുകളോടു കൂടി അദ്ദേഹത്തെ കേരളത്തിലേക്കയച്ചു. അദ്ദേഹം കേരളത്തിൽ വന്നപ്പോൾ പോർട്ടുഗീസുകാർ അദ്ദേഹത്തെ വീണ്ടും അറസ്റ്റു ചെയ്തു. എങ്കിലും കോടതിവിധിയും മാർപാപ്പയുടെ കൽപനകളും ഉണ്ടെന്നറിഞ്ഞപ്പോൾ അവർ അദ്ദേഹത്തെ സ്വതന്ത്രനാക്കി. അദ്ദേഹം പത്തുകൊല്ലം (1558-68) മലങ്കര നസ്രാണികൾക്ക് ആത്മീയ ശുശ്രൂഷ നിർവഹിച്ചു. 1568-ൽ അദ്ദേഹത്തെ അവർ അറസ്റ്റു ചെയ്ത് ലിസ്ബണിലേക്കും പിന്നെ റോമിലേക്കും അയച്ചു. റോമിൽവച്ച് 1569-ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ പല പുസ്തകങ്ങളും ഇപ്പോഴും വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ട്.

www.malankaralibrary.com



## മാർ അബ്രഹാമും പോർട്ടുഗീസുകാരും

മാർ ജോസഫിനെ യൂറോപ്പിലേക്ക് നാടുകടത്തിയപ്പോൾ മാർ അബ്രഹാം എന്ന പശ്ചിമേഷ്യൻ മെത്രാൻ 1558-ൽ മലങ്കരയിലെത്തി, വേഷപ്രച്ഛന്നനായി വന്നതിനാൽ അദ്ദേഹത്തെ അറസ്റ്റു ചെയ്യാൻ സാധിച്ചില്ല. അദ്ദേഹം അങ്കമാലി കേന്ദ്രമാക്കി സഭാശുശ്രൂഷ നിർവഹിച്ചു. എന്നാൽ അധികം താമസിയാതെ പോർട്ടുഗീസുകാർ മാർ അബ്രഹാമിനെയും അറസ്റ്റു ചെയ്ത് യൂറോപ്പിലേക്ക് അയച്ചു. നെസ്തോറിയനാണോ സത്യവിശ്വാസിയാണോ എന്നറിയാൻ ലിസ്ബണിലെ മതവിചാരണക്കോടതിക്ക് ഏൽപ്പിച്ചുകൊടുത്തു. യൂറോപ്പിലേക്ക് പോകുന്ന വഴി മാർ അബ്രഹാം രക്ഷപെട്ട് പശ്ചിമേഷ്യയിൽ തന്റെ പാത്രിയർക്കീസിന്റെ പക്കലെത്തി വിവരമെല്ലാം ധരിപ്പിച്ചു. അബ്ദീശോ പാത്രിയർക്കീസിൽ നിന്ന് ശിപാർശ കത്തുകളോടുകൂടെ മാർ അബ്രഹാം റോമിൽ പോയി (1565) നാലാം പീയൂസ് പാപ്പായെ (1559-1565) വിവരമെല്ലാം ധരിപ്പിച്ചു. ഗോവായിലും കൊച്ചിയിലുമുള്ള ലത്തീൻ മെത്രാൻമാർക്ക് ഓരോകത്തും കൊടുത്ത് അദ്ദേഹത്തെ മലങ്കരയിലേക്കയച്ചു. 1568ൽ അദ്ദേഹം ഗോവായിലെത്തി. മാർപാപ്പായുടെ ശിപാർശ കത്തുകൾ ഉണ്ടായിട്ടും പോർട്ടുഗീസുകാർ അദ്ദേഹത്തെ തടഞ്ഞു വച്ചു. എന്നാൽ അവിടെ നിന്ന് അദ്ദേഹം രക്ഷപെട്ട്, ഒളിച്ചോടി മലങ്കരയിലെത്തി. പോർട്ടുഗീസുകാരുടെ ദൃഷ്ടിയിൽപെടാതെ അവരുടെ വിഹാരസീമയ്ക്ക് അകലെയായി മലനാട്ടിലുള്ള പള്ളികളിൽ സഞ്ചരിച്ചു കൊണ്ട് ആത്മീയശുശ്രൂകൾ നടത്തികൊണ്ടിരുന്നു. തുടർന്ന് ചില മിഷനറി സന്യാസികൾ മദ്ധ്യസ്ഥത വഹിച്ച് മാർ അബ്രാഹാമിനെയും പോർട്ടുഗീസുകാരെയും ഏതാണ്ട് രമ്യതയിലാക്കി.

## നെസ്തോറിയൻ ആരോപണം

മാർ അബ്രഹാമിന്റെ കാലത്ത് പോർട്ടുഗീസുകാർ മലങ്കരസഭയുടെ മേലുള്ള പിടിമുറുക്കിത്തുടങ്ങി. ഇവിടെയുള്ള പ്രാർത്ഥന പുസ്തകങ്ങളിൽ നെസ്തോറിയൻ പാഷണ്ഡത ഉണ്ടെന്നും അവ നീക്കണമെന്നും മറ്റും അവർ പ്രചരിപ്പിച്ചു തുടങ്ങി. 1585-86ൽ ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികൻ ഒരു ലഘുലേഖ എഴുതി. പൗരസ്ത്യ ഇന്ത്യയിൽ പാർക്കുന്ന നെസ്തോറിയരുടെ തെറ്റുകൾ എന്നായിരുന്നു തലക്കെട്ട്. ഇവിടുത്തെ സുറിയാനി വേദപുസ്തകത്തിലും ആരാധനക്രമ ഗ്രന്ഥങ്ങളിലും ദൈവശാസ്ത്രകൃതികളിലും റോസ് നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു. റോസ് ചൂണ്ടിക്കാണിച്ചവ യഥാർത്ഥത്തിൽ പാഷണ്ഡത ആയിരുന്നില്ല. ബൈബിളിൽ കണ്ട വ്യത്യാസങ്ങൾ

www.malankaralibrary.com



സുറിയാനി ബൈബിളിന്റെ (പ്ശീത്താ) പ്രത്യേകതകളാണ്. ഈ അടുത്ത കാലത്ത് പ്ശീത്താ ബൈബിൾ പുതുതായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ഏവർക്കും അറിവുള്ളതാണല്ലോ.

ആരാധനക്രമത്തിലും ദൈവശാസ്ത്രത്തിലും ഉണ്ടെന്നു പറഞ്ഞ 'തെറ്റുകൾ' ലത്തീൻ സ്കോളാസ്റ്റിക് ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പാശ്ചാത്യർ മനസ്സിലാക്കിയ ``തെറ്റുകളാണ്''. സുറിയാനി പദങ്ങൾക്ക് സുറിയാനിസഭ കൊടുക്കാത്ത അർത്ഥം കൊടുത്തതിന്റെ ഫലമായി രൂപീകരിക്കപ്പെട്ട ``തെറ്റുകളാണ്'' അവയൊക്കെ. വസ്തുനിഷ്ഠമായി അവ തെറ്റുകളല്ല. ലത്തീൻ ഭാഷയിൽനിന്ന് വ്യത്യസ്തമായതെന്തും പല പാശ്ചാത്യർക്കും പാഷണ്ഡതയായിരുന്നു, സുറിയാനി ഭാഷ പാഷണ്ഡതയുടെ ഉറവിടവും. മലങ്കര നസ്രാണികളുടെ സഭയിൽ ഉണ്ടെന്നു പാശ്ചാത്യർ പറഞ്ഞു പരത്തിയ "നെസ്തോറിയൻ പാഷണ്ഡത" പാശ്ചാത്യരുടെ ഭാവനാസൃഷ്ടിയാണ്.

## മൂന്നാം ഗോവൻ സിനഡ് (1585)

ഗോവയിൽവച്ച് നടന്ന മൂന്നാം സിനഡിൽ (1585) മലങ്കര സഭാസംബന്ധമായ പല കാര്യങ്ങളും ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത സിനഡിൽ പങ്കെടുക്കാൻ വിസമ്മതിച്ച മാർ അബ്രാഹാമിന് മാർപാപ്പാ സുരക്ഷിതത്വം ഉറപ്പുനൽകി. ആരാധനക്രമ ഗ്രന്ഥങ്ങളിലെ "തെറ്റുകൾ " എന്ന് ലത്തീൻ മിഷനറിമാർക്കു തോന്നിയവ തിരുത്താൻ അവിടെ നിയമങ്ങൾ പാസ്സാക്കി. എന്നാൽ തിരികെ കേരളത്തിലെത്തിയ മാർ അബ്രഹാം അതൊന്നും തിരുത്താൻ കൂട്ടാക്കിയില്ല. അതിൻെറ ആവശ്യം അദ്ദേഹത്തിനു തോന്നിയില്ല. അക്കാരണത്താൽ അദ്ദേഹത്തിൻെറ അവസാനകാലത്ത് പോർട്ടുഗീസ് മിഷനറിമാർ അദ്ദേഹത്തോട് നീരസത്തിലായിരുന്നു. അദ്ദേഹം മരിച്ചുകഴിഞ്ഞാൽ പിന്നെ സഭാഭരണം കയ്യടക്കണം എന്ന് അവർ ഉറച്ചു തീരുമാനിച്ചു. 1597-ൽ മാർ അബ്രഹാം മരിച്ചു.

www.malankaralibrary.com

അധ്യായം 5

# ഉദയംപേരൂർ സൂനഹദോസ് (1599)

**ആമുഖം**

മാർ തോമാശ്ലീഹായുടെ മലങ്കരസഭയെ പാശ്ചാത്യസഭയുടെ ഭാഗമാക്കാനുള്ള നടപടികൾക്ക് നിയമസാധുത്വം നൽകിയ സഭാസമ്മേളനമായിരുന്നു 1599-ൽ നടന്ന ഉദയംപേരൂർ സുനഹദോസ്. പോർട്ടുഗീസ് മേൽക്കോയ്മയും പാശ്ചാത്യ വൽക്കരണവും ശാശ്വതീകരിക്കാൻ വേണ്ടിയാണ് മിഷനറിമാർ ഇപ്രകാരം പ്രവർത്തിച്ചത്. വൈവിധ്യങ്ങളിൽ അന്തർലീന മായിരിക്കുന്ന ആഴമായ ഐക്യം ആസ്വദിക്കാൻ സാധിക്കാതെ സ്ഥാപിത താല്പര്യങ്ങൾക്കുവേണ്ടി മിശിഹായുടെ സഭയെ ഉപയോഗിച്ചതിന്റെ ദാരുണഫലങ്ങളാണു നാമിവിടെ ദർശിക്കുക. മലങ്കരസഭയെ പോർട്ടുഗൽ രാജാവിന്റെ കീഴിൽ കൊണ്ടുവന്നു പാശ്ചാത്യവൽക്കരിക്കുക, പോർട്ടുഗലിനു മലങ്കരസഭയുടെമേൽ അധീശത്വം പൂർണമാക്കുക, ഇൻഡ്യയിൽ പോർട്ടുഗീസ് കോളനി മതപരമായും രാഷ്ട്രീയമായും അരക്കിട്ടുറപ്പിക്കുക, തത്ഫലമായി വ്യാപാരവിനിമയം അഭിവൃദ്ധിപ്പെടുത്തുക, പോർട്ടുഗലിന്റെ സമ്പത്വ്യവസ്ഥിതി മെച്ചപ്പെടുത്തുക എന്നിവയായിരുന്നു പോർട്ടുഗീസ് ലക്ഷ്യം. മലങ്കരസഭയെ പേർഷ്യൻ ബന്ധത്തിൽനിന്നു മാറ്റിക്കൊണ്ടേ ഇതു സാധിക്കാനാവു എന്നു ഗ്രഹിച്ചതുകൊണ്ടാണ് പൗരസ്ത്യ സുറിയാനി മെത്രാന്മാരുടെ വരവ് തടഞ്ഞതും വന്നവരെ പീഡിപ്പിച്ചതും.

**ഗീവർഗീസ് ആർച്ചുഡീക്കൻ**

മാർ അബ്രഹാം മരിക്കുന്നതിനുമുൻപ് തന്റെ പിൻഗാമിയായി പേർഷ്യയിൽനിന്ന് ഒരു പൗരസ്ത്യ സുറിയാനി കത്തോലിക്കാമെത്രാൻ വരണമെന്നാഗ്രഹിച്ചിരുന്നു. അതിനുവേണ്ട എഴുത്തുകുത്തുകൾ

www.malankaralibrary.com



നടത്തിക്കൊണ്ടിരുന്നു. എന്നാൽ മേലിൽ പേർഷ്യയിൽ നിന്ന് ഒരു കത്തോലിക്കാമെത്രാനും വരാതിരിക്കാനുള്ള പദ്ധതികളെല്ലാം പോർട്ടുഗീസുകാർ ആവിഷ്കരിച്ചു. മാർ അബ്രഹാം, തന്റെ മരണത്തിനു മുമ്പ് ഗീവർഗീസ് ആർച്ചുഡീക്കനെ സഭാഭരണം ഏല്പിച്ചു. മാർ അബ്രഹാമിന്റെ മരണവാർത്ത അറിഞ്ഞ അന്നത്തെ ഗോവൻ ലത്തീൻ മെത്രാപ്പോലീത്താ ആയിരുന്ന മെനെസിസ്, ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികനെ വികാരി അപ്പസ്തോലിക്കാ ആയി നിയമിച്ചു. എന്നാൽ ഗീവർഗീസ് ആർച്ചുഡീക്കന്റെ നിയമനവാർത്ത അറിഞ്ഞപ്പോൾ റോസിന്റെ നിയമനം മെനെസിസ് പിൻവലിച്ചു. ആർച്ചുഡീക്കൻ പോർട്ടുഗീസ് മിഷനറിമാരുടെ പക്കൽ പോയി വിശ്വാസപ്രഖ്യാപനം നടത്തണമെന്ന് മെനസിസ് പ്രഖ്യാപിച്ചു. അതിനു ഗീവർഗീസ് ആർച്ചുഡീക്കൻ കൂട്ടാക്കിയില്ല. അതിനുപകരം അങ്കമാലിയിൽ വച്ച് വൈദികരുടെയും ജനപ്രതിനിധികളുടെയും ഒരുയോഗം ആർച്ചുഡീക്കൻ വിളിച്ചുകൂട്ടി. യോഗം ആർച്ചുഡീക്കന് പൂർണ്ണപിന്തുണപ്രഖ്യാപിച്ചു. മലങ്കര സഭയിലെ പുരാതനമായ പൗരസ്ത്യ സുറിയാനി ആരാധനാക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം കാത്തുസൂക്ഷിക്കുമെന്നും പൗരസ്ത്യസുറിയാനിക്കാരനല്ലാത്ത മെത്രാനെ അംഗീകരിക്കുകയില്ലെന്നും യോഗം തിരുമാനിച്ചു. തുടർന്ന് വൈപ്പിനിൽ വച്ച് ഫ്രാൻസിസ്കൻ സന്യാസികളുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ വച്ച് പോർട്ടുഗീസ് ഭാഷയിൽ വിശ്വാസപ്രഖ്യാപനം വായിച്ചു. അതിന്റെ അവസാനം 'ഉവ്വ്' എന്നു പറഞ്ഞ് ആർച്ചുഡീക്കൻ അതംഗീകരിച്ചു. എന്നാൽ വൈപ്പിനിലെ ചടങ്ങിൽ ജസ്വിട്ട് മിഷനറിമാരെ ആരെയും പങ്കെടുപ്പിച്ചില്ല.

### മെനെസിസ് മലങ്കരയിലേക്ക്

മലങ്കര സഭയിൽ മെത്രാനില്ലാതിരുന്ന അവസരം നോക്കി ഇവിടെ യാതൊരധികാരവും ഇല്ലാതിരുന്നയാളും പാശ്ചാത്യനാട്ടുകാരനുമായ മെനെസിസ് മെത്രാൻ ഈ സഭാഭരണം കയ്യടക്കാനായി മലങ്കരയിലേക്കു വന്നു. 1599 ഫെബ്രുവരി ഒന്നിന് അദ്ദേഹം ഗോവയിൽ നിന്ന് കൊച്ചിയിലെത്തി. തന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുന്ന ഒരു കത്ത് ലഭിച്ചിട്ടുണ്ട്. 1597 ഡിസംബർ 19ന് റോമിലേക്കയച്ച കത്താണിത്. മലങ്കര സഭയിലെ `ദുഷ്യങ്ങൾ' പരിഹരിക്കുക, പള്ളികൾ സംരക്ഷിക്കുക, വൈദികരുടെ ഒരു സുനഹദോസ് വിളിച്ചുകൂട്ടി റോമാസഭയുടെ (ലത്തീൻ സഭയുടെ) സ്വാധീനത്തിൽ കൊണ്ടുവരിക, പാശ്ചാത്യ മെത്രാൻമാരെ സ്വീകരിക്കാനായി നിർബന്ധിക്കുക, അബദ്ധ സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന സകല ഗ്രന്ഥങ്ങളും നശിപ്പിക്കുക, ഒരു

www.malankaralibrary.com



ജസ്വിട്ട് സന്യാസിയെ ഇവിടെ മെത്രാനാക്കുക, സുറിയാനി ഭാഷയെ ക്രമേണ നശിപ്പിക്കുക, പ്രസ്തുത ഭാഷ അബദ്ധ സിദ്ധാന്തങ്ങൾ പ്രവേശിക്കുന്നതിനുള്ള സ്രോതസ്സാകയാൽ വൈദികർ ലത്തീൻ പഠിക്കണമെന്ന് ആവശ്യപ്പെടുക, സുറിയാനി മാറ്റി ലത്തീൻ ഭാഷയെ പ്രതിഷ്ഠിക്കുക, മലങ്കര മെത്രാനെ ഗോവയുടെ സാമന്ത മെത്രാനാക്കുക, എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾ.

മലങ്കരയിലെത്തിയപ്പോൾ മെനെസിസും ആർച്ച്ഡീക്കനും തമ്മിൽ കൂടിക്കാഴ്ച നടന്നു. ആ കൂടിക്കാഴ്ച സ്നേഹത്തിലല്ല അവസാനിച്ചത്. എങ്കിലും മലങ്കര സഭയിൽ തന്റെ സ്വാധീനം ഉറപ്പിക്കുന്നതിനുള്ള പദ്ധതികൾ ഈ പരദേശി മെത്രാൻ ആവിഷ്ക്കരിച്ചു. അദ്ദേഹം മലങ്കര പള്ളികൾ സന്ദർശിക്കാനിറങ്ങി. വൈപ്പിൻ കോട്ടയിലുള്ള ജസ്വിട്ട് സെമിനാരിയിൽ നിന്ന് പറവൂർ, ആലങ്ങാട്, ചൊവ്വര എന്നീ പള്ളികൾ സന്ദർശിച്ചു. ആർച്ച്ഡീക്കന്റെ സഹകരണം ലഭിക്കാഞ്ഞതിനാൽ തണുപ്പൻ സ്വീകരണമാണ് മൂന്നിടത്തും ലഭിച്ചത്. അക്കാരണത്താൽ ആർച്ച്ഡീക്കനുമായി രമ്യപ്പെടാൻ തന്ത്രശാലിയായ മെനെസിസ് തീരുമാനിച്ചു. മലങ്കര സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ വിദേശിയനും ലത്തീൻ സഭാംഗവുമായ ആർച്ചുബിഷപ്പ് ഇടപെടുന്നതിനെ ആർച്ച്ഡീക്കൻ ശക്തിയായി എതിർത്തു. തുടർന്ന് ചർച്ചയുടെ ഫലമായി ഒരു പരദേശി മെത്രാനെപ്പോലെ പ്രസംഗിക്കാനും ആശീർവദിക്കാനും മെനെസിസിനെ ആർച്ച്ഡീക്കൻ അനുവദിച്ചു. മെത്രാനടുത്ത കർമ്മങ്ങളൊന്നും ഈ സഭയിൽ ചെയ്യുകയില്ലായെന്ന് ആർച്ചുബിഷപ്പ് ഉടമ്പടി എഴുതി കൊടുത്തു. അതിനുശേഷം കാഞ്ഞൂർ, പുറക്കാട്, കായംകുളം, കുണ്ടറ, കരുനാഗപ്പള്ളി, വെൺമണി, എന്നീ പള്ളികൾ സന്ദർശിച്ചു. കൊച്ചിയിൽ മടങ്ങിവന്ന ശേഷം മുളന്തുരുത്തി, ഉദയംപേരൂർ, കടുത്തുരുത്തി, തൃപ്പൂണിത്തുറ എന്നീ പള്ളികൾ സന്ദർശിച്ചു. ആർച്ച്ഡീക്കനുമായി ഉണ്ടാക്കിയ ഉടമ്പടിക്ക് വിരുദ്ധമായി ഈ പള്ളികളിൽ മൂറോൻ കൂദാശയും വൈദികപട്ട ശുശ്രൂഷയും നടത്തി ഇത് ബഹളത്തിന് വഴിതെളിച്ചു. ഉദയംപേരൂർ വച്ച് 38 പേർക്ക് പട്ടം നൽകി. കടുത്തുരുത്തിയിൽ വച്ച് ഹാശായാഴ്ച ശുശ്രൂഷകളും പട്ടശുശ്രൂഷയും നടത്തി. മുളന്തുരുത്തിയിൽ മൂറോനഭിഷേകം നൽകി. തന്റെ ഹിതാനുസരണം വർത്തിക്കുന്നതിന് പാർശ്വവർത്തികളായ കുറേ പട്ടക്കാരെയും ജനങ്ങളെയും ലഭിച്ചതുകൊണ്ട് ആർച്ചുബിഷപ്പ് ധൈര്യവാനായി. നസ്രാണികളുടെ തെക്കുംഭാഗ (ക്നാനായ) സമുദായത്തിന്റെ രണ്ടു പ്രബല കേന്ദ്രങ്ങളായിരുന്നു കടുത്തുരുത്തിയും ഉദയംപേരൂരും, അവിടെ വച്ചാണ് മെനെസിസ് നിരവധിപേർക്ക് വൈദികപട്ടം നൽകിയത്. ആർച്ചു ഡീക്ക

www.malankaralibrary.com



ന്റെ വിലക്കിനെ അവഗണിച്ചുകൊണ്ട് മുന്നോട്ടുവന്നതിൽ കൂടുതലും ഈ പള്ളിക്കാരായിരുന്നു. ആളുകളുടെ പിൻബലം നേടിയ മെനെസിസ് ആർച്ചുഡീക്കന് അസ്വീകാര്യമായ ചില നിർദേശങ്ങൾ വച്ചു. മലങ്കര സഭയെ പോർട്ടുഗീസുകാർക്ക് അടിയറവയ്ക്കുന്നതിനും ഇവിടത്തെ പാരമ്പര്യം നശിപ്പിക്കുന്നതിനും ഈ സഭയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും ഇല്ലാതാക്കുന്നതിനും സഹായകമായ നിർദേശങ്ങളൊക്കെ ഗത്യന്തരമില്ലാത്തതിനാൽ ആർച്ചുഡീക്കന് അംഗീകരിക്കേണ്ടി വന്നു. രാജാക്കൻമാരെയും, നാട്ടുപ്രമാണികളെയും മെനെസിസ് സ്വാധീനിച്ചിരുന്നു.

## സൂനഹദോസ് – ഒരുക്കം

ഒരു സുനഹദോസ് വിളിച്ചു കൂട്ടാൻ ആഗ്രഹിക്കുന്നെന്നും അതിലേക്ക് ആർച്ചുഡീക്കനും മലങ്കരസഭയിലെ എല്ലാ പള്ളികളിലെയും വികാരിമാരും ശെമ്മാശ്ശന്മാരും പള്ളിയോഗം തെരഞ്ഞെടുത്ത നാല് അല്മായ പ്രതിനിധികളും വന്നെത്തണമെന്നും കാരണം കൂടാതെ സുനഹദോസിൽ സംബന്ധിക്കാത്തവർ അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെന്നും കാണിച്ച് 1599മെയ് 14ന് ചേന്നമംഗലത്തുനിന്ന് മെനെസിസ് ഒരു കത്തയച്ചു. പോർട്ടുഗീസ് ശക്തികേന്ദ്രമായി തീർന്ന കൊടുങ്ങല്ലൂർ വച്ച് ത്രെന്തോസ് സുനഹദോസിന്റെ ചുവടുപിടിച്ച്, മെനെസിസ് കുറേ ഡിക്രികളെല്ലാം എഴുതി ഉണ്ടാക്കി. സിനഡിനു കുറേ ദിവസം മുമ്പ് പറവൂർ പള്ളിയിൽ വച്ച് 50പേർക്കു കുടി പട്ടം കൊടുത്തു.

## സൂനഹദോസ് – നടപടികൾ

മലങ്കര സഭയുടെ ചരിത്രം മാറ്റിക്കുറിച്ച ഈ സഭായോഗം 1599 ജൂൺ 20ന് ഉദയംപേരൂർ പള്ളിയിൽ വച്ച് ആരംഭിച്ചു. 153 വൈദികരും 660 അൽമായ പ്രതിനിധികളും ഇതിൽ സംബന്ധിച്ചു. എന്നാൽ മലങ്കര സഭാകേന്ദ്രമായിരുന്ന അങ്കമാലി പള്ളിയിൽ ഉണ്ടായിരുന്ന 18 വൈദികരിൽ ആരും സിനഡിൽ പങ്കെടുത്തില്ല. അതുപോലെ അപൂർവ്വം ചില പള്ളികളും ആരെയും അയച്ചില്ല. ഇതിൽ സംബന്ധിച്ച 153 വൈദികരിൽ വലിയൊരു സംഖ്യയും മെനെസിസിൽ നിന്നും പട്ടം സ്വീകരിച്ച നവവൈദികരായിരുന്നു.

പ്രാരംഭ ദിവസം ആഘോഷമായ കുർബാനയർപ്പണം നടന്നു. എല്ലാവരും സിനഡിന്റെ വിജയത്തിനായി കുമ്പസാരിച്ചു കുർബാന സ്വീകരിച്ചു. സിനഡ് തീരുന്നതുവരെ ആരും ഉദയംപേരൂർ വിട്ടു പോകരുതെന്നും പോയാൽ അതിനാൽ തന്നെ മഹറോനിൽ ഉൾപ്പെടുമെ

www.malankaralibrary.com



ന്നും മെനെസിസ് ഭീഷണിപ്പെടുത്തി. രഹസ്യചർച്ചകൾ നടത്തുന്നതും മഹറോൻ ശിക്ഷയിൻകീഴിൽ നിരോധിച്ചു. ആരും ഉദയംപേരൂർ വിട്ടു പോകുന്നില്ല. എന്നു ഉറപ്പുവരുത്താൻ പോർട്ടുഗീസ് സൈന്യത്തെ കാവലുമിട്ടു. എല്ലാ ദിവസവും മാതാവിന്റെ ലുത്തിനിയ ചൊല്ലണമെന്നും നിർദ്ദേശിച്ചു. വൈപ്പിൻ കോട്ട സെമിനാരിയിൽ നിന്ന് ജസ്വിട്ടരായ ഫാ.ഫ്രാൻസിസ് റോസ്, സ്റ്റീഫൻ ബ്രട്ട്രോ, ആൻറണി തൊസ്കാനോ, ജോൺ കമ്പോറി എന്നിവർ മെനെസിസിന്റെ സഹായികളായി പ്രവർത്തിച്ചു. പള്ളുരുത്തിക്കാരൻ ചാക്കോ കത്തനാർ ദ്വിഭാഷിയായിരുന്നു. രണ്ടാംദിവസം വിശ്വാസപ്രഖ്യാപനം നടത്തി. തങ്ങൾ സത്യക്രിസ്ത്യാനികളാകയാൽ ഇപ്പോൾ അപ്രകാരമൊന്നും നടത്തണ്ട കാര്യമില്ല എന്നായി ജനങ്ങൾ. ഉടനെ മെനെസിസ് തന്നെ ആദ്യപ്രഖ്യാപനം നടത്തി. തുടർന്ന് ആർച്ചുഡീക്കനും വൈദികരും നടത്തി. ജനങ്ങളുടെ എതിർപ്പുകളെല്ലാം തന്ത്രശാലിയായ മെനെസിസ് ശാന്തമാക്കി. താനുദ്ദേശിച്ച രീതിയിൽ യോഗം മുന്നോട്ടു കൊണ്ടുപോയി. തുടർന്നുള്ള ദിവസങ്ങളിൽ വിശ്വാസം, കൂദാശകൾ തുടങ്ങിയ കാര്യങ്ങളെപ്പറ്റി മെനെസിസ് എഴുതികൊണ്ടു വന്ന കാനോനകൾ വായിച്ചുപോയി. അവ ചർച്ച ചെയ്യാനോ, തിരുത്താനോ, പാസ്സാക്കാനോ മിനക്കെട്ടില്ല. എന്താണ് വായിക്കുന്നതെന്നു തന്നെ കൂടിയവരിൽ പലർക്കും അറിയില്ലായിരുന്നു. മെനെസിസിന്റെ മുന്നിൽ എതിർപ്പുകൾക്കൊന്നും തന്നെ വലിയ വിലയുണ്ടായിരുന്നില്ല.

എഴാം ദിവസം മലങ്കരയെ 75 ഇടവകകളായി തിരിച്ചു. മെനെസിസ് ഇടവകകളിൽ പുതുതായി നിയമിച്ച വികാരിമാരുടെ പേരുകൾ സമാപനദിവസം വായിച്ചു. മലങ്കരയിൽ വികാരി സമ്പ്രദായം തുടങ്ങുന്നതിവിടെയാണ്. മെനെസിസ് പട്ടം നൽകിയവർക്കായിരുന്നു ഈ നിയമനത്തിൽ മുൻഗണന നൽകപ്പെട്ടത്. അവസാനമായി, കൂടിയിരുന്ന പ്രതിനിധികളെല്ലാം ഒപ്പുവച്ചു. 1599 ജൂൺ 26ലെ പ്രദക്ഷിണത്തോടെ സിനഡ് അവസാനിച്ചു. സിനഡിൽ സംബന്ധിച്ചവർക്കെല്ലാം മെനെസിസ് തന്നെ ആശീർവദിച്ച കുർബാനകല്ല്, വി. തൈലങ്ങൾ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, ലത്തീൻ കൂദാശക്രമത്തിന്റെ സുറിയാനിയിലുള്ള പരിഭാഷയുടെ ഓരോ കോപ്പി, ലത്തീൻ രീതി അനുസരിച്ചുള്ള സർപ്ലീസ്, കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങൾ, അൾത്താരവിരികൾ, കാസകൾ എന്നിവ സൗജന്യമായി നൽകി. ലത്തീൻ കാനോനാ നമസ്കാരം സുറിയാനിയിലേക്കു വിവർത്തനം ചെയ്ത് മലങ്കര വൈദികർ ചൊല്ലണം എന്ന നീക്കം മലങ്കരസഭയുടെ എതിർപ്പുമൂലം മെനെസിസിന് ഉപേക്ഷിക്കേണ്ടി വന്നു. സുറിയാനി കാനോനാ നമസ്കാരത്തിലെ `തെറ്റുകൾ' തിരുത്തിയാൽ മതി എന്ന് അവസാനം അം

www.malankaralibrary.com



ഗീകരിച്ചു.

## റോമിന്റെ അംഗീകാരശ്രമം

ഈ സിനഡിന് റോമിൽനിന്ന് അംഗീകാരം കിട്ടാൻ മെനെസിസ് ശ്രമിച്ചു. എന്നാൽ കിട്ടിയില്ല. ഇതിന് അംഗീകാരം നൽകരുതെന്ന് കാണിച്ച് ജസ്വിട്ട് പാതിരി റോസ് തന്നെ റോമിലേക്കെഴുതി. മാർഗ നിർദ്ദേശകമായ ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ഒന്ന് എന്നതിൽ കവിഞ്ഞ് ഇതിനെന്തെങ്കിലും നിയമപ്രാബല്യം ഉണ്ടെന്നു പറഞ്ഞുകൂടാ എന്നാണ് പണ്ഡിത മതം. ഇതിന് ഒരു സുനഹദോസിന്റെ യഥാർത്ഥ രൂപമോ ക്രമമോ ഇല്ലായിരുന്നു. സുനഹദോസ് കഴിഞ്ഞും മെനെസിസ് പല കാനോനകളും കൂട്ടിച്ചേർത്തു. മലയാളത്തിലും പോർട്ടുഗീസ് ഭാഷയിലുമുള്ള കാനോനകൾ തമ്മിൽ വളരെ അന്തരമുണ്ട്. മലങ്കരനസ്രാണികൾക്ക് അപമാനകരമായ പലതും പോർട്ടുഗീസ് കാനോനകളിൽ എഴുതി ചേർത്തിട്ടുണ്ട്. മാർത്തോമാശ്ലീഹായുടെ മലങ്കര സഭയിൽ യാതൊരു അധികാരവും ഇല്ലാതിരുന്ന ലത്തീൻ മെത്രാൻ ഇവിടെ കടന്നു വന്ന് വിളിച്ചു കൂട്ടിയതാണ്. ഉദയംപേരൂർ സിനഡ്. സൈന്യബലം കൊണ്ടും മഹറോന്റെ ഭീഷണികൊണ്ടുമാണ് മലങ്കര സഭയിലൊരു പരദേശി മെത്രാൻ ഇപ്രകാരം കടന്നു വന്ന് തന്നിഷ്ടം പ്രവർത്തിച്ചത്. ഒരു തരത്തിലും ന്യായീകരിക്കാൻ പാടില്ലാത്തതാണ് മെനെസിസിന്റെ ചെയ്തികൾ.

## സിനഡിനു ശേഷം

സുനഹദോസിനു മുമ്പുള്ള പള്ളി സന്ദർശനവേളയിലും സുനഹദോസിന്റെ അവസരവും നെസ്തോറിയൻ പാഷണ്ഡതയെപ്പറ്റിയും ഇവിടെയുള്ള പൗരസ്ത്യ സുറിയാനി ആരാധനക്രമ ഗ്രന്ഥങ്ങളിലെ 'തെറ്റുകളെപ്പറ്റിയും' പ്രസംഗിച്ചു. പേർഷ്യൻ മെത്രാൻമാരുടെ സഭാശുശ്രൂഷ ഇവിടെ അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും നിരന്തരം പ്രസംഗിച്ചു. സിനഡിന്റെ അവസരം നിരവധി ഗ്രന്ഥങ്ങൾ ചുട്ടു കളഞ്ഞു. സുനഹദോസിനു ശേഷവും മെനെസിസ് പള്ളികൾ സന്ദർശിക്കുകയും, സുറിയാനി ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു. ചില ഗ്രന്ഥങ്ങളിൽ തിരുത്തലുകൾ വരുത്തി. അങ്കമാലിയിലെ വൈദികരാരും സിനഡിൽ സംബന്ധിച്ചില്ല എന്നു കണ്ട്, അവിടെ ചെന്ന് കണ്ണിൽകണ്ട സുറിയാനി ഗ്രന്ഥങ്ങളെല്ലാം തീയിലിട്ടു. മലങ്കര സഭയുടെ നിരവധി ചരിത്ര ഗ്രന്ഥങ്ങൾ എന്നെന്നേയ്ക്കുമായി നശിക്കാൻ ഇടയായതും ഇങ്ങനെയാണ്. അതുപോലെ ചെങ്ങന്നൂർ പള്ളിയിലും

www.malankaralibrary.com



പോയി കത്തിച്ചുകളഞ്ഞതായി ചരിത്രരേഖയുണ്ട്. പിന്നീട് കോട്ടയം, കുടമാളൂർ, കടമ്പനാട്, ചേപ്പാട്, കായംകുളം, തേവലക്കര എന്നീ പള്ളികൾ സന്ദർശിച്ചു. ചിലയിടങ്ങളിൽ അമൂല്യമായ സുറിയാനി രേഖകളൊക്കെ നെസ്തോറിയനിസത്തിന്റെ പേരിൽ കത്തിച്ചുകളഞ്ഞു. 1599 നവംബറിൽ മെനെസിസ് ഗോവയിലെത്തി. 1599 ഡിസംബർ 20ന് ഫ്രാൻസിസ് റോസ് എന്ന ജസ്വിട്ട് വൈദികൻ മലങ്കര നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നിയമിതനായി. അങ്കമാലിയെ പദ്രവാദോ രൂപതയാക്കി (1600); ഗോവൻ മിഷനറി രൂപതയുടെ സമാന്തര രൂപതയാക്കി തരംതാഴ്ത്തി. 16-ാം നൂറ്റാണ്ടിൽ ഇവിടെയെത്തിയ മിഷനറി സഭ മലങ്കരസഭയെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് കീഴമർത്തിയ ചരിത്രമാണ് നാം ഇവിടെ കാണുക.

www.malankaralibrary.com

അധ്യായം 6

# ഉദയംപേരൂർ സൂനഹദോസും മലങ്കരസഭയിലെ പരിവർത്തനങ്ങളും

**ആമുഖം**

പോർട്ടുഗീസുകാരുടെ ഭാരത പ്രവേശനത്തോടുകൂടെ മലങ്കര സഭാചരിത്രത്തിൽ പുതിയൊരദ്ധ്യായം തുടങ്ങി. കച്ചവടമായിരുന്നു പാശ്ചാത്യരുടെ പ്രധാന ലക്ഷ്യമെങ്കിലും അവരോടൊപ്പം വന്ന പല മിഷനറിമാരും സ്തുത്യർഹമായ സഭാസേവനം അനുഷ്ഠിച്ചവരാണ്. അതിൽ ഏറ്റവും പ്രധാനവ്യക്തി വി.ഫ്രാൻസിസ് സേവ്യർ തന്നെയാണ്. മിഷനറി പ്രവർത്തനം വഴി കേരളത്തിലെ കടൽത്തീരത്തുള്ള അനേകായിരങ്ങൾ ക്രിസ്ത്യാനികളായി. സമുദായത്തിന്റെ താഴേക്കിടയിൽ നിന്ന അനേകർക്ക് മിഷനറിമാർ സഹായഹസ്തം നീട്ടികൊടുത്തു. സാമൂഹ്യ രംഗത്തും പല നല്ലകാര്യങ്ങൾ പാശ്ചാത്യർ ചെയ്തിട്ടുണ്ട്.

എന്നാൽ അവർ ചെയ്തിട്ടുള്ള നല്ലകാര്യങ്ങൾക്കുകൂടി മങ്ങലേൽക്കത്തക്കവിധമായിരുന്നു അവരുടെ പല പ്രവർത്തനങ്ങളും. ലത്തീൻ രീതികളും ആചാരങ്ങളും മാത്രമായിരുന്നു. യഥാർത്ഥ കത്തോലിക്കാവിശ്വാസത്തിന്റെ കാതലെന്ന് പല മിഷനറിമാരും ധരിച്ചിരുന്നു. ലത്തീൻ റീത്തിൽ നിന്നു വ്യത്യസ്തമായ കാര്യങ്ങളെ കുറിച്ച് ചിന്തിക്കാനും അവർക്ക് കഴിഞ്ഞില്ല. സത്യക്രിസ്ത്യാനികൾ ലത്തീൻകാരായിരിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. മലങ്കരസഭയെ പാശ്ചാത്യസഭയിൽ ലയിപ്പിക്കുന്നതിനുള്ള നടപടികളാണ് അവരുടെ ഭാഗത്തുനിന്ന് ഉണ്ടായത്. അർത്ഥശൂന്യമായ ഒട്ടേറെ മാറ്റങ്ങൾക്ക് അവർ മലങ്കരസഭയെ നിർബന്ധിച്ചു. ഈ പുരാതന സഭയുടെ ആദിമ പരിശുദ്ധിയും വ്യക്തിത്വവും അവർ നശിപ്പിച്ചു. വികല വ്യക്തിത്വമുള്ള ഒരു സങ്കരസഭയാക്കി മാറ്റി. സഭാചൈതന്യത്തിന് നിരക്കാത്ത നിരവധി സംരംഭങ്ങൾക്ക് മലങ്കരസഭ സാക്ഷ്യംവഹിച്ചു. പൊതുവേ പൗരസ്ത്യ കാര്യങ്ങളിൽ പോർട്ടുഗീസുകാർ അജ്ഞരായിരുന്നു എന്ന് സുനഹദോസിൻെറ കാനോനാകൾ വ്യക്തമാക്കുന്നു. പോർട്ടുഗീസുകാർ മലങ്കര സഭയിൽ വരുത്തിയ മാറ്റങ്ങളെപ്പറ്റി ചുരുക്കമായി ചർച്ച ചെയ്യാം.

www.malankaralibrary.com



## 1. മെത്രാന്മാരെ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കര സഭയെ ഭരിച്ചിരുന്ന മേൽപട്ടക്കാർ പേർഷ്യയിൽ നിന്നു വന്നവരായിരുന്നു. അവർ ആരാധനക്രമം അറിയാവുന്നവരും ആരാധനാസമൂഹത്തിന്റെ തലവൻമാരുമായിരുന്നു. അതുപോലെ പ്രാർത്ഥനയുടെ വ്യക്തികളും ആത്മീയാചാര്യൻമാരുമായിരുന്നു. അവരെ ഈ ആത്മീയ ശുശ്രൂഷയിൽനിന്നു തട്ടിമാറ്റിയ പാശ്ചാത്യർ ലത്തീൻമെത്രാൻമാരെ നിയമിച്ചു. മലങ്കരസഭയെപറ്റിയും സഭാപാരമ്പര്യത്തെപ്പറ്റിയും തികച്ചും അജ്ഞരായവർ സഭാധ്യക്ഷസ്ഥാനത്ത് വീരാൻ ഇടയായി.

## 2. ആർച്ചുഡീക്കനെ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരസഭയുടെ ലൗകികഭരണം നടത്തിയിരുന്നത് ആർച്ചുഡീക്കനായിരുന്നു. ഓരോ ഇടവകയിലും പള്ളിയോഗവും സഭയ്ക്കുമൊത്തത്തിൽ പൊതുയോഗവും ഉണ്ടായിരുന്നു. അല്മായർക്കു സഭാകാര്യങ്ങളിൽ നിർണ്ണായക സ്വാധീനം ഉണ്ടായിരുന്നു. സഭാധ്യക്ഷൻമാർ ഭരിക്കുന്നവരും വിശ്വാസികൾ ഭരിക്കപ്പെടേണ്ടവരുമാണെന്ന ചിന്ത അന്നില്ലായിരുന്നു. സഭാഭരണത്തിൽ വൈദികർക്കും ജനങ്ങൾക്കുമെല്ലാം പങ്കുണ്ടായിരുന്നു. പോർട്ടുഗീസ് ആധിപത്യത്തോടു കൂടി ഈ നില മാറി. ആദ്യമാദ്യം നാമമാത്രമായെങ്കിലും ആർച്ചുഡീക്കനെ നിയമിച്ചിരുന്നെങ്കിലും പിന്നെപ്പിന്നെ പ്രസ്തുത സ്ഥാനം തന്നെ ഇല്ലാതായി. തല്സ്ഥാനത്ത് ലത്തീൻ സഭയിലെ പോലെ `വികാരിജനറാൾ' നിയമിതനായി. അതോടുകൂടി ഭരണകാര്യങ്ങളിലെല്ലാം തകിടം മറിച്ചിലുകൾ ഉണ്ടായി.

## 3. വൈദികരെ സംബന്ധിച്ച മാറ്റങ്ങൾ

ഓരോ ഇടവകയിലും അതാതു ദേശത്തെ പട്ടക്കാരാണ് ആധ്യാത്മിക ശുശ്രൂഷകൾ നിർവ്വഹിച്ചിരുന്നത്. ഈ രീതി മാറ്റി വികാരിമാരെ നിയമിക്കുന്ന രീതി ഉദയംപേരൂർ സുനഹദോസാണ് തുടങ്ങിയത്. വൈദികരുടെ ഐച്ഛികബ്രഹ്മചര്യം മാറ്റി ലത്തീൻ സഭയിലേതു പോലെയുള്ള ബ്രഹ്മചര്യാനുഷ്ഠാനം നടപ്പാക്കി. പൗരസ്ത്യ സഭകളിലെല്ലാം ഐച്ഛിക ബ്രഹ്മചര്യമായിരുന്നു. അതായിരുന്നു മലങ്കര സഭാപാരമ്പര്യവും.

## 4. വൈദിക വിദ്യാർത്ഥികളെ സംബന്ധിച്ച്

വൈദിക വിദ്യാർത്ഥികൾക്ക് മല്പാന്മാർ അത്രെ പരിശീലനം നൽകിയിരുന്നത്. ഇന്നത്തെ സെമിനാരി സിസ്റ്റം അന്നില്ലായിരുന്നു.

www.malankaralibrary.com



അതുപോലെ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ ഇടവകയ്ക്ക് നിർണ്ണായക സ്വാധീനം ഉണ്ടായിരുന്നു. ഇടവകയുടെ `ദേശക്കുറി' കിട്ടിയാലേ മെത്രാൻ, പട്ടം നൽകിയിരുന്നുള്ളൂ. ഈ രീതിയൊക്കെ പാടേ മാറി.

## 5. ആരാധന ക്രമം സംബന്ധിച്ച മാറ്റങ്ങൾ

മലങ്കരസഭയിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ പോർട്ടുഗീസുകാർ വളരെയധികം മാറ്റങ്ങൾ വരുത്തി. ലത്തീൻ രീതികളുമായി ചേർന്നുപോകാത്തത് എന്ന് അവർക്കു തോന്നിയവയെല്ലാം വെട്ടിത്തിരുത്തി. ഇവിടെ നിലവിലിരുന്ന മൂന്ന് അനാഫൊറകളിൽ രണ്ടെണ്ണം നിർത്തലാക്കി. ഒന്നാമത്തെ അനാഫൊറയിൽ തന്നെ വളരെയധികം മാറ്റം വരുത്തി. സ്ഥാപന വിവരണം ലത്തീനിൽ നിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്ത് കുർബാന ക്രമത്തിൽ ചേർത്തു. `മിശിഹായുടെ മാതാവ്' എന്നു ചൊല്ലിയിരുന്നിടത്തെല്ലാം `ദൈവമാതാവ്' എന്നാക്കി. നിഖ്യാവിശ്വാസപ്രമാണത്തെ `പുത്രനിൽ നിന്നും' (Filioque) എന്നു കൂട്ടിച്ചേർത്ത് ലത്തീൻ രീതിയിലാക്കി. കൂദാശകളുടെ അനുഷ്ഠാനക്രമം ലത്തീൻ റീത്തനുസരിച്ച് ലത്തീനിൽനിന്നു സുറിയാനിയിലാക്കി. പൗരസ്ത്യ സഭകളിലെ ഔദ്യോഗിക തിരുവസ്ത്രങ്ങൾക്കുപകരം ലത്തീൻ റീത്തിലെ തിരുവസ്ത്രങ്ങൾ ഉപയോഗിക്കാൻ നിർബന്ധിച്ചു. വലത്തേ തോളിൽ നിന്ന് ഇടത്തേ തോളിലേക്ക് കുരിശു വരച്ചിരുന്ന രീതി മാറ്റി, ഇടത്തുനിന്നു വലത്തോട്ടാക്കി. `കുർബാനയുടെ തിരുനാൾ' നടപ്പാക്കി. പൗരസ്ത്യസഭാ പാരമ്പര്യമനുസരിച്ച് പെസഹാ വ്യാഴാഴ്ചയാണ് `കുർബാനയുടെ തിരുനാൾ'. രണ്ടു സാദൃശ്യങ്ങളിൽ കുർബാന കൊടുത്തിരുന്നതു മാറ്റി ഒരു സാദൃശ്യത്തിലാക്കി. പുളിപ്പിച്ച കുർബാനയപ്പത്തിന്റെ സ്ഥാനത്ത് പുളിപ്പിക്കാത്ത അപ്പം ലത്തീൻ സഭയിലേതു പോലെ ഇവിടെ നടപ്പാക്കി. പട്ടം കൊടുക്കുന്ന ക്രമം ലത്തീനിൽ നിന്നെടുത്തു. മറ്റ് കൂദാശകളും ലത്തീൻ റീത്തിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് ഉപയോഗിച്ചു. ആരാധനക്രമ പഞ്ചാംഗം മാറ്റി ലത്തീൻസഭയിലെ വിശുദ്ധരുടെ പേരുകൾ തിരുകിക്കയറ്റി. കൂദാശവചനങ്ങൾ പൗരസ്ത്യരീതിയിൽ (Passive) നിന്നു മാറ്റി ലത്തീൻരീതിയിൽ (Active form) ആക്കി. പൗരസ്ത്യ സുറിയാനി സഭയിലെ വിശുദ്ധരുടെ പേരുകൾ നീക്കം ചെയ്തു. അവരുടെ നാമത്തിലുണ്ടായിരുന്ന പള്ളികൾ ലത്തീൻ സഭയിലെ വിശുദ്ധരുടെ നാമത്തിൽ പുനഃപ്രതിഷ്ഠിച്ചു. പള്ളികളിൽ തൂങ്ങപ്പെട്ട രൂപങ്ങളും മറ്റു രൂപങ്ങളും സ്ഥാപിച്ചു. അന്നുവരെ രൂപമി

www.malankaralibrary.com



ല്ലാത്ത സ്ലീബാ മാത്രമേ മലങ്കരപ്പള്ളികളിൽ ഉണ്ടായിരുന്നുള്ളു. മാമോദീസായോടു കൂടി കൊടുത്തിരുന്ന മൂറോനഭിഷേകം ലത്തീൻ റീത്തിലേതു പോലെ മാറ്റി മാമോദീസായിൽ നിന്നു വേർതിരിച്ചു. മാമോദീസായുടെ അവസരം കുർബാന കൊടുത്തിരുന്ന രീതി നിർത്തലാക്കി.

## 6. നോമ്പ്, ഉപവാസം, എന്നിവ സംബന്ധിച്ചു വരുത്തിയ മാറ്റങ്ങൾ

മലങ്കരയിൽ വലിയ നോമ്പ് ആരംഭിച്ചിരുന്നത് ബുധനാഴ്ചയല്ല, തിങ്കളാഴ്ചയായിരുന്നു. അൻപതു നോമ്പെന്ന് അത് അറിയപ്പെട്ടിരുന്നു. നോമ്പുകാലത്ത് നസ്രാണികൾ മത്സ്യമാംസാദികൾ വർജ്ജിച്ചിരുന്നു. ഉപവാസ ദിവസങ്ങളിൽ വൈകിട്ട് മാത്രമേ ഭക്ഷിച്ചിരുന്നുള്ളു. മലങ്കരയിൽ നിലനിന്ന ഇതും ഇതുപോലുള്ള മറ്റു രീതികളും മാറ്റി ലത്തീൻരീതി പോലെയാക്കി . ഉപവാസദിവസങ്ങളിൽ വൈകിട്ട് മാത്രം ഭക്ഷിക്കുന്ന രീതി, സന്ധ്യമുതൽ സന്ധ്യവരെ ദിവസം കണക്കാക്കുന്ന രീതി ആദിയായവ മാറ്റിമറിച്ചവയിൽ ഉൾപ്പെടുന്നു. മലങ്കരയിൽ നിലനിന്ന മറ്റു പല നോമ്പുകൾക്കും പാശ്ചാത്യർ വേണ്ടത്ര പ്രാധാന്യം നല്കിയില്ല. ഇവയെല്ലാം ജനരോഷത്തിനു കാരണമായി.

മിഷനറിമാർ പാഷണ്ഡതയും അക്രൈസ്തവവും എന്നു പറഞ്ഞ പലതും പൗരസ്ത്യവും ഭാരതീയവും മാത്രമായിരുന്നു. ഈ സഭയെ തങ്ങൾക്ക് കീഴ്പ്പെടുത്തണമെന്ന് അവർ തീരുമാനിച്ചുറച്ചിരുന്നതിനാൽ അതിനു വേണ്ട നടപടികളൊക്കെ അവർ സ്വീകരിച്ചു. മലങ്കര നസ്രാണികളെ ഉദയംപേരൂർ സുനഹദോസുവഴി നെസ്തോറിയനിസത്തിൽനിന്ന് റോമൻ കത്തോലിക്കാ മതത്തിലേക്കു രക്ഷിച്ചെടുത്തുവെന്ന് പാശ്ചാത്യ ലോകത്തെമ്പാടും അവർ പ്രചരിപ്പിക്കുകയും അനേകമാളുകൾ അതു വിശ്വസിക്കുകയും ചെയ്തു. ഇപ്പോഴും ചിലർ അപ്രകാരം വിശ്വസിക്കുന്നു.

www.malankaralibrary.com

അധ്യായം 7

# ഉദയംപേരൂർ മുതൽ കൂനൻ കുരിശു വരെ (1599-1653)

### ആമുഖം

മലങ്കരസഭയെ റോമാസഭയുടെ (ലത്തീൻ റീത്തിൻെറ) ഭാഗമാക്കാനുള്ള ശ്രമമാണിവിടെ നടന്നത്. മലങ്കരസഭ കത്തോലിക്ക സഭയായിരുന്നെങ്കിലും റോമാസഭയുടെ ഭാഗമായിരുന്നില്ല. റോമാ സഭയുടെ ഭാഗമല്ലാത്ത സഭകൾ കാതോലികം അല്ലെന്നു വരുന്നില്ല. എന്നാൽ ഈ സഭയും റോമാസഭയും നേരിട്ടു ബന്ധപ്പെടാൻ സാധിക്കാതെ വളരെക്കാലം കഴിഞ്ഞു. പോർട്ടുഗീസുകാർ വന്നപ്പോൾ മലങ്കരനസ്രാണികൾ ബന്ധം സ്ഥാപിച്ചു. കാതോലിക സഭയായിരുന്ന മലങ്കര സഭയെ റോമാസഭയുടെ ഭാഗം(പ്രോവിൻസ് അഥവാ രൂപത) ആക്കിയെങ്കിലേ "പാഷണ്ഡത" നീങ്ങു എന്നു ധരിച്ചുവശായ പാശ്ചാത്യർ കൊടിയ അപരാധം കാട്ടിക്കൂട്ടി. 1599 മുതൽ ഏതാണ്ട് അര നൂറ്റാണ്ടുകാലം മലങ്കരസഭക്കാർ വീർപ്പുമുട്ടിക്കഴിഞ്ഞു.

### ഫ്രാൻസിസ് റോസ് മെത്രാൻ (1599-1624)

ഗോവൻ ലത്തീൻ അതിരൂപതയുടെ സാമന്തനായിട്ടാണ് റോസ് എന്ന ജസ്വിട്ട് മെത്രാൻ നിയമിതനായത്. നസ്രാണികൾ ശക്തിയായി പ്രതിഷേധിച്ചു. മലങ്കരസഭയ്ക്ക് നീതി ലഭിക്കാൻ ഏതാണ്ട് എട്ടുവർഷമെടുത്തു. 1608-ൽ അങ്കമാലിയെ പഴയരീതിയിൽ അതിരൂപതയായി പുനഃപ്രതിഷ്ഠിച്ചു. തുടർന്ന് അങ്കമാലിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്ക് ആസ്ഥാനം മാറ്റി. എന്നാൽ പദ്രവാദോ രൂപതയെന്ന നില തുടർന്നു. അതായത്, മലങ്കരസഭയുടെ മേൽ പോർട്ടുഗീസ് രാജാവിനാണധികാരം. ഇവിടുത്തെ മെത്രാൻമാരെ പോർട്ടുഗീസ് രാജാവിന്റെ അനുവാദത്തോടും സമ്മതത്തോടും കൂടെ നിയമിക്കണം; ഭാരതത്തിലെ മിഷൻ പ്രവർത്തനങ്ങളുടെ കുത്തകാവകാശം പോർട്ടുഗീസ് രാജാവിനായിരിക്കും എന്നൊക്കെയാണ് ഈ മേൽക്കോയ്മയുടെ അർത്ഥം. അങ്ങനെ, പതി

www.malankaralibrary.com



നാറു നൂറ്റാണ്ടു കാലം പാശ്ചാത്യർക്കോ പാശ്ചാത്യസഭയ്ക്കോ ഇവിടെ ഇല്ലാതിരുന്ന അധികാരം കോളോണിയലിസത്തിന്റെ ഉരുക്കുമുഷ്ടിയിലൂടെ പോർട്ടുഗീസുകാർ നേടിയെടുത്തു. നസ്രാണികളുടെ ശക്തിയായ എതിർപ്പ് അവഗണിച്ചുകൊണ്ടാണ് മിഷനറിമാർ ഇപ്രകാരം ചെയ്തത്. എന്നാൽ നാട്ടുകാരായ ചില ക്രിസ്ത്യാനികൾ ഇവരുടെ പ്രീതി സമ്പാദിക്കുകയും ഇവരുടെ കൂടെ നിൽക്കുകയും അവർക്കുവേണ്ട ഒത്താശകളൊക്കെ ചെയ്തുകൊടുക്കുകയും ചെയ്തു. ഇപ്രകാരം സഭയിൽ തന്നെ ഒരു വിഭജനം ഉണ്ടായതിന്റെ ഫലമായിട്ടാണ് പാശ്ചാത്യരുടെ തന്ത്രങ്ങൾ ഇവിടെ നടപ്പായതും അവർ ഈ സഭയെ കീഴടക്കിയതും. ബിഷപ്പ് റോസ് 1603-ൽ അങ്കമാലിയിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. ഉദയംപേരൂർ സൂനഹദോസിന്റെ ഡിക്രികൾ അപ്പാടെ മലങ്കരസഭയിൽ നടപ്പാക്കുന്നത് മലങ്കര നസ്രാണികൾക്ക് അപമാനകരമായിരിക്കും എന്ന് റോസിനറിയാമായിരുന്നു. ഉദയംപേരൂർ കാനോനാകളെ അടിസ്ഥാനമാക്കി റോസ് മലങ്കരസഭയിൽ ചില നടപടിക്രമങ്ങൾ ഉണ്ടാക്കി. 1606-ൽ റോസ് തന്റെ നിയമാവലി (Statutes) പ്രസിദ്ധീകരിച്ചു. സർവാധികാരങ്ങളും മെത്രാനിൽ കേന്ദ്രീകരിച്ചു. ആർച്ചുഡീക്കന്റെ അധികാരങ്ങൾ നിശ്ശേഷം ഇല്ലാതാക്കി. പിൽക്കാലത്ത് ആർച്ചുഡീക്കനും ലത്തീൻ മെത്രാന്മാരും തമ്മിലുള്ള ഉരസലിന്റെ പ്രധാന കാരണം ഇതായിരുന്നു. കുർബാന, മറ്റ് കൂദാശക്രമങ്ങൾ, കാനോനാ നമസ്കാരത്തിന്റെ ചില ഭാഗങ്ങൾ എന്നിവ അദ്ദേഹം ലത്തീനീകരിച്ചു. ലത്തീൻക്രമം സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് സുറിയാനിയുടെ കൂടെ ചേർത്തു. ചിലയിടങ്ങളിൽ ലത്തീനും സുറിയാനിയും കൂട്ടിക്കലർത്തി. റോസ് ഗോവയുടെ സാമന്തനായിരുന്നെങ്കിലും, മലങ്കര നസ്രാണികളുടെ പുരാതന പാരമ്പര്യമനുസരിച്ച് 'ഇന്ത്യയുടെ മെത്രാപ്പോലീത്താ' എന്നുതന്നെ ഒപ്പിട്ടിരുന്നു. റോസിന്റെ ആർച്ചുഡീക്കന് ലത്തീൻ വികാരി ജനറാളിനെക്കാൾ താഴ്ന്ന അധികാരങ്ങളേ ഉണ്ടായിരുന്നുള്ളു എങ്കിലും 'ഇൻഡ്യയുടെ അർക്കദിയാക്കോൻ' എന്ന് ഒപ്പിട്ടിരുന്നു.

റോസിന്റെ കാലത്ത് 1610 ഡിസംബർ 20ന്, പോർട്ടുഗീസ് പാദ്രവാദോയുടെ കീഴിൽ ഇൻഡ്യയെ മൊത്തം 4 രൂപതകളായി പുനർവിഭജനം നടത്തി: ഗോവ, കൊച്ചി, മൈലാപ്പൂർ, കൊടുങ്ങല്ലൂർ. പുതിയ കൊടുങ്ങല്ലൂർ രൂപതയ്ക്കു പുറത്തുള്ള നസ്രാണികൾ ആരാധനാ രീതികൾ മാറാതെ തന്നെ ലത്തീൻ രൂപതകളിലായി. ഭാരതം മുഴുവനും അധികാരം ഉണ്ടായിരുന്ന മലങ്കര നസ്രാണികളുടെ മെത്രാന്റെ അധികാരം ഇപ്രകാരം പാദ്രവാദോ കൊടുങ്ങല്ലൂർ രൂപതയ്ക്കുള്ളിൽ ഒതുങ്ങി നിന്നു. ഇതേത്തുടർന്ന് കൊടുങ്ങല്ലൂർ രൂപതയെ ഒരു

www.malankaralibrary.com



ലത്തീൻ രൂപത പോലെയാണ് പാശ്ചാത്യർ പരിഗണിച്ചിരുന്നത്. റോസ് ലത്തീനീകരിച്ച ആരാധനക്രമങ്ങളാണ് തുടർന്നുവന്ന നൂറ്റാണ്ടുകളിൽ മലങ്കര നസ്രാണികൾ ഉപയോഗിച്ചിരുന്നത്. 1624-ൽ റോസ് മരിച്ച് പറവൂർ പള്ളിയിൽ കബറടങ്ങി.

## ബ്രിട്ടോയും (1624-41) ഗാർസ്യായും (1641-59)

ഫ്രാൻസിസ് റോസിനുശേഷം സ്റ്റീഫൻ ബ്രിട്ടോ എന്ന ജസ്വിട്ട് പാതിരി മലങ്കര നസ്രാണികളുടെ മെത്രാനായി. വളരെ ചുരുങ്ങിയ പ്രദേശത്തു മാത്രമേ ബ്രിട്ടോയ്ക്കും അധികാരം ഉണ്ടായിരുന്നുള്ളു. എങ്കിലും മാർതോമാ നസ്രാണികളുടെ പാരമ്പര്യത്തിന്റെ പിൻബലത്തിൽ `ഇൻഡ്യയുടെ ആർച്ചുബിഷപ്പ്' എന്നാണ് ഒപ്പിട്ടിരുന്നത്. അദ്ദേഹവും ആർച്ചുഡീക്കന്റെ അധികാരം നാമമാത്രമാക്കി. ഗീവർഗീസ് ആർച്ചുഡീക്കൻ 1640-ൽ അങ്കമാലിപ്പള്ളിയിൽ കബറടങ്ങി. തുടർന്ന് തോമസ് ആർച്ചുഡീക്കൻ സഭാനേതാവായി. റോസിനു സുറിയാനി അറിയാമായിരുന്നെങ്കിലും ബ്രിട്ടോയ്ക്ക് സുറിയാനി ഒട്ടുംതന്നെ വശമില്ലായിരുന്നു. ലത്തീൻ ക്രമങ്ങളോടു യോജിക്കാത്തവയെല്ലാം സുറിയാനി ക്രമത്തിൽ നിന്ന് മാറ്റിക്കളയാനുള്ള ബ്രിട്ടോയുടെ ശ്രമം ജനങ്ങളുടെ എതിർപ്പിനാക്കം കൂട്ടി. ആർച്ചുഡീക്കനുമായി രമ്യപ്പെട്ടു മുൻപോട്ടു പോകാൻ ബ്രിട്ടോ തീരുമാനിച്ചു. കാരണം, ഉത്തരമലബാറിലെ കച്ചവടക്കുത്തക ഉറപ്പിച്ചശേഷം മധ്യകേരളത്തിലേക്കു ശ്രദ്ധ തിരിച്ചിരുന്ന ഡച്ചുകാരെ ചെറുത്തു നിൽക്കുന്നതിന് ആർച്ചുഡീക്കന്റെയും മലങ്കര നസ്രാണികളുടെയും സഹകരണം സമ്പാദിക്കേണ്ടത് പോർട്ടുഗീസുകാരുടെ രാഷ്ട്രീയാവശ്യമായിരുന്നു. അതുകൊണ്ട് ആർച്ചുഡീക്കനെ പ്രീതിപ്പെടുത്തി മുന്നോട്ടുപോകുന്ന നയം ബ്രിട്ടോ സ്വീകരിച്ചു. ആർച്ചുഡീക്കന്റെ സമ്മതപ്രകാരമല്ലാതെ ഏതെങ്കിലും വികാരിയെ നിയമിക്കുകയോ മാറ്റുകയോ മഹറോൻ ചൊല്ലുകയോ മഹറോനിൽ നിന്നു മോചിക്കുകയോ ചെയ്കയില്ലെന്ന് ബ്രിട്ടോ രേഖാമൂലം ആർച്ചുഡീക്കന് ഉറപ്പുനൽകി. എന്നാൽ ഇതുകൊണ്ടൊന്നും മലങ്കരനസ്രാണികളും പോർട്ടുഗീസുകാരും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടില്ല. ബ്രിട്ടോ 1641-ൽ മരിച്ചു.

ബ്രിട്ടോയ്ക്കു ശേഷം ഫ്രാൻസിസ് ഗാർസ്യാ എന്ന ജസ്വിട്ട് പാതിരി നസ്രാണികളുടെ മെത്രാനായി. ഗാർസ്യാ പിടിവാശിക്കാരനും കഠിനഹൃദയനും പ്രതികാര മനോഭാവം ഉള്ളവനുമായിരുന്നു എന്ന് സഹപ്രവർത്തകർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനിയും, മലയാളവും സാമാന്യം നന്നായി അദ്ദേഹത്തിനറിയാമായിരുന്നു. തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അദ്ദേഹത്തിനു പാണ്ഡിത്യവും ഉണ്ടായിരുന്നു. എന്നാൽ അനുരഞ്ജനത്തിന്റെയും സഹകരണത്തി

www.malankaralibrary.com



ന്റെയും പാതയല്ല ഗാർസ്യാ സ്വീകരിച്ചത്. ആർച്ചുഡീക്കന് ബ്രിട്ടോ രേഖാമൂലം എഴുതിക്കൊടുത്തിരുന്നവ പോലും അംഗീകരിക്കാൻ ഗാർസ്യാ കൂട്ടാക്കിയില്ല. മാത്രമല്ല, സുറിയാനി ക്രമങ്ങളെ ലത്തീൻ രീതിക്ക് അനുയോജ്യമാക്കാനുള്ള ശ്രമങ്ങളിൽ ഗാർസ്യായും വ്യാപൃതനായിരുന്നു.

മലങ്കര നസ്രാണികൾക്ക് പോർട്ടുഗീസുകാരോടുള്ള എതിർപ്പും പിണക്കവും അതിന്റെ മൂർദ്ധന്യത്തിലെത്തിയത് ഗാർസ്യാ മെത്രാന്റെ കാലത്താണ്. അതിനു നേതൃത്വം നൽകിയത് തോമാ ആർച്ചുഡീക്കനും. ഈ സഭയെ കീഴമർത്താനുള്ള പോർട്ടുഗീസ് പരിശ്രമങ്ങളോടുള്ള എതിർപ്പ് ഗാർസ്യായോടും ജസ്വിട്ടരോടുമുള്ള എതിർപ്പും വിദ്വേഷവുമായി മാറി. തങ്ങളുടെ ശത്രുവായിട്ടാണ് അവർ ഗാർസ്യായേയും ജസ്വിട്ടരേയും കണ്ടത്. ഒരു പ്രാചീനസഭയുടെ പരമ്പരാഗതമായ ഭരണക്രമവും പോർട്ടുഗീസുകാരുടെ സ്ഥാപിത താല്പര്യങ്ങളുമായുള്ള ഏറ്റുമുട്ടലുമാണ് 1599 മുതൽ ഉള്ള കാലഘട്ടത്തിൽ നമുക്കു കാണാൻ കഴിയുക. പോർട്ടുഗീസുകാർക്ക് രാഷ്ട്രീയലക്ഷ്യങ്ങളുണ്ടായിരുന്നു. മതത്തെ അതിനവർ കരുവാക്കി. മലങ്കരസഭ എന്താണെന്ന് വ്യക്തമായി അറിയാവുന്നവരും സഭയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്തവരും ജനങ്ങളുടെ യഥാർത്ഥ ഇടയന്മാരുമായിരുന്ന ആർച്ചുഡീക്കന്മാർക്ക് കൊളോണിയലിസത്തിന്റെ മുമ്പിൽ തലകുനിച്ചുകൊടുക്കാനായില്ല. സഭയുടെയും സമുദായത്തിന്റെയും അദ്ധ്യക്ഷ സ്ഥാനത്തിരിക്കുന്ന വ്യക്തികൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ സംഗതികൾ ഉണ്ടല്ലോ. ആർച്ചുഡീക്കന്മാർ ഇതു നന്നായി അറിഞ്ഞിരുന്നു. അതിന്റെ പരിണിതഫലമായി കൊളോണിയലിസത്തോട് ഏറ്റുമുട്ടേണ്ടി വന്നു. അതാണ് കൂനൻ കുരിശുസത്യത്തിൽ (1653) നാം ദർശിക്കുക.

www.malankaralibrary.com

അധ്യായം 8

# കൂനൻ കുരിശു സത്യം (1653)

പാശ്ചാത്യമേധാവിത്വത്തിൽ സഹികെട്ട നസ്രാണികൾ 1653-ൽ മട്ടാഞ്ചേരിയിൽ വച്ച് നടത്തിയ ഒരു സമൂഹശപഥമാണ് കുനൻകുരിശു സത്യം. ഒന്നും രണ്ടും നസ്രാണികളല്ല; ഒറ്റതിരിഞ്ഞ് ചില പള്ളിക്കാർ നടത്തിയ ഒരു നീക്കവുമല്ല. പിന്നെയോ, മലങ്കര നസ്രാണിസമുദായം ഒന്നടങ്കം, തങ്ങളുടെ പ്രതിനിധികളായ ഏതാണ്ട് 25000 പേർവഴി പാശ്ചാത്യരുടെ ആധിപത്യത്തിനും സഭാ കൊളോണിയലിസത്തിനും എതിരെ ഒരു സത്യം ചെയ്തു. `സന്തതിയുള്ള കാലത്തോളം സമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കയില്ല'-ഇതായിരുന്നു സത്യം. വൈദികരെല്ലാം മട്ടാഞ്ചേരി പള്ളിക്കകത്ത് മെഴുകുതിരി കത്തിച്ചു പിടിച്ചും ജനങ്ങൾ മട്ടാഞ്ചേരിപ്പള്ളിയുടെ മുൻവശത്തുള്ള കൽകുരിശിൽ നിന്ന് നാലുപാടും കയറുകെട്ടി കയറിൽ പിടിച്ചുമാണ് ശപഥം നടത്തിയത്. പ്രസ്തുത കുരിശ് കുനൻകുരിശെന്നാണ് അറിയപ്പെടുന്നത്. ആ കുരിശ് ഇപ്പോഴും അവിടെയുണ്ട്. അമ്പഴക്കാട്ടിനടുത്തുള്ള ജസ്വിട്ട് പഠനക്കളരി സമ്പാളൂർ എന്നാണ് അറിയപ്പെട്ടിരുന്നത്. `സെന്റ് പോൾസ്'എന്നേ അർത്ഥമുള്ളു. വി.പൗലോസിന്റെ നാമത്തിലുള്ള പഠനക്കളരി. അവിടെനിന്നുള്ള ആളുകളായിരുന്നു ബിഷപ്പന്മാരായ ഫ്രാൻസിസ് റോസും (1599-1624) ബ്രിട്ടോയും (1624-1641) ഫ്രാൻസിസ് ഗാർസ്യായും (1641-1659). ഗാർസ്യായുടെ കാലത്താണല്ലോ കുനൻകുരിശുസത്യം നടന്നത്. സമ്പാളൂർ പാതിരിമാരായ ജസ്വിത്തരെ മേലിൽ അനുസരിക്കുകയില്ല. അവരുടെ കീഴിൽ ഇരിക്കുകയുമില്ല എന്നതായിരുന്നു പ്രതിജ്ഞയുടെ ചുരുക്കം.

**താൽക്കാലിക കാരണം.**

ഈ സംഭവത്തിന് ഒരു താല്ക്കാലിക കാരണം ഉണ്ടായി. മലങ്കര നസ്രാണികൾ പശ്ചിമേഷ്യയിൽ നിന്നുള്ള സുറിയാനി മെത്രാന്മാരെ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. സുറിയാനി മെത്രാന്മാർക്കു വേണ്ടി

www.malankaralibrary.com



പശ്ചിമേഷ്യയിലേക്ക് തുടരെത്തുടരെ നിവേദനങ്ങൾ പൊയ്ക്കൊണ്ടിരുന്നു. അതിന്റെ ഫലമായി 1653-ൽ അഹത്തുള്ള എന്ന ഒരു സുറിയാനിമെത്രാൻ സുറത്തിൽ വന്നിറങ്ങി. അവിടെ നിന്ന് അദ്ദേഹം മൈലാപ്പൂരിലെത്തി. മൈലാപ്പൂരിൽ തീർത്ഥാടനത്തിനുപോയ മലങ്കര നസ്രാണികൾ വശം തോമാ ആർച്ചുഡീക്കന് അഹത്തള്ളാ ഒരു കത്തയച്ചു കൊടുത്തു. അഹത്തള്ളാ പോർട്ടുഗീസ് കപ്പലിൽ കൊച്ചിയിൽ വരുന്ന ദിവസം നസ്രാണികൾ കൃത്യമായി അറിയുകയും അദ്ദേഹത്തെ ആഡംബരപൂർവ്വം സ്വീകരിക്കാൻ അവർ കൊച്ചിയിൽ ഒന്നിച്ചുകൂടുകയും ചെയ്തു. എന്നാൽ പോർട്ടുഗീസുകാർ അഹത്തള്ളായെ കൊച്ചിയിലിറക്കാതെ നേരെ ഗോവയിലേക്കയച്ചു. അഹത്തള്ളാ കൊച്ചിയിൽ ഇറങ്ങിയാൽ കേരളത്തിൽ തങ്ങൾക്കുള്ള സ്വാധീനം നഷ്ടപ്പെടുമെന്നും മലങ്കരക്കാർ ഒന്നടങ്കം തങ്ങളുടെ നേതൃത്വം ഉപേക്ഷിച്ച് അഹത്തള്ളായെ സ്വീകരിക്കുമെന്നും മറ്റും ധരിച്ചുവശായ പോർട്ടുഗീസുകാർ ഇവിടെ എങ്ങനെയും പിടിച്ചുനിന്ന് പോർട്ടുഗീസ് ആധിപത്യം ഉറപ്പിക്കാൻ വേണ്ടിയാണ് അഹത്തള്ളായെ കരയ്ക്കിറക്കാഞ്ഞത്. നസ്രാണികളെ ഭരിച്ചിരുന്ന ഗാർസ്യാ എന്ന ജസ്വിട്ട് മെത്രാൻ അഹത്തള്ളായെ കരയ്ക്കിറങ്ങാൻ അനുവദിച്ചില്ലെന്നു മാത്രമല്ല, കപ്പലിൽ പോയി അദ്ദേഹത്തെ കാണാൻപോലും മലങ്കര നസ്രാണികളെ അനുവദിച്ചില്ല. ഇതിനിടെ, പോർട്ടുഗീസുകാർ അഹത്തള്ളാ മെത്രാനെ കടലിൽ താഴ്ത്തി കൊന്നു എന്ന് ഏതോ കുബുദ്ധികൾ വ്യാജവാർത്ത പരത്തി. ജനം ഇളകിവശായി. അതിന്റെ പ്രത്യാഘാതമായിരുന്നു കൂനൻകുരിശു സത്യം.

അഹത്തള്ളായെ പോർട്ടുഗീസുകാർ കൊച്ചിക്കായലിൽ കെട്ടിത്താഴ്ത്തിക്കൊന്നില്ല. ചില യാക്കോബായ ഗ്രന്ഥങ്ങളിൽ അപ്രകാരം കാണുന്നുണ്ടെങ്കിലും അതിൽ ചരിത്ര സത്യമില്ല. അഹത്തള്ളായെപ്പറ്റി ആധുനിക കാലത്തു ഗവേഷണം നടന്നിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിഗമനത്തിൽ പണ്ഡിതന്മാർ എത്തിയിട്ടുണ്ട്. അഹത്തള്ളാ ആദ്യം പശ്ചിമേഷ്യയിലെ അലെപ്പോയിൽ യാക്കോബായ മെത്രാനായിരുന്നു. കുറേക്കഴിഞ്ഞ് അദ്ദേഹം കത്തോലിക്കനായി, റോമിൽ പോയി കുറേനാൾ അവിടെ താമസിച്ചു. അദ്ദേഹം കെയ്റോയിൽ ആയിരിക്കുമ്പോളാണ് മലങ്കര നസ്രാണികളുടെ നിവേദനം ലഭിച്ചത്. പോർട്ടുഗീസുകാർ അദ്ദേഹത്തെ ആദ്യം ഗോവയിലേക്കും പിന്നെ യൂറോപ്പിലേക്കും കൊണ്ടുപോയി. പാരീസിൽ വച്ച് അദ്ദേഹം മരിച്ചു.

www.malankaralibrary.com



## അനന്തര നടപടി

1653 ജാനുവരി 3-ാം തീയതി വെള്ളിയാഴ്ച ദിവസമായിരുന്നു കുനൻകുരിശുസത്യം. തുടർന്ന് ഇടപ്പള്ളി പള്ളിയിൽ വച്ച് പള്ളിപ്രതിനിധികളുടെ യോഗം നടന്നു. മേലിൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് അവർ ആലോചിച്ചു. ഈശോസഭക്കാരായ മെത്രാൻമാരെ തങ്ങൾക്കു വേണ്ടെന്നും തങ്ങൾക്കുസ്വജാതിയിൽപ്പെട്ട ഒരാളെത്തന്നെ മെത്രാനായി വാഴിച്ചു കിട്ടണമെന്നും, അല്ലെങ്കിൽ വല്ല കർമ്മലീത്തരോ മറ്റേതെങ്കിലും സന്ന്യാസസമൂഹത്തിൽപ്പെട്ടവരോ ആയ മെത്രാന്മാരായാലും വേണ്ടില്ലെന്നും മറ്റും നിശ്ചയങ്ങൾ പാസ്സാക്കി. അതു റോമിലേക്കയയ്ക്കണമെന്നും; 1653-മെയ് മാസം 22-ാം തീയതി ആലങ്ങാട്ടു പള്ളിയിൽ വച്ച് വീണ്ടും ഒരു യോഗം കൂടണമെന്നും ബാക്കി കാര്യങ്ങളെല്ലാം അവിടെവച്ച് തീരുമാനിച്ചു കൊള്ളാമെന്നും നിശ്ചയിച്ചു പിരിഞ്ഞു.

## പന്ത്രണ്ടു വൈദികർ കൂടി നടത്തിയ മെത്രാൻ വാഴ്ച

പന്ത്രണ്ടു വൈദികർ കൂടി ഒരു മെത്രാനെ വാഴിച്ചുകൊള്ളുവാൻ അഹത്തള്ളാ മെത്രാൻ അനുവദിച്ചിരിക്കുന്നു എന്നു കാണിച്ച് ഇട്ടിത്തൊമ്മൻ കത്തനാർ ആയിടയ്ക്ക് ഒരു വ്യാജരേഖ ഉണ്ടാക്കി പ്രചരിപ്പിച്ചു. അത് സത്യമാണെന്നു ധരിച്ച് 1653 മെയ് 22ന് പെന്തിക്കോസ്തി ദിവസം ആലങ്ങാട്ടുപള്ളിയിൽ വച്ച് പന്ത്രണ്ട് വൈദികർ ചേർന്ന് തോമാ ആർച്ചുഡീക്കന്റെ തലയിൽ കൈ വച്ച് `മെത്രാനായി' വാഴിച്ചു. നാല് ആലോചനക്കാരെയും നിയമിച്ചു. പള്ളിവീട്ടിൽ ചാണ്ടികത്തനാർ, കടവിൽ ചാണ്ടിക്കത്തനാർ, വെങ്ങാല്ലൂർ ഗീവർഗ്ഗീസ് കത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നിവരായിരുന്നു നാല് ആലോചനക്കാർ.

കുനൻകുരിശിൽ പിടിച്ച് ലത്തീൻ മിഷനറിമാരുടെ ഭരണത്തിൽ നിന്നു പിന്മാറിയ മലങ്കര നസ്രാണികൾക്ക് ഒരു നേതാവ് ആവശ്യമായിരുന്നു. മെത്രാന്റെ അഭാവത്തിൽ മലങ്കര സഭാഭരണം പരമ്പരാഗതമായി നിർവ്വഹിച്ചിരുന്നത് ആർച്ചുഡീക്കനായിരുന്നു. ആർച്ചുഡീക്കനു പരമ്പരാഗതമായുണ്ടായിരുന്ന അധികാരങ്ങൾ വീണ്ടും അദ്ദേഹത്തിൽ നിക്ഷേപിക്കുന്നതിന്റെ ഒരു പ്രത്യേക ചടങ്ങ് മാത്രമായിരുന്നു പന്ത്രണ്ടുപേരുടെ കൈവയ്പ് എന്നു തോന്നുന്നു. ഇട്ടിത്തൊമ്മൻ കത്തനാർ കാണിച്ച വ്യാജരേഖയിലും `പട്ടം കൊടുക്കുക,വിശുദ്ധ മൂറോൻ കൂദാശ ചെയ്യുക മുതലായ ശുശ്രൂഷകൾ നടത്തുവാൻ പാടില്ല എന്ന നിബന്ധനയോടുകൂടി, താല്ക്കാലിക മെത്രാനായി' നിയമിക്കുന്നതിനാണ് അഹത്തള്ളാ അനുവാദം നൽകിയിരുന്നത്.

www.malankaralibrary.com



## രഹസ്യം പരസ്യമാകുന്നു.

ഇട്ടിത്തൊമ്മൻ കത്തനാർ കാണിച്ച രേഖയുടെ അടിസ്ഥാനത്തിലാണല്ലോ 12 വൈദികർ ചേർന്ന് തോമ്മാ ആർച്ചുഡീക്കനെ മെത്രാന്റെ വേഷഭൂഷാദികൾ അണിയിച്ചത്. എന്നാൽ അധികം താമസിയാതെ സത്യം വെളിപ്പെടാൻ തുടങ്ങി. കേട്ടവർ കേട്ടവർ വിഷണ്ണരായി നിന്നുപോയി. തനിക്കു മെത്രാൻ പട്ടം ഇല്ല എന്നു ആർച്ചുഡീക്കനും അറിയാമായിരുന്നു.

## ജോസഫ് സെബസ്ത്യാനി

മലങ്കരസഭയിൽ വലിയൊരു പ്രശ്നം ഉണ്ടായിരിക്കുന്നു; ഉടനെ അതിലിടപെട്ട് വേണ്ട നിവർത്തി ഉണ്ടാക്കണം എന്ന് കാണിച്ചുള്ള സന്ദേശങ്ങൾ റോമിൽ എത്തിക്കൊണ്ടിരുന്നു. 1653-ലെ ഈ പ്രശ്നത്തെപ്പറ്റി അന്വേഷിക്കാൻ റോമിൽ നിന്ന് ജോസഫ് മരിയ സെബസ്ത്യാനി, ഹിയാസിന്ത് എന്നീ കർമ്മലീത്താ വൈദികരെ കേരളത്തിലേക്കയച്ചു. സെബസ്ത്യാനി 1657-ൽ കേരളത്തിലെത്തി. മുട്ടം, മട്ടാഞ്ചേരി, ഇടപ്പള്ളി, ആലങ്ങാട് എന്നിവിടങ്ങളിൽ സെബസ്ത്യാനി യോഗങ്ങൾ സംഘടിപ്പിച്ച് ഇവിടുത്തെ നിജസ്ഥിതി മനസ്സിലാക്കി. `മാർതോമാ ആർച്ചുഡീക്കന് 12 വൈദികർ നൽകിയ മെത്രാൻ പട്ടം ശരിയല്ല. ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജരേഖയാണ്. മാർപാപ്പാ എന്നെ അയച്ചിരിക്കുകയാണ്' എന്നെല്ലാം സെബസ്ത്യാനി ജനങ്ങളെ ധരിപ്പിച്ചു. സെബസ്ത്യാനിയുടെ പ്രവർത്തനഫലമായി, സത്യം ഗ്രഹിച്ച അനേകം മലങ്കര നസ്രാണികൾ തിരികെ വീണ്ടും മിഷനറിമാരെ അംഗീകരിക്കാൻ തുടങ്ങി. 1658-ൽ സെബസ്ത്യാനി റോമിൽ പോയി. 1658 മാർച്ച് 10ന് ഹിയാസിന്ത് എന്ന മറ്റേ കർമ്മലീത്താ സന്യാസി കേരളത്തിൽ വിസിറ്ററായി എത്തി. അദ്ദേഹവും തോമാ ആർച്ചുഡീക്കനെ സന്ദർശിച്ച് ചർച്ചകൾ നടത്തി. വടി,.മുടി മുതലായ സ്ഥാനചിഹ്നങ്ങൾ ത്യജിക്കാൻ തോമാ സന്നദ്ധത പ്രകടിപ്പിച്ചു. മിഷനറിയായ ഗാർസ്യാ മെത്രാപ്പോലീത്തയാകട്ടെ ഇതിനകം ഒരു ബദൽ ആർച്ചുഡീക്കനെ നിയമിച്ചു കഴിഞ്ഞിരുന്നു. `തിരികെ വരാം; എന്നാൽ ഗാർസ്യായെ അംഗീകരിക്കയില്ല' എന്ന നിലപാടായിരുന്നു പൊതുവെ നസ്രാണികൾക്കുണ്ടായിരുന്നത്. ഗാർസ്യയാകട്ടെ, എല്ലാവരും തന്റെ കീഴിൽ തിരികെവരണം എന്നു ദുശ്ശാഠ്യം പിടിച്ചു. പുതുതായി നിയമിക്കപ്പെട്ട ആർച്ചുഡീക്കൻ പിന്മാറാനും സന്നദ്ധത കാണിച്ചില്ല. അങ്കമാലി ഇടവക ഉൾപ്പെടെ പല ഇടവകകളെയും തിരികെ കൊണ്ടുവരുവാൻ ഹിയാസിന്തിനു സാധിച്ചു. എന്നാൽ 1659 ജൂലൈ 26ന് തോമാ

www.malankaralibrary.com



ആർച്ചുഡീക്കനെ ഹിയാസിന്ത് മഹറോൻ ചൊല്ലി. പൂർണമായ ഐക്യത്തിനുള്ള വാതിൽ ഈ കർമ്മലീത്താ വൈദികൻ കൊട്ടിയടച്ചു. തുടർന്ന് സെപ്തംബർ 3-ന് ഗാർസ്യാ മരിച്ചു. 1661 ഫെബ്രുവരി 10ന് ഹിയാസിന്തും കൊച്ചിയിൽ വച്ച് മരിച്ചു. റോമിൽ പോയിരുന്ന സെബസ്ത്യാനി മെത്രാനായി 1661 മെയ് 14ന് കേരളത്തിലെത്തി. കൊടുങ്ങല്ലൂരിലെ പാദ്രവാദോ ജസ്വിട്ട് ഭരണത്തിൽ തുടരാൻ ആഗ്രഹമില്ലാതിരുന്ന മാർതോമാ ക്രിസ്ത്യാനികൾക്കു വേണ്ടി 'മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ്' എന്ന പേരിൽ ഒന്ന് റോം സ്ഥാപിച്ചു. അതിന്റെ അപ്പസ്തോലിക വികാരിയായിട്ടാണ് സെബസ്ത്യാനി മെത്രാൻ കേരളത്തിലെത്തിയത്. ജസ്വിട്ടരെ അധ്യക്ഷന്മാരായി സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള മാർതോമാ ക്രിസ്ത്യാനികളിൽ പലരും സെബസ്ത്യാനിയെ സ്വീകരിച്ചു. സെബസ്ത്യാനി ആർച്ചുഡീക്കനുമായി പുനരൈക്യ ചർച്ചകളാരംഭിച്ചു. തന്റെ പട്ടം ക്രമീകരിക്കണം എന്ന നിബന്ധന ആർച്ചുഡീക്കൻ തോമാ മുന്നോട്ടു വച്ചു. സ്വമേധയാ സ്വീകരിച്ച സ്ഥാനവസ്ത്രങ്ങൾ സ്വമേധയാ താഴെ വയ്ക്കട്ടെ. പിന്നെ പട്ടത്തെപ്പറ്റി ചിന്തിക്കാം എന്നായിരുന്നു സെബസ്ത്യാനിയുടെ നിലപാട്. ഈ കാലഘട്ടത്തിൽ ഡച്ചുകാർ പോർട്ടുഗീസുകാരിൽ നിന്ന് കൊടുങ്ങല്ലൂരും കൊച്ചിയും പിടിച്ചെടുത്തു. ഉടൻ നാടുവിട്ടുകൊള്ളണമെന്ന് സെബസ്ത്യാനിയോട് ഡച്ചുകാർ ആവശ്യപ്പെട്ടു. ആ അവസരം തോമാ ആർച്ചുഡീക്കന്റെ പട്ടം ക്രമപ്പെടുത്തി സഭയിൽ ഐക്യം പുനഃസ്ഥാപിക്കാമായിരുന്നു. എന്നാൽ മാർതോമായ്ക്കു പട്ടം കൊടുക്കാൻ സെബസ്ത്യാനി കൂട്ടാക്കിയില്ല. സെബസ്ത്യാനി തോമാ ആർച്ചുഡീക്കനെ മഹറോൻ ചൊല്ലി. ആർച്ചുഡീക്കന്റെ കുടുംബത്തിൽപെട്ടയാളും ആലോചനക്കാരിലൊരുവനുമായ പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടിക്കത്തനാരെ കടുത്തുരുത്തി വലിയപള്ളിയിൽ വച്ച് മെത്രാനായി വാഴിച്ചിട്ട് 1663 ഫെബ്രുവരി 14ന് നാടുവിട്ടു.

ആർച്ചുഡീക്കനാകട്ടെ തന്റെ പട്ടം ക്രമീകരിച്ചു കിട്ടാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി 1665-ൽ ജറുസലേമിൽ നിന്ന് മാർ ഗ്രിഗോറിയസ് എന്ന യാക്കോബായ മെത്രാൻ കേരളത്തിലെത്തി. തുടർന്ന് സമുദായം രണ്ടുവഴിക്കു പിരിഞ്ഞു. ചാണ്ടി മെത്രാന്റെ കൂടെ നിന്നവർ പുരാതനമായ പൗരസ്ത്യസുറിയാനി ആരാധനാരീതികൾ അതേപടി തുടരുകയും കത്തോലിക്കരായി തുടർന്നു ജീവിക്കുകയും ചെയ്തു. അവർ പഴയരീതികൾ തന്നെ തുടർന്നതിനാൽ പഴയകൂറ്റുകാർ എന്നറിയപ്പെട്ടു. തോമ്മാ ആർച്ചുഡീക്കനെ സഭാനേതാവായി അംഗീകരിക്കയും യാക്കോബായക്കാരനായ മാർ ഗ്രിഗോറിയോസിനെ സ്വീകരിക്കയും കാലാന്തരത്തിൽ അന്ത്യോക്യൻ രീതികളും ക്രമ

www.malankaralibrary.com



ങ്ങളും സ്വീകരിക്കയും ചെയ്തവർ പുത്തൻകൂറ്റുകാർ എന്നറിയപ്പെട്ടു. പുത്തൻകൂർ, പഴയകൂർ തിരിവുകൾ മാർ ഗ്രിഗോറിയോസിന്റെ വരവിനു മുമ്പുതന്നെ ഉണ്ടായിരുന്നു എന്ന് ചിലർ രേഖപ്പെടുത്തി കാണുന്നു. റോമിലേക്കു നിവേദനങ്ങളയയ്ക്കുകയും റോമിന്റെ നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തവർ പഴയകൂറ്റുകാരെന്നും റോമിന്റെ നിർദേശങ്ങൾ തിരസ്കരിച്ചവർ പുത്തൻകൂറ്റുകാരെന്നും വിളിക്കപ്പെട്ടു എന്നാണ് അതേപ്പറ്റിയുള്ള അവരുടെ അഭിപ്രായം.

www.malankaralibrary.com

അധ്യായം 9

# മലങ്കരസഭ- കത്തോലിക്കാസഭ തന്നെ

മാർതോമാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ച മിശിഹായുടെ സഭ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയായിരുന്നു. മിശിഹായുടെ ഏക സഭയുടെ ശുശ്രൂഷകരായിരുന്നു ശ്ലീഹൻമാർ. ഈ സഭയെ പണിയാനാണ് ശ്ലീഹൻമാർ ലോകമെങ്ങും അയയ്ക്കപ്പെട്ടത്. മലങ്കരസഭയുടെ പിൽക്കാലബന്ധം പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയോടായിരുന്നതുകൊണ്ടും പാശ്ചാത്യ മിഷനറിമാർ വന്നപ്പോൾ പശ്ചിമേഷ്യയിൽ നിന്നുള്ള പൗരസ്ത്യസുറിയാനി മെത്രാൻമാരും അവരുടെ ആരാധനക്രമ ഗ്രന്ഥങ്ങളും കാണുവാൻ ഇടയായതു കൊണ്ടും ഇവിടുത്തെ മലങ്കരനസ്രാണികളുടെ സഭ നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നു എന്ന് പാശ്ചാത്യർ ധരിച്ചുവശാകുകയും അപ്രകാരം പാശ്ചാത്യലോകത്തു പ്രചരിപ്പിക്കുകയും ചെയ്തു.

എന്നാൽ കേരളത്തിൽ ഈയടുത്തകാലത്ത് ചിലർ പ്രചരിപ്പിക്കുന്നത് മാർതോമ്മാശ്ലീഹാ സ്ഥാപിച്ചത് ഓർത്തഡോക്സ് സഭയാണ് എന്നത്രെ. വേറെ ചിലർ പറയുന്നത് മാർതോമാ സഭയാണ് ശ്ലീഹാ സ്ഥാപിച്ചത് എന്നാണ്. ഇനിയും ചിലർ പറയുന്നത് യാക്കോബായ സഭയാണ് ക്രി.വ.52-ൽ ശ്ലീഹാ സ്ഥാപിച്ചത് എന്നാണ്.

മാർതോമ്മാ സഭ ആദ്യം നവീകരണകക്ഷി എന്നറിയപ്പെട്ടിരുന്നു. 1889-ൽ യാക്കോബായക്കാരുമായി കേസിൽ തോറ്റ അവസരവും `നവീകരണകക്ഷി', `നവീകരണ യാക്കോബായക്കാർ' എന്നൊക്കെയാണ് അവർ വിളിക്കപ്പെട്ടിരുന്നത്. യാക്കോബായ സഭയിൽ നിന്നു പിരിഞ്ഞുപോയവരാണ് അവർ. തീത്തൂസ് ദ്വിതീയൻ മാർതോമാ എന്ന നവീകരണകക്ഷിയിലെ മെത്രാന്റെ കാലത്താണ് (1899-1944) ഇവർ "മാർതോമ്മാസഭ എന്ന" പേരെടുത്തത്.

"ഓർത്തഡോക്സ് സഭ 1912-ലാണ് യാക്കോബായ സഭയിൽ നിന്നു മാറി കാതോലിക്കേറ്റ് സ്ഥാപിച്ച് വേറെ സഭയായത്.

www.malankaralibrary.com



1934-ലാണ് അവർ ഭരണഘടന ഉണ്ടാക്കുന്നതും ഭരണഘടനയിൽ ഓർത്തഡോക്സ് എന്ന പേരെടുത്തു വയ്ക്കുന്നതും. 1912വരെ അവരും യാക്കോബായാ സഭ എന്നാണ് അറിയപ്പെട്ടിരുന്നത്.

യാക്കോബായ സഭ കേരളത്തിൽ രംഗപ്രവേശനം ചെയ്യുന്നത് 1665-ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാന്റെ വരവോടുകൂടിയാണ്. അതിനുമുമ്പ് ഇവിടെ യാക്കോബായാ സഭ ഇല്ലായിരുന്നു. തോമാ ആർച്ചുഡീക്കന്റെ നേതൃത്വം സ്വീകരിച്ച് കൂനൻകുരിശു സത്യത്തോടു കൂടി പിളർന്നു മാറിയ പുത്തൻകൂറ്റുകാരാണ് കാലക്രമത്തിൽ യാക്കോബായക്കാർ ആയിത്തീർന്നത്.

പുത്തൻകൂർ വിഭാഗത്തിൽ നിന്ന് 1772-ൽ തൊഴിയൂർ സഭ പിളർന്നുമാറി. 1836-ൽ 6000 ഓളം യാക്കോബായക്കാർ ആംഗ്ളിക്കൻകാരായി.

മലങ്കരയിലെ പുരാതനസഭ നെസ്തോറിയനായിരുന്നോ എന്നാണ് ഇനി അന്വേഷിക്കാനുള്ളത്.

നെസ്തോറിയനിസം എന്തെന്നു നോക്കാം: "യേശുമിശിഹായിൽ ദൈവത്വവും മനുഷ്യത്വവും ഉണ്ടെങ്കിൽ രണ്ടു വ്യക്തികളും ഉണ്ടായിരിക്കണം." എന്ന് നെസ്തോറിയനിസം എന്ന അബദ്ധോപദേശം പഠിപ്പിക്കുന്നു. ഈ രണ്ടു വ്യക്തികൾ തമ്മിൽ രണ്ടു കൂട്ടുകാർ തമ്മിലുള്ള ബന്ധമേയുള്ളു. അതായത്, ധാർമ്മികൈക്യം. കന്യകമറിയം യേശു എന്ന മാനുഷികയാളിന്റെ അമ്മയാണ്. അതുകൊണ്ട് മറിയത്തെ "ദൈവമാതാവ്" എന്നു വിളിക്കാൻ പാടില്ല- ഇതാണ് നെസ്തോറിയനിസം. പേർഷ്യൻ സഭയിൽ ഈ പാഷണ്ഡത ഇല്ലായിരുന്നെങ്കിലും യാക്കോബായക്കാർ ഇവരെ കളിയാക്കി നെസ്തോറിയൻകാർ എന്നു വിളിച്ചിരുന്നു. പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്ന മലങ്കരസഭയും നെസ്തോറിയനാണെന്ന് പാശ്ചാത്യർ കരുതി. കാര്യവിവരമുള്ള യാതൊരു വ്യക്തിക്കും നെസ്തോറിയനിസം എന്നറിയപ്പെടുന്ന പാഷണ്ഡത അംഗീകരിക്കാൻ സാധിക്കുകയില്ല. ശ്ലീഹന്മാർ വരച്ചുകാട്ടിയ യേശുമിശിഹാ സത്യമായും എന്നേക്കും ദൈവപുത്രൻ തന്നെയാണ്. മനുഷ്യനായി തീർന്ന വചനമായ ദൈവമാണ് അവിടുന്ന്. ദൈവത്തിന്റെ ഏകജാതൻ തന്നെയാണ് കന്യകയുടെ ആദ്യജാതനായിതീർന്നത്. തലമുറ തലമുറകളായി സഭ കൈമാറിയതും ഈ ദൈവികരഹസ്യം നിറഞ്ഞ നിഗൂഢയാഥാർത്ഥ്യമാണ്. സത്യവിശ്വാസിയായ യാതൊരു വ്യക്തിക്കും ഇതു നിഷേധിക്കുവാൻ സാധ്യമല്ല.

www.malankaralibrary.com



മലങ്കരസഭ നെസ്തോറിയൻ പാഷണ്ഡത പഠിപ്പിച്ചിരുന്നില്ല. എന്നാൽ പാശ്ചാത്യ മിഷനറിമാരെ സംബന്ധിച്ച്, ലത്തീൻ ഭാഷയിൽ നിന്നു വ്യത്യസ്തമായതെന്തും പാഷണ്ഡതയായിരുന്നു. സുറിയാനിഭാഷ പാഷണ്ഡതയുടെ ഉറവിടവും. ഇവിടെയുണ്ടെന്നു പാശ്ചാത്യർ പറഞ്ഞു പ്രചരിപ്പിച്ച "പാഷണ്ഡത" പാശ്ചാത്യരുടെ ഭാവനാ സൃഷ്ടിയാണ്. ഈ സഭ ഒരിക്കലും നെസ്റ്റോറിയൻ പാഷണ്ഡത അംഗീകരിച്ചിരുന്നില്ല. മിശിഹായുടെ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയായിരുന്നു മലങ്കരസഭ. മാർ തോമാശ്ലീഹായുടെ കാലം മുതൽ മലങ്കരസഭ കത്തോലിക്കാവിശ്വാസം പുലർത്തിയിരുന്നെന്ന് മിഷനറിമാർ തന്നെ എഴുതിയിട്ടുണ്ട്. നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചത് സുറിയാനി പുസ്തകങ്ങൾ നശിപ്പിക്കാനും പൗരസ്ത്യസുറിയാനി സഭയിൽ നിന്ന് മേലിൽ മെത്രാന്മാർ വരാതിരിക്കുന്നതിനും ഈ അപ്പസ്തോലിക സഭയിൽ ലത്തീൻഭരണം നടപ്പാക്കി ലത്തീൻസഭയുടെ ഭാഗമാക്കുന്നതിനുമുള്ള തന്ത്രമായിരുന്നു.

മലങ്കരയിലെ പുരാതനസഭ കത്തോലിക്കാസഭയായിരുന്നു എന്നതിന് മലങ്കരസഭയുടെ ചരിത്രത്തിൽ നിന്ന് ചില തെളിവുകൾ കുടി മുന്നോട്ടുവയ്ക്കുന്നു.

## 1. മാർത്തോമാശ്ലീഹാ സ്ഥാപിച്ച സഭ

ലോകം മുഴുവൻ ശ്ലീഹൻമാർ പ്രസംഗിച്ച, യേശുക്രിസ്തുവിന്റെ സത്യസഭയായിരിക്കണം മാർത്തോമാശ്ലീഹാ ഭാരതത്തിലും സ്ഥാപിച്ചത്.

## 2. പന്തേനൂസ് കണ്ട സഭ

അലക്സാണ്ഡ്രിയായിൽ നിന്ന് പന്തേനൂസ് എന്ന പണ്ഡിതൻ ഭാരതത്തിലെത്തി എന്ന പാരമ്പര്യം സജീവമാണ്. പന്തേനൂസിന്റെ കാലത്ത് (190) ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഭകളെല്ലാം തന്നെ ഒരേ വിശ്വാസം പാലിച്ചിരുന്നു.

## 3. ആദ്യകാല മലങ്കര-പോർട്ടുഗീസ് ബന്ധങ്ങൾ

വാസ്കോഡിഗാമയെയും അനുയായികളെയും 1498-ലും തുടർന്നും മലങ്കര നസ്രാണികൾ സന്തോഷപൂർവ്വം സ്വീകരിച്ചത് അവർ പാശ്ചാത്യലോകത്തു നിന്നു വന്ന ക്രൈസ്തവ സഹോദരങ്ങളായതിനാലാണ്. തങ്ങളുടേതും അവരുടേതും ഒരേ സഭയും ഒരേ വിശ്വാസ

www.malankaralibrary.com



വുമായി നസ്രാണികൾ മനസ്സിലാക്കി. പോർട്ടുഗീസ് വൈദികരെ നസ്രാണികൾ തങ്ങളുടെ പള്ളികളിൽ കയറ്റിയതും വിശുദ്ധ കുർബാന അർപ്പിക്കാൻ അനുവദിച്ചതും, തങ്ങൾ ക്രിസ്തുവിന്റെ സഭ ആയതിനാലും പോർട്ടുഗീസുകാരും ക്രിസ്തുവിന്റെ അതേ സഭയുടെ അംഗങ്ങളാണെന്നുള്ള അവബോധത്താലുമത്രേ.

## 4. വി. ഫ്രാൻസിസ് സേവ്യറിന്റെ കത്തുകൾ

മലങ്കരസഭ മിശിഹായുടെ കത്തോലിക്കാസഭയാണെന്ന് ഫ്രാൻസിസ് സേവ്യറിനെപ്പോലെയുള്ളവർ സാക്ഷിച്ചിട്ടുണ്ട്. അതുപോലെ ഇവിടുത്തെ മെത്രാനായ മാർ യാക്കോബിന്റെ സത്യവിശ്വാസത്തെപ്പറ്റിയും സേവ്യർ വളരെ പ്രകീർത്തിച്ച് യുറോപ്പിലേക്ക് കത്തുകളെഴുതിയിട്ടുണ്ട്. കൊടുങ്ങല്ലൂരെ മലങ്കര ദേവാലയത്തിന് ദണ്ഡവിമോചനം നൽകണം എന്നുകാണിച്ച് ഫ്രാൻസിസ് സേവ്യർ റോമിലേക്കെഴുതുകയുണ്ടായി. കത്തോലിക്കരുടേതല്ലാത്ത ഒരു ദേവാലയത്തിനു വേണ്ടി ഫ്രാൻസിസ് സേവ്യർ ഇപ്രകാരം എഴുതുകയില്ലല്ലോ. പോർട്ടുഗീസുകാർ കൊടുങ്ങല്ലൂർ സ്ഥാപിച്ച വൈദികസെമിനാരിയിലേക്ക് നൂറിൽ പരം നസ്രാണികുടുംബങ്ങൾ യുവാക്കളെ വൈദിക പരിശീലനത്തിനയച്ചു എന്ന് ഫ്രാൻസിസ് സേവ്യറിന്റെ മറ്റൊരുകത്തിൽ കാണുന്നു. ഇതും ഉദയംപേരൂർ സുനഹദോസിന് അര നൂറ്റാണ്ടുമുമ്പു നടന്ന സംഗതിയാണ്.

## 5. മാർപാപ്പായുടെ കത്തുകൾ

മലങ്കര സഭയ്ക്കു വേണ്ടി ഗോവയിലെ ലത്തീൻ സഭയുടെ സിനഡുകളിൽ നിയമങ്ങളുണ്ടാക്കി. സുറിയാനി മെത്രാനായ മാർ അബ്രഹാമിനെ കൊണ്ട് അവ നടപ്പിലാക്കാനായിരുന്നു പോർട്ടുഗീസ് തന്ത്രം. ഗോവൻ സിനഡുകളിൽ നിന്നു നീതി ലഭിക്കില്ലെന്നു മനസ്സിലാക്കിയ മാർ അബ്രഹാം സിനഡിൽ സംബന്ധിക്കാൻ വിസമ്മതിച്ചു. ഈ പശ്ചാത്തലത്തിൽ നാലാം പീയൂസ് പാപ്പാ (1559-65) മാർ അബ്രഹാമിനു വേണ്ടി നാലുകത്തുകളെഴുതി. ഒന്ന് പശ്ചിമേഷ്യയിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് അബ്ദീശോയ്ക്ക് (1555-71) ഉള്ളതാണ്. മറ്റുകത്തുകൾ ഗോവാ, കൊച്ചി എന്നിവിടങ്ങളിലെ ലത്തീൻ മെത്രാൻമാർക്കുള്ളതായിരുന്നു. അങ്കമാലി കത്തോലിക്കാ ഇടവകയുടെ യഥാർത്ഥ അജപാലകനായ മാർ അബ്രഹാമിനോട് ലത്തീൻ മിഷനറിമാർ മാന്യമായി ഇടപെടേണ്ടതാണെന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

www.malankaralibrary.com



## 6. മിഷനറിമാരുടെ സാക്ഷ്യം

ലുഡൊവിക്കോ വർത്തേമാ (1505), നുനസ് ബറേറ്റോ (1561), ഡയനീഷ്യോ (1570) എന്നീ മിഷനറിമാരും മലങ്കര നസ്രാണികളുടെ സത്യവിശ്വാസത്തെപ്പറ്റി സാക്ഷിച്ചിട്ടുണ്ട്.

## 7. റോസിന്റെ സാക്ഷ്യം

മലങ്കര നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായ റോസ് എന്ന ജസ്വിട്ട് മിഷനറിയാണ് മലങ്കരസഭയിൽ നെസ്തോറിയനിസം ആരോപിച്ച് ആദ്യമായി ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചത്. 1585/6-ൽ പ്രസിദ്ധീകൃതമായ പ്രസ്തുത രേഖയിൽ ആ മിഷനറി `നെസ്തോറിയനിസമായി' തനിക്കു തോന്നിയ കുറേ സംഗതികൾ നിരത്തിവയ്ക്കുന്നുണ്ട്. അതിന്റെ അവസാനം അദ്ദേഹം ഇപ്രകാരം പറയുന്നു. `ഇങ്ങനെയെക്കെയാണെങ്കിലും അവർ കന്യകമറിയത്തെ ദൈവമാതാവ് എന്ന് പരസ്യമായി വിളിക്കുന്നു. മറിയത്തെ ദൈവമാതാവ് എന്ന് വിളിക്കാതിരിക്കുന്നതാണല്ലോ നെസ്തോറിയനിസം എന്ന പാഷണ്ഡത. മലങ്കര നസ്രാണികൾ ആകട്ടെ അപ്രകാരം വിളിക്കുന്നു. അപ്പോൾ അദ്ദേഹം പറയുന്ന ഈ "തെറ്റുകൾ" അദ്ദേഹത്തിന്റെ ധാരണയിൽ നിന്നുണ്ടായിട്ടുള്ളതാണ്. റോസ് തുടരുന്നു. "ഈ ക്രിസ്ത്യാനികൾ റോമൻ കത്തോലിക്കാ വിശ്വാസം പുലർത്തിയിരുന്നവരാണ് " റോസ് മലങ്കര മെത്രാനായ ശേഷം 1601ൽ റോമിലെ ജസ്വിട്ടു ജനറലിനെഴുതിയ കത്തിൽ മലങ്കര നസ്രാണികളെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്. "ഇവർ പൗരസ്ത്യദേശത്തെ ഏറ്റവും പുരാതന ക്രിസ്തീയ സഭയാണെന്നുള്ളതിൽ സംശയമില്ല. മാർതോമാ ശ്ലീഹായാണ് ഇവരെ വിഗ്രഹാരാധനയിൽ നിന്ന് നമ്മുടെ വിശുദ്ധ വിശ്വാസത്തിലേക്ക് ആനയിച്ചത്. അജ്ഞാനികളുടെയും യഹൂദരുടെയും മുഹമ്മദീയരുടെയും ഇടയിലാണ് അവർ താമസിച്ചിരുന്നതെങ്കിലും നിരന്തരമായി ഇന്നുവരെയും അവർ അവരുടെ വിശ്വാസത്തിൽ അടിയുറച്ചു തന്നെയാണ് നിലനിന്നിട്ടുള്ളത് ".

## 8. ഉദയംപേരൂർ സൂനഹദോസുമായി ബന്ധപ്പെട്ട രേഖകൾ

ഉദയംപേരൂർ സൂനഹദോസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചാലും ഇവിടുത്തെ സഭ കത്തോലിക്കാസഭയായിരുന്നു എന്ന് വ്യക്തമാകുന്നു: (i) സൂനഹദോസിനു മുമ്പ് ഡോം മെനെസിസ് എന്ന ഗോവൻ ലത്തീൻ കത്തോലിക്കാ മെത്രാൻ നിരവധി നസ്രാണി ദേവാലയങ്ങൾ സന്ദർശിച്ചു. പ്രസ്തുത ദേവാലയങ്ങളിൽ പരസ്യമായി വി.കുർബാനയർപ്പിച്ചു. കൊടുങ്ങല്ലൂർ(5) ഉദയംപേരൂർ(38) കടുത്തുരുത്തി,

www.malankaralibrary.com



പറവൂർ (50) എന്നിവിടങ്ങളിൽ വച്ച് വൈദികരെ വാഴിച്ചു. പള്ളികൾ സന്ദർശിച്ച അവസരം മെനെസിസ് സുറിയാനി സഭാചാരങ്ങളെയും മെത്രാൻമാരെയും പിതാക്കന്മാരെയും താറടിച്ചും അധിക്ഷേപിച്ചും പ്രസംഗിച്ചു. ജനങ്ങൾ ഇതിൽ കുപിതരായി. എതിർക്കുന്നവരെ മഹറോൻ ചൊല്ലുമെന്നു ഭീഷണിപ്പെടുത്തി. മലങ്കര ദേവാലയങ്ങൾ കത്തോലിക്കാപള്ളികൾ അല്ലായിരുന്നെങ്കിൽ, ജനങ്ങൾ അകത്തോലിക്കരായിരുന്നെങ്കിൽ, മെനെസിസിനു പള്ളികളിൽ കയറാനോ മേൽപറഞ്ഞ വിധം പ്രവർത്തിക്കാനോ സാധിക്കുമായിരുന്നില്ല; അവരാരും കുട്ടികളെ ഒരു കത്തോലിക്കാ മെത്രാന്റെ പക്കൽ പട്ടം സ്വീകരിക്കാൻ അയയ്ക്കുകയില്ലായിരുന്നു. കത്തോലിക്കാമെത്രാന്റെ മഹറോൻ ഭീഷണിയെ അകത്തോലിക്കർ എന്തിനാണു ഭയപ്പെടുന്നത്?

(ii) ഉദയംപേരൂർ സുനഹദോസ് വിളിച്ചുകൂട്ടാൻ 1599 മെയ് 14-ന് ചേന്നമംഗലത്തു നിന്ന് മെനെസിസ് എല്ലാ പള്ളികൾക്കുമായി ഒരു സർക്കുലർ അയച്ചു. അതിപ്രകാരമാണ്. "ദിവ്യമായ അനുസരണത്തിന്റെ അവകാശത്തോടും ലംഘനത്തിൽ മഹറോൻ ശിക്ഷ വിധിച്ചുകൊണ്ടും നാം ആജ്ഞാപിക്കുന്നു....." ഈ സർക്കുലറിൽ മെനെസിസ് അകത്തോലിക്കരെയല്ല, കത്തോലിക്കരെയാണ് അഭിസംബോധന ചെയ്യുന്നത്. ദിവ്യമായ അനുസരണം അകത്തോലിക്കരോട് ഒരു കത്തോലിക്കാമെത്രാന് ആവശ്യപ്പെടാമോ? കത്തോലിക്കരുടെ മഹറോനെ കത്തോലിക്കർ അല്ലാത്തവർ എന്തിനു ഭയപ്പെടണം? ഇവിടുത്തെ ജനങ്ങൾ കത്തോലിക്കർ ആയതിനാലത്രേ കത്തോലിക്കാ മെത്രാനെ അവർ ശ്രവിച്ചത്.

(iii)മെനസിസിന്റെ കല്പന അനുസരിച്ച് കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും 153 പട്ടക്കാരും 660 ജനപ്രതിനിധികളും വേറെ ക്ഷണിക്കപ്പെട്ട 11 പേരും ഉൾപ്പെടെ 824 പേർ ഉദയംപേരൂരെത്തി ഒരാഴ്ച നീണ്ടുനിന്ന സിനഡിൽ സംബന്ധിച്ചു. മലങ്കര നസ്രാണികൾ കത്തോലിക്കർ അല്ലായിരുന്നെങ്കിൽ, ഒരു കത്തോലിക്കാ ആർച്ചുബിഷപ്പിന്റെ കല്പന കിട്ടിയ ഉടൻതന്നെ ഇടവക പ്രതിനിധികളും പട്ടക്കാരും ഉദയംപേരൂർ എത്തുമായിരുന്നോ?

(iv) സിനഡിന്റെ വിജയത്തിനായി കുർബാന അർപ്പിക്കണമെന്നും ലുത്തിനിയാ ചൊല്ലണമെന്നും, കുമ്പസാരിക്കണമെന്നും മറ്റും മെനെസിസ് നിർദ്ദേശിച്ചു. പ്രതിനിധികൾ അപ്രകാരം ചെയ്തു. രഹസ്യചർച്ചകൾ നിരോധിച്ചു. സിനഡു തീരാതെ ഉദയംപേരൂർ വിട്ടുപോകരുതെന്ന് കല്പിച്ചു. ഇതു രണ്ടും മഹറോൻ ശിക്ഷയിൻ കീഴിലായിരുന്നു.

www.malankaralibrary.com



അവിടെ കുടിയിരുന്ന വൈദികരും ജനങ്ങളും മെനെസിസിനെപ്പോലെ കത്തോലിക്കരായിരുന്നു എന്നല്ലേ ഇതു തെളിയിക്കുന്നത്.

## 9. കൂനൻ കുരിശു സത്യത്തെക്കുറിച്ചുള്ള രേഖകൾ

കൂനൻ കുരിശു സത്യത്തെക്കുറിച്ചുള്ള രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചാലും മലങ്കര നസ്രാണികൾ കത്തോലിക്കരായിരുന്നു എന്ന് വ്യക്തമാണ്.

### *(i) കൂനൻകുരിശു സത്യം ജസ്വീട്ടർക്കെതിര്*

കൂനൻകുരിശു സത്യം ആർക്കെതിരായിരുന്നു? സാർവ്വത്രിക സഭാദ്ധ്യക്ഷനായ റോമിലെ മാർപാപ്പായ്ക്കും കത്തോലിക്കാസഭയ്ക്കും എതിരായിരുന്നോ? അതോ; മെനെസിസിന്റെ പിൻതലമുറക്കാരായ പാശ്ചാത്യമിഷനറിമാർക്ക് എതിരായിട്ടായിരുന്നോ? മിഷനറിമാർക്കെതിരായിരുന്നു എന്നതാണ് ചരിത്രസത്യം. എന്നാൽ അതിനെ വളച്ചൊടിച്ച് പുതിയ ചരിത്രം സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ട് ചിലർ അത് 'മാർപാപ്പായ്ക്കെതിരായിരുന്നു' എന്ന് വ്യാജമായി പറയാറുണ്ട്.

### *(ii) ആർച്ചുഡീക്കന്റെ കത്തുകൾ*

ഉദയംപേരൂർ സുനഹദോസു മുതൽ ലത്തീൻ മെത്രാൻമാരാണല്ലോ മലങ്കര നസ്രാണികളെ ഭരിച്ചിരുന്നത്. അവരെ നീക്കം ചെയ്യുക, സുറിയാനി മെത്രാന്മാരുടെ ഭരണം പുനസ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങൾ സാധിച്ചുകിട്ടുന്നതിനായി 1599 മുതൽ ഗീവർഗ്ഗീസ് ആർച്ചുഡീക്കൻ തുടരെത്തുടരെ റോമിലേക്ക് കത്തുകളയച്ചിരുന്നതായി കാണാം.

### *(iii) അഹത്തള്ളാ സംഭവം*

മലങ്കരയിലുള്ളവർ കത്തോലിക്കനായ അഹത്തള്ളായെ സ്വീകരിക്കാൻ തയാറായത് അദ്ദേഹം മാർപാപ്പായാൽ അയയ്ക്കപ്പെട്ട വ്യക്തി എന്ന ധാരണയിലത്രേ. "അദ്ദേഹം മാർപാപ്പായുടെ കല്പനപ്രകാരം വന്നതല്ല എന്നു തെളിഞ്ഞാൽ കടലിൽ മുക്കികൊല്ലുമെന്ന് വേണ്ടപ്പെട്ട അധികൃതരെ അറിയിക്കാനും അവർ മടിച്ചില്ല." എന്നാണ് 1657-ൽ സെബസ്ത്യാനിയെ കൊച്ചി കത്തീഡ്രൽ ചാപ്ലിൻ റവ.ദോമിനുസ് അറിയിച്ചത്. അഹത്തള്ളായെ കടലിൽ മുക്കികൊന്നു എന്ന കിംവദന്തി പരന്നപ്പോൾ തോമാ ആർച്ചുഡീക്കൻ പോർട്ടുഗീസ് കപ്പിത്താന്റെ പേർക്ക് എഴുതി. "അഹത്തള്ളായെ തിരികെ കൊണ്ടു വരുവാൻ

www.malankaralibrary.com



സാധ്യമല്ലെങ്കിൽ, ജസ്വിട്ടരൊഴിച്ച് മറ്റാരെങ്കിലും മാർപാപ്പായുടെ കല്പനയാൽ വരാൻ ഇടപാടു ചെയ്യണം....... എന്നാൽ പൗലിസ്ത്യർ വേണ്ട.. അവർ ഞങ്ങളുടെയും.. റോമാ സഭയുടെയും ശത്രുക്കളാകുന്നു.." മലങ്കര നസ്രാണികൾക്ക് മാർപാപ്പായോടല്ല, ജസ്വിട്ട് മിഷനറിമാരോടായിരുന്നു പിണക്കം എന്ന് ഈ കത്തു വ്യക്തമാക്കുന്നു.

### *(iv) ആലങ്ങാട്ടു യോഗം*

കൂനൻ കുരിശു സത്യത്തിനു ശേഷം ആലങ്ങാട്ടു ചേർന്ന നസ്രാണികളുടെ യോഗതീരുമാനത്തിൽ നാം ഇപ്രകാരം കാണുന്നു: "മാർപാപ്പായുടെയും... റോമാസഭയുടെയും കല്പനയും നിശ്ചയവുമനുസരിച്ച് നാം ഒരു മെത്രാപ്പോലീത്തായെ അവരോധിച്ചിരിക്കുന്നതിനാലും.. നമുക്ക് ഈ മെത്രാപ്പോലീത്തായോടു കൂടി നിൽക്കുക തന്നെ ചെയ്യാം... അവർ (ജസ്വിട്ടർ) മാർപാപ്പായുടെയും റോമാസഭയുടെയും ശത്രുക്കളായിരിക്കുന്നതു കൊണ്ട്, പാത്രിയാർക്കീസിനെ നമ്മുടെ കണ്ണു കൊണ്ട് കാണുന്നതു വരെ നാം അവരുടെ സ്നേഹത്തിലിരിക്കേണ്ടതില്ല. ആ സന്യാസ സമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കല്പനയെ നാം ശ്രദ്ധിക്കേണ്ടതുമില്ല". ഇപ്രകാരം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയവർ മാർപാപ്പായ്ക്ക് എതിരെയാണ് സത്യം ചെയ്തതെന്ന് എങ്ങനെപറയാൻ സാധിക്കും.?

### *(v) പോർട്ടുഗീസ് കപ്പിത്താന്റെ സാക്ഷ്യം*

കൂനൻകുരിശു സത്യത്തെപ്പറ്റി പോർട്ടുഗീസ് കപ്പിത്താൻ ഗോവാ വൈസ്രോയിക്കയച്ച കത്തിൽ ഇപ്രകാരം കാണുന്നു. "തങ്ങളുടെ അദ്ധ്യക്ഷനായി ഗാർസ്യാ മെത്രാപ്പോലീത്തായെയോ, ഈശോ സഭക്കാരിൽ ആരെയെങ്കിലുമോ സ്വീകരിക്കയില്ലെന്ന് അവർ സത്യം ചെയ്തു."

ഈ രേഖകളെല്ലാം ഒരു യാഥാർത്ഥ്യത്തിലേക്കാണു വിരൽ ചൂണ്ടുക. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കര സഭ ഏകവും വിശുദ്ധവും കാതോലികവുമായ സഭയായിരുന്നു. മാർതോമാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസത്തെ സംശയിച്ചുകൊണ്ടുള്ള ഒരൊറ്റ പ്രസ്താവനപോലും വി. ഫ്രാൻസിസ് സേവ്യറാകട്ടെ, ആദ്യകാല രേഖകളാകട്ടെ നൽകിയിട്ടില്ല. വിശ്വാസത്തിലും ഭക്തിയിലും സഭാ ജീവിതത്തിലും ഉന്നത നിലവാരം പുലർത്തിയിരുന്ന ഒരു സഭയെയാണ് മിഷനറിമാർ ദർശിച്ചത്.

www.malankaralibrary.com

അധ്യായം 10

# പുത്തൻകൂർ ചരിത്രം (1653-1815)

കുനൻകുരിശു സത്യത്തിനു ശേഷം മലങ്കരസഭ പലതായി പിളർന്നു. പ്രധാനമായി മലങ്കരക്കാർ നാലു തട്ടുകളിലായി: (1) കൊച്ചി പാദ്രവാദോ ലത്തീൻ രൂപതയിലും മറ്റു ലത്തീൻ രൂപതകളിലും 1610-ൽ ഉൾപ്പെട്ടുപോയ കുറേ പള്ളിക്കാർ. അവർ ആരാധനക്രമം മാറ്റാതെ ലത്തീൻ മെത്രാൻമാരുടെ കീഴിൽ കഴിഞ്ഞു. (2) കൊടുങ്ങല്ലൂർ പാദ്രവാദോ രൂപതിയിലേക്ക് (ഗാർസ്യായുടെ കീഴിലേക്ക്) കുനൻ കുരിശിനുശേഷം (1653) തിരികെപോയ ഏതാണ്ട് ഒമ്പതു പള്ളിക്കാർ. (3) പ്രൊപ്പഗാന്തയുടെ കീഴിൽ സെബസ്ത്യാനി മുതലുള്ള (1661) "മലബാറിലെ വികാരിയേറ്റിൽ" ചാണ്ടി മെത്രാന്റെ കീഴിൽ വന്ന ബഹു ഭൂരിപക്ഷം പള്ളികൾ. 64 പള്ളികൾ പൂർണ്ണമായും 20 എണ്ണം ഭാഗികമായും ചാണ്ടിമെത്രാന്റെ കീഴിലായിരുന്നു. (4) തോമാ ആർച്ചുഡീക്കന്റെ (മാർതോമായുടെ) കീഴിൽ കുനൻകുരിശിൽ ഉറച്ചുനിന്ന ന്യൂനപക്ഷം പള്ളികൾ. 26 പള്ളികൾ പൂർണമായും 20 എണ്ണം ഭാഗികമായും മാർതോമാ ഒന്നാമനെ സ്വീകരിച്ചു.പാശ്ചാത്യലോകത്തുനിന്നു വന്ന മിഷനറിമാരുടെ പ്രവർത്തനഫലമായി ഇത്രയും ദുരന്തങ്ങൾ ഇവിടുത്തെ ഏക സഭയ്ക്കുണ്ടായി. ഈ വ്യത്യസ്ത നേതൃത്വങ്ങളുടെ കീഴിൽ വരികയും അവരുടെ രീതികളിൽ പരിചയിക്കയും ചെയ്ത മാർതോമാ നസ്രാണികൾ വ്യത്യസ്ത രീതികളിൽ ചിന്തിക്കാനും സഭാവീക്ഷണം പുലർത്താനും തുടങ്ങി.

ഈ അധ്യായത്തിൽ നാം തുടർന്നു ചർച്ച ചെയ്യുന്നത് തോമാ ആർച്ചുഡീക്കന്റെ നേതൃത്വം സ്വീകരിച്ച നാലാമത്തെ വിഭാഗത്തെപ്പറ്റിയാണ്. അവരാണല്ലോ പുത്തൻകൂറ്റുകാർ എന്നറിയപ്പെടുന്ന നസ്രാണികൾ.

## അഞ്ചു മാർതോമാ മെത്രാൻമാർ (1653-1765)

തോമാ ആർച്ചുഡീക്കന് പന്ത്രണ്ടു വൈദികർ "കൊടുത്ത" പട്ടം ക്രമപ്പെടുത്താനാണ് ജറുസലേമിൽ നിന്നു മാർ ഗ്രിഗോറിയോസിനെ

www.malankaralibrary.com



1665-ൽ വരുത്തിയത്. എന്നാൽ അദ്ദേഹത്തിന് മാർ ഗ്രിഗോറിയോസ് പട്ടം കൊടുത്തു എന്നതിന് തെളിവുകളില്ല. കൂടാതെ അന്ത്യോക്യൻ യാക്കോബായ സഭയിൽ മെത്രാൻ സ്ഥാനം സ്വീകരിക്കുന്ന വ്യക്തി പേരു മാറുന്ന പാരമ്പര്യം പുരാതനമാണ് എന്നു പറയപ്പെടുന്നു. അപ്രകാരം ഒരു പേരുമാറ്റം മാർതോമായുടെ കാര്യത്തിൽ സംഭവിക്കാഞ്ഞത് മാർ ഗ്രിഗോറിയോസിൽ നിന്നു പട്ടം സ്വീകരിച്ചിട്ടില്ല എന്നതിനു തെളിവായി ചിലർ ചൂണ്ടിക്കാണിക്കുന്നു. മലങ്കരയിൽ അന്ത്യോക്യൻ ആരാധന ക്രമമോ യാക്കോബായ വിശ്വാസമോ നടപ്പാക്കാൻ മാർ ഗ്രിഗോറിയോസ് മുതിർന്നില്ല. ഉദയംപേരൂർ സുനഹദോസ് നിർത്തലാക്കിയ പൗരസ്ത്യാചാരങ്ങളുടെ ഉദ്ധാരകനായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടത്. തോമാ ആർച്ച്ഡീക്കൻ ഒന്നാം മാർതോമാ എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. അദ്ദേഹം 1670-ൽ മരിച്ചു. അങ്കമാലി പള്ളിയിൽ കബറടങ്ങി.

തുടർന്നു ഭരണം നടത്തിയ രണ്ടാം മാർതോമാ 1686-ൽ നിരണത്തു വച്ചു മരിച്ച്, നിരണം പള്ളിയിൽ കബറടങ്ങി. ഒന്നാം മാർതോമായിൽ നിന്നാണ് രണ്ടാം മാർതോമായ്ക്കു കൈവയ്പു കിട്ടിയത്. പിന്നീടു ഭരിച്ച മൂന്നാം മാർതോമായ്ക്കു (1686-8) രണ്ടാം മാർതോമായിൽ നിന്നു കൈവയ്പു സ്വീകരിക്കാൻ സാധിച്ചില്ല. രണ്ടാം മാർതോമാ മരിച്ചപ്പോൾ അവിടെ കൂടിയവരെല്ലാം കൂടി മൂന്നാം മാർതോമായെ തെരഞ്ഞെടുത്ത് നിയമിച്ചു എന്നു ചിലർ പറയുന്നു. അക്കാലത്ത് പശ്ചിമേഷ്യയിൽ നിന്നു വന്ന മാർ ഈവാനിയോസാണ് മൂന്നാം മാർതോമായെ വാഴിച്ചതെന്ന് മറ്റു ചിലർ പറയുന്നു. എന്നാൽ ഒന്നാം മാർതോമായ്ക്കു പട്ടം നൽകാതെ മാർ ഗ്രിഗോറിയോസ് ഒഴിഞ്ഞു മാറി എന്നും പറയപ്പെടുന്നു. കടമ്പനാടു പള്ളിയിൽ സംസ്കരിക്കപ്പെട്ടു. നാലാം മാർതോമാ (1688-1728) മൂന്നാം മാർതോമായിൽ നിന്നു കൈവയ്പ് സ്വീകരിച്ചു കണ്ടനാട്ടുപള്ളിയിൽ വച്ചു മരിക്കുകയും അവിടെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. നാലാം മാർതോമായിൽ നിന്നു കൈവയ്പ് ലഭിച്ച അഞ്ചാം മാർതോമായും (1728-65) നിരണം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

അഞ്ചാം മാർതോമായുടെ കാലത്ത് 1751-ൽ കേരളത്തിൽ വന്ന മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് എന്നീ അന്ത്യോക്യൻ യാക്കോബായാ മെത്രാൻമാരാണ് അന്ത്യോക്യൻ ആരാധനക്രമം മലങ്കരയിൽ കൊണ്ടുവന്നതും പ്രചരിപ്പിക്കാൻ ശ്രമിച്ചതും. അതിനുമുമ്പ് പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും റോസ് മെത്രാൻ പരിഷ്ക്കരിച്ച പൗരസ്ത്യ സുറിയാനി കുർബാനയും ആരാധനക്രമങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. പൗരസ്ത്യ സുറിയാനി

www.malankaralibrary.com



ആരാധനക്രമത്തോട് ആർക്കും എതിരില്ലായിരുന്നു. നൂറ്റാണ്ടുകളായി മലങ്കരയിൽ നിലനിന്നതും തലമുറ തലമുറകളായി പിതാക്കന്മാർ കൈമാറിയതുമായിരുന്നു അത്. എന്നാൽ സമുദായം പിളർന്ന് അകന്നു കൊണ്ടിരുന്നപ്പോൾ അന്ത്യോക്യൻ യാക്കോബായ ആരാധന ക്രമത്തിന് പുത്തൻകൂറ്റുകാരുടെ ഇടയിൽ പ്രചാരം ലഭിച്ചു.

## ആറാം മാർത്തോമാ (1761-1808)

വലിയ മാർ ദിവന്നാസ്യോസ് അഥവാ ദിവന്നാസ്യോസ് (ഡയനീഷ്യസ്) ഒന്നാമൻ എന്നറിയപ്പെടുന്ന മെത്രാനാണ് ഇദ്ദേഹം. തന്റെ മുൻഗാമിയിൽ നിന്ന് 1761-ൽ ലഭിച്ച പട്ടത്തെപ്പറ്റി സംശയമുണ്ടായിരുന്ന ആറാം മാർതോമാ പശ്ചിമേഷ്യയിൽ നിന്ന് 1751-ൽ വന്ന ഗ്രിഗോറിയോസ് എന്ന അന്ത്യോക്യൻ യാക്കോബായ മെത്രാനിൽ നിന്ന് 1770-ൽ ആദിമുതലുള്ള പട്ടങ്ങളെല്ലാം ഒന്നു കൂടി സ്വീകരിച്ച് "മെത്രാനായി" മാർ ദിവന്നാസ്യോസ് എന്ന് പേരും മാറ്റി. തോമാ ആർച്ചുഡീക്കന്റെ (ഒന്നാം മാർ തോമായുടെ) കാലം മുതൽ ഉള്ള പുത്തൻകൂർ സഭാദ്ധ്യക്ഷന്മാരിൽ ശരിയായ കൈവയ്പു ലഭിച്ചത് ഇദ്ദേഹം മാത്രമായിരുന്നു എന്നു ചിലർ കരുതുന്നു. മറ്റുള്ളവരുടെ കൈവയ്പിനെപ്പറ്റി പല ചരിത്രകാരന്മാരും സംശയം പ്രകടിപ്പിക്കുന്നുണ്ട്. 1653-ലെ കൂനൻ കുരിശുസത്യം മുതലുള്ള പരിശ്രമഫലമായി 1770-ലാണ് പുത്തൻകൂറ്റുകാർക്ക് ശരിയായ കൈവയ്പു ലഭിച്ചത് എന്നാണ് അവരുടെ അഭിപ്രായം. അന്ത്യോക്യൻ സഭയുടെ കൈവയ്പ് ആദ്യമായി ലഭിച്ച മലങ്കര മേൽപട്ടക്കാരൻ ആറാം മാർതോമായാണ് എന്നാണ് പൊതുവെയുള്ള അഭിപ്രായം. അതിനോട് യോജിക്കാത്തവരും ഉണ്ട്.

മാർ ദിവന്നാസ്യോസിന്റെ കാലത്താണ് തൊഴിയൂർ സഭ (അഞ്ഞൂർ സഭ) ആരംഭിച്ചതും (1772) വട്ടിപ്പണം ബാങ്കിൽ നിക്ഷേപിക്കപ്പെട്ടതും, പുത്തൻകൂർ പഴയകൂർ പുനരൈക്യ ചർച്ചകൾ ഗൗരവമായി നടന്നതും, ടിപ്പു എന്ന മുസ്ലീം ഭരണാധികാരി മൈസൂറിൽ നിന്ന് കേരളത്തിലെത്തി പള്ളികൾക്കു തീവച്ചതും, നിർബന്ധിച്ച് മതപരിവർത്തനം നടത്തിയതും. തിരുവിതാംകൂർ ദിവാനായ വേലുത്തമ്പിയും കൊച്ചി ദിവാനായ പാലിയത്തച്ചനും കൂടി ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികൾക്കെതിരെ ആക്രമണങ്ങളഴിച്ചുവിട്ടു. ക്രിസ്ത്യാനികൾക്ക് ഇക്കാലത്ത് വളരെ കഷ്ടനഷ്ടങ്ങളുണ്ടായി.

www.malankaralibrary.com



***പുനരൈക്യ പരിശ്രമം***

പുത്തൻകൂർ - പഴയകൂർ പുനരൈക്യത്തിനായി അക്ഷീണം പരിശ്രമിച്ച ഒരു വലിയ സമുദായ സ്നേഹിയായിരുന്നു ആറാം മാർ ത്തോമാ. അന്നത്തെ പഴയകൂർ സമുദായ പ്രമാണിയായിരുന്ന തച്ചിൽ മാത്തുത്തരകനും വൈദിക പ്രമുഖനായ കരിയാറ്റി യൗസേപ്പ് മൽപ്പാനും മറ്റു സമുദായാംഗങ്ങളും ഇതിനായി അക്ഷീണം പരിശ്രമിച്ചു. കരിയാറ്റിയും പാറേമ്മാക്കാലും കൂടി വളരെയധികം ത്യാഗങ്ങളും കഷ്ടനഷ്ടങ്ങളും സഹിച്ച് ആറാം മാർത്തോമ്മായുടെ സഭൈക്യാപേക്ഷയുമായി മലങ്കരസഭയുടെ താല്പര്യപ്രകാരം പോർട്ടുഗീസ് കപ്പലിൽ റോമിലും പോർട്ടുഗലിലും പോയി. അവസാനം എല്ലാം അംഗീകരിപ്പിച്ച്, കരിയാറ്റി 1782-ൽ മെത്രാപ്പോലീത്താ ആയി. തിരികെ ഗോവാ വരെ വന്നു. അവിടെ വച്ച് 1786-ൽ അദ്ദേഹം മരിച്ചു. അവിടെത്തന്നെ സംസ്കരിക്കപ്പെട്ടു (1960-ൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട്ട് ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ സംസ്കരിച്ചു.) തുടർന്ന് പാറേമ്മാക്കൽ തോമ്മാക്കത്തനാർ സഭാ നേതാവായിരുന്നപ്പോഴും ഐക്യചർച്ചകൾ നടന്നു. തച്ചിൽ മാത്തുത്തരകനായിരുന്നു അതിനു നേതൃത്വം കൊടുത്തത്. അതിന്റെ ഫലമായി ആറാം മാർത്തോമ്മാ 1799 ജൂൺ 22ന് കത്തോലിക്കാ സഭയിൽ ചേർന്ന് ആലപ്പുഴ തത്തംപള്ളിയിൽ താമസം തുടങ്ങി. എന്നാൽ അദ്ദേഹത്തെ സുറിയാനി സമുദായത്തിന്റെ ഭരണം ഏൽപ്പിക്കാൻ ലത്തീൻ മിഷനറിമാർ തയ്യാറല്ലായിരുന്നു. അദ്ദേഹത്തെ ഭരണമേൽപ്പിച്ചാൽ സുറിയാനിക്കാരെല്ലാം അദ്ദേഹത്തിന്റെ കൂടെ ചേരാനിടയാകും. തങ്ങൾക്ക് ഇവിടുത്തെ സഭയിൽ സ്ഥാനമില്ലാതാകും എന്നു കണ്ട മിഷനറിമാർ അദ്ദേഹത്തിനു ഭരണം നൽകുന്നതിനു തടസ്സങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ഇക്കാരണത്താൽ ആറു മാസങ്ങൾക്കു ശേഷം അദ്ദേഹം തിരികെ പുത്തൻകൂർ സഭയിലേക്കു പോയി. 1808-ൽ അദ്ദേഹം മരിച്ചു. പുത്തൻകാവു പള്ളിയിൽ കബറടങ്ങി.

## തുടർന്നു ഭരിച്ച മൂന്നു പേർ (1808-15)

ആറാം മാർത്തോമ്മാ തന്റെ പിൻഗാമിയായി 1796-ൽ ഏഴാം മാർത്തോമ്മായെ വാഴിച്ചു. എന്നാൽ ഒരു പിൻഗാമിയെ വാഴിക്കാൻ സാധിക്കാതെ ഏഴാം മാർത്തോമ്മാ 1809ൽ മരിച്ചു. ഏഴാം മാർത്തോമ്മായുടെ കൈ മരണക്കിടക്കയിൽ തലയിൽ വച്ചു വാഴിക്കപ്പെട്ടയാളാണ് എട്ടാം മാർത്തോമ്മാ (1809-16) എന്നും പറയപ്പെടുന്നു. യഥാർത്ഥ കൈവയ്പില്ലാതിരുന്നതിനാൽ അദ്ദേഹത്തിനു ഭരണം മുമ്പോട്ടു കൊ

www.malankaralibrary.com



ണ്ടുപോകുവാൻ സാധിച്ചില്ല. എന്നാൽ എട്ടാം മാർതോമാ തന്നെ തന്റെ പിൻഗാമിയായി ഒൻപതാം മാർതോമായെ 1815-ൽ വാഴിച്ചെങ്കിലും അദ്ദേഹത്തിന് ഒട്ടും ഭരിക്കാൻ സാധിച്ചില്ല. എട്ടാം മാർത്തോമ്മാ നിരണത്തുവച്ചു മരിച്ചു. പുത്തൻകാവുപള്ളിയിൽ കബറടക്കപ്പെട്ടു. ഒൻപതാം മാർത്തോമ്മാ മരണംവരെ കടമറ്റം പള്ളിയിൽ സന്ന്യാസജീവിതം നയിച്ചു. അവിടെ വച്ച് മരിക്കുകയും ചെയ്തു.

നാം അപഗ്രഥിക്കുന്ന ഈ കാലയളവിൽ (1653-1815) അന്ത്യോക്യൻ രീതികളും ക്രമങ്ങളും മലങ്കരയിലെ പുത്തൻകൂറ്റുകാരുടെ ഇടയിൽ വ്യാപകമായി പ്രചരിച്ചിരുന്നില്ല. മലങ്കരസഭയിലെ രണ്ട് വിഭാഗങ്ങളായിരുന്ന പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും രണ്ട് നേതൃത്വത്തിൽ കീഴിലായിരുന്നെങ്കിലും അവർ തമ്മിൽ വളരെയധികം അകന്നിരുന്നില്ല. പല പള്ളികളും ഇരുകൂട്ടർക്കും പൊതുവായിരുന്നു. പലയിടങ്ങളിലും ഈ കാലഘട്ടത്തിലും, പഴയകൂറ്റുകാരെപ്പോലെ പുത്തൻകൂറ്റുകാരും ബിഷപ്പ് റോസ് പരിഷ്കരിച്ച പൗരസ്ത്യ സുറിയാനി ആരാധനക്രമം ഉപയോഗിച്ചുകൊണ്ടിരുന്നു. അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസുമാർ ഇവിടെ അധികാരം ഉണ്ടെന്ന് ഈ കാലഘട്ടത്തിലും അവകാശപ്പെട്ടിരുന്നില്ല. സമുദായത്തെ ഒന്നിപ്പിച്ച് ഒരു നേതൃത്വത്തിൻ കീഴിൽ മുന്നോട്ടു കൊണ്ടുപോകുവാനുള്ള പല പരിശ്രമങ്ങൾ ഈ കാലയളവിൽ നടന്നു.

www.malankaralibrary.com

അധ്യായം 11

# മലങ്കരസഭയും സി.എം.എസ്. മിഷനറിമാരും (1815-1840)

## ആമുഖം

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനവും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭവും കേരളത്തിൽ മാറ്റങ്ങളുടെ കാലഘട്ടമായിരുന്നു. 1792- മുതൽ ഇവിടെ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിതമായി. മദ്രാസിലെ ബ്രിട്ടീഷ് ഗവർണർ വില്യം ബെൻറിക്കിന്റെ നിർദ്ദേശാനുസരണം ആംഗ്ലിക്കൻ മിഷനറി ഡോക്ടർ കേർ മലങ്കരയിലെ പുത്തൻകൂർ വിഭാഗത്തെപ്പറ്റി 1805-ൽ ഒരു പഠനം നടത്തി. ഗവർണ്ണർക്ക് റിപ്പോർട്ടു സമർപ്പിച്ചു. ക്ലോഡിയസ് ബുക്കാനൻ 1806-ൽ ഈ സഭ സന്ദർശിച്ചു. സുറിയാനി സഭയെപ്പറ്റി കുടുതലായി അറിയുക, പുരാതന കൈയ്യെഴുത്തുപ്രതികൾ ശേഖരിക്കുക എന്നിവ ബുക്കാനന്റെ ലക്ഷ്യങ്ങളായിരുന്നു. ബുക്കാനന്റെ സന്ദർശന വിവരണങ്ങളിലൂടെ മലങ്കരസഭയെപ്പറ്റി ഇംഗ്ലണ്ടിലെ ജനങ്ങൾ കൂടുതലായി അറിയാൻ ഇടയായി. ചർച്ച് മിഷനറി സൊസൈറ്റി (സി.എം.എസ്) 1799-ൽ രുപീകൃതമായി പ്രവർത്തനങ്ങൾ തുടങ്ങിയ കാലഘട്ടമായിരുന്നു അത്. അവർ1816-ൽ ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങി. അന്ന് തിരുവിതാംകുറിലെ റസിഡൻറായിരുന്ന കേണൽ മൺട്രോയാണ് സി.എം.എസ്.കാരെ ഇവിടേക്കു ക്ഷണിച്ചത്.

## സെമിനാരി സ്ഥാപനം

കോട്ടയത്ത് പഴയ സെമിനാരി എന്നറിയപ്പെടുന്ന വൈദിക പരിശീലന കേന്ദ്രം 1813-ലാണ് തുടങ്ങിയത്. പുലിക്കോട്ടിൽ ഇട്ടുപ്പ് റമ്പാൻ എന്ന വൈദികപ്രമുഖൻ അതിനു നേതൃത്വം കൊടുത്തു. ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺറോ വൈദിക സെമിനാരിക്കായി കുറെ സ്ഥലം കരമൊഴിവായി സർക്കാരിൽ നിന്നു കൊടുപ്പിച്ചു. വട്ടിപ്പണത്തിന്റെ പലിശയായി 3360 രൂപായും വേറെ 20000

www.malankaralibrary.com



രൂപയും കല്ലടയിൽ മൺറോതുരുത്ത് എന്നറിയപ്പെടുന്ന സ്ഥലങ്ങളും സെമിനാരി പണിക്കും നടത്തിപ്പിനുമായി മല്പാനു ലഭിച്ചു. കൂടാതെ തിരുവല്ല പാലിയേക്കര പള്ളിക്കേസിൽ 8000 രൂപായും മല്പാന് കിട്ടി. 1815-ൽ സെമിനാരിയുടെ പണി പൂർത്തിയായി.

## സി.എം.എസ്. കാരുമായുള്ള സഹകരണം

കേണൽ മൺട്രോ പുത്തൻകൂറ്റുകാരായ മലങ്കര നസ്രാണികളെ പലവിധത്തിൽ സഹായിക്കുന്നതിൽ തല്പരനായിരുന്നു. അവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിനായി കോട്ടയത്ത് ഒരു ഇംഗ്ലീഷ് സ്ക്കൂൾ തുടങ്ങി. അവിടെ ഭക്ഷണം, വസ്ത്രം, ഫീസ്, എന്നിവ സൗജന്യമായിരുന്നു. ചിലയിടങ്ങളിൽ ക്രിസ്ത്യാനികൾ അനുഭവിച്ചുകൊണ്ടിരുന്ന പരാധീനതകൾ നീക്കുന്നതിനും മൺട്രോയ്ക്കു സാധിച്ചു. സർക്കാർ സ്ഥാപനങ്ങളിൽ ക്രിസ്ത്യാനികൾക്ക് ആദ്യമായി ജോലി കിട്ടുന്നത് അക്കാലത്താണ്. എല്ലാ കോടതികളിലും ഓരോ ക്രിസ്ത്യാനി ജഡ്ജിയെ നിയമിച്ചു. പഴയ കൂറ്റുകാരും പുത്തൻ കൂറ്റുകാരും ഒന്നിച്ചു നടത്തിയിരുന്ന ചില പള്ളികൾ പുത്തൻകൂറ്റുകാർക്ക് കൈവശപ്പെടുത്തിക്കൊടുത്തു. അതുപോലെ പഴയ കൂറ്റുകാരുടെ ചില പള്ളികളും കൈവശപ്പെടുത്തിക്കൊടുക്കാമെന്ന് മൺട്രോ വാഗ്ദാനം ചെയ്തു.

## പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് (1815-16)

വട്ടിപ്പണത്തിൻെറ പലിശ മെത്രാനല്ലാത്ത ഒരാൾ വാങ്ങിയതിൽ ആക്ഷേപം ഉയർന്നു. ഈ സാഹചര്യത്തിൽ 1815-ൽ പുലിക്കോട്ടിൽ നമ്പാൻ, തൊഴിയൂർ മാർ പീലക്സീനോസിൽ നിന്ന് മെത്രാൻപട്ടം സ്വീകരിച്ചു. മാർ ദിവന്നാസ്യോസ് എന്നു പേരെടുത്തു. എട്ടാം മാർതോമായും ഒൻപതാം മാർതോമായും അപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. 1816-ൽ പുലിക്കോട്ട് മാർ ദിവന്നാസ്യോസ് മരിച്ചു. പഴയ സെമിനാരിയിൽ കബറടങ്ങി. ലത്തീൻ മെത്രാന്മാരെ അടക്കുന്ന രീതിയിൽ ഇദ്ദേഹത്തെ കിടത്തിയാണ് സംസ്കരിച്ചിരിക്കുന്നത്.

## പുന്നത്ര മാർ ദിവന്നാസ്യോസ് (1817-25)

തുടർന്ന്, തൊഴിയൂർ മാർ പീലക്സീനോസ്, പുന്നത്ര മാർ ദിവന്നാസ്യോസിനെ 1817-ൽ മെത്രാനായി വാഴിച്ചു. 1825 വരെ ഭരിച്ചു. മലങ്കര സഭയിൽ ആംഗ്ലിക്കൻ മിഷനറിമാർ ഗണ്യമായി സ്വാധീനം ചെലുത്താൻ തുടങ്ങിയത് ഇദ്ദേഹത്തിൻെറ കാലത്താണ്.

www.malankaralibrary.com



സെമിനാരി സ്ഥാപനാന്തരം നോർട്ടൻ എന്ന സി.എം.എസ്. മിഷനറി ആലപ്പുഴ നിന്ന് ഇടയ്ക്കിടെ കോട്ടയത്ത് സെമിനാരിയിൽ വന്ന് പുത്തൻകൂർ വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ടിരുന്നു. തുടർന്ന് ബഞ്ചമിൻ ബെയ്‌ലി (1816), ജോസഫ് ഫെൻ (1818), ഹെൻറി ബേക്കർ (1819) എന്നീ മൂന്ന് സി.എം. എസുകാരും പ്രവർത്തിക്കാനെത്തി. മിഷനറിമാരിൽ നിന്നു സഹായങ്ങൾ സ്വീകരിച്ച പുത്തൻകൂറ്റുകാർ, തങ്ങളുടെ പള്ളികളിൽ യഥേഷ്ടം പ്രസംഗിക്കുന്നതിനുള്ള അനുവാദം മിഷനറിമാർക്കു നൽകി. വേദപുസ്തക വിവർത്തനത്തിൽ ബയ്‌ലിയും വൈദിക പരിശീലനത്തിൽ ഫെന്നും വിദ്യാഭ്യാസപ്രവർത്തനത്തിൽ ബേക്കറും പ്രത്യേകം ശ്രദ്ധിച്ചു. ഫെൻ വൈദികസെമിനാരി പ്രിൻസിപ്പലായി. പുന്നത്ര മാർ ദിവന്നാസ്യോസ് മിഷനറിമാർക്ക് എല്ലാവിധ പ്രോൽസാഹനങ്ങളും കൊടുത്തു. സഭയിൽ പ്രവർത്തിക്കുവാൻ ലഭിച്ച സ്വാതന്ത്ര്യം മിഷനറിമാർ ശരിക്കും ഉപയോഗിച്ചു. അതിൻെറ ഫലമായി പുത്തൻകൂർ വൈദികരിലും ജനങ്ങളിലും ഒട്ടനേകർ പ്രോട്ടസ്റ്റൻറു വിശ്വാസത്തിൽ പ്രതിപത്തിയുള്ളവരായി. ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ച് പാരമ്പര്യങ്ങൾ മലങ്കരയിൽ പ്രചരിച്ചു. മിഷനറിമാർ പള്ളികളിലുടനീളം നടന്ന് പ്രസംഗിക്കുകയും ജനങ്ങൾ നവീകരണാശയങ്ങൾ സ്വാംശീകരിക്കുകയും ചെയ്തു.

പുന്നത്ര മാർ ദിവന്നാസ്യോസിൻെറ കാലത്ത് 1818-ൽ മാവേലിക്കരവച്ച് മിഷനറിമാരുടെയും മലങ്കര സഭാംഗങ്ങളുടെയും ഒരു സംയുക്തയോഗം നടന്നു. മലങ്കരസഭയിലാകമാനം ഒരു സമൂല മാറ്റത്തിനു നേതൃത്വം കൊടുക്കാൻ മിഷനറിമാർ തീരുമാനിച്ചു. 700-ൽ പരം ഇടവക പ്രതിനിധികളും 40 വൈദികരും അതിൽ സംബന്ധിച്ചു. പുത്തൻകുറ്റുകാരുടെ വിശ്വാസാചാരങ്ങളിൽ പലതും അന്ധവിശ്വാസമാണെന്നും വേദവിപരീതമാണെന്നും അബദ്ധ ജഡിലമാണെന്നും പഠിപ്പിച്ചിരുന്ന ഫെൻ, മിഷനറിമാരും പുത്തൻകുറ്റുകാരും യോജിച്ചു പ്രവർത്തിക്കേണ്ടതിൻെറ ആവശ്യം വ്യക്തമാക്കി. കുർബാന തക്സായും ശുശ്രൂഷക്രമങ്ങളും പാടേ പരിഷ്കരിക്കുക, വിശുദ്ധ മാതാവിനോടും പരിശുദ്ധരോടുമുള്ള മധ്യസ്ഥപ്രാർത്ഥനകൾ പാടേ നീക്കിക്കളയുക, വൈദികരെ വിവാഹം കഴിക്കാൻ അനുവദിക്കുക, ആരാധനക്രമം മലയാളത്തിലാക്കുക, ആചാരാനുഷ്ഠാനങ്ങളിൽ പ്രോട്ടസ്റ്റൻറിസത്തിൻെറ വെളിച്ചത്തിൽ നവീകരണം വരുത്തുക എന്നീ സംഗതികൾ ഫെൻ ഊന്നിപ്പറഞ്ഞു. ആരാധനാരീതിയെയും ആചാരാനുഷ്ഠാനങ്ങളെയും പറ്റി പര്യാലോചിക്കാൻ ഒരു കമ്മിറ്റി ഉണ്ടാക്കണമെന്ന് തീരുമാനിച്ചു പിരിഞ്ഞു.

www.malankaralibrary.com



പുത്തൻകൂറ്റുകാരുടെ സഭയിൽ കടന്നുകൂടിയ വേദവിപരീതങ്ങൾ നീക്കാനുള്ള മിഷനറിമാരുടെ ആഹ്വാനം അവരുടെ പോക്ക് എങ്ങോട്ടാണെന്നു ചിന്തിക്കാൻ പലരേയും പ്രേരിപ്പിച്ചു. മിഷനറിമാർ ഈ സഭയുടെ നേതാക്കന്മാർ എന്ന നിലയിലാണ് വർത്തിച്ചിരുന്നത്. പുതുതായി സമ്പാദിച്ച ചില സ്വത്തുക്കൾ മിഷനറിമാർക്കും മെത്രാനും പൊതുവായിരുന്നു. 1818 ലെ യോഗത്തിനുശേഷം, മിഷനറിമാരുമായി തുടർന്നു സഹകരിക്കുന്നതിനെപ്പറ്റി പര്യാലോചിക്കാൻ ആറു വൈദികരടങ്ങുന്ന ഒരു കമ്മിറ്റി മാവേലിക്കര വച്ചു രൂപീകൃതമായി. പുന്നത്ര മാർ ദിവന്നാസ്യോസ് നവീകരണസംരംഭങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാൻ തയ്യാറായിരുന്നു. അതിൻെറ ഫലമായി മിഷനറിമാരും പുത്തൻകൂറ്റുകാരും തമ്മിൽ തുടർന്നും മൈത്രിയിൽ തന്നെ മുന്നോട്ടുപോയി. മിഷനറിമാരാകട്ടെ, നവീകരണാശയങ്ങൾ പുത്തൻകൂർ പള്ളികളിൽ തുടർന്നും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ഇതിനെല്ലാം പിന്തുണ നൽകിക്കൊണ്ടിരുന്ന കേണൽ മൺട്രോയ്ക്ക് 1819-ൽ റസിഡൻ്റുസ്ഥാനം രാജിവയ്ക്കേണ്ടിവന്നു. 1825-ൽ പുന്നത്ര മാർ ദിവന്നാസ്യോസ് കോളറബാധമൂലം മരണമടഞ്ഞു. കോട്ടയം ചെറിയ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. ഇതുരണ്ടും പരസ്പര സഹകരണത്തെ സാരമായി ബാധിച്ചു. ഇരുകൂട്ടരും തമ്മിൽ പിണങ്ങിപ്പിരിയേണ്ട സാഹചര്യം ഉടലെത്തു. അതിനു നേതൃത്വം നൽകിയത് തുടർന്നു ഭരിച്ച ചേപ്പാട്ട് മാർ ദിവന്നാസ്യോസായിരുന്നു.

## ചേപ്പാട്ടു മാർ ദിവന്നാസ്യോസ് (1825-55)

തൊഴിയൂരെ മാർ പീലക്സീനോസാണ് ഇദ്ദേഹത്തെയും വാഴിച്ചത്. ആംഗ്ലിക്കൻ മിഷനറിമാർ ഇക്കാലമായപ്പോഴേക്കും സുറിയാനിക്കാരുടെ ഇടയിൽ വളരെയധികം സ്വാധീനം ചെലുത്തിക്കഴിഞ്ഞു. വളരെയധികം ജനങ്ങൾ നവീകരണചിന്ത സ്വീകരിച്ചു. പഴയ സെമിനാരിയിലെ പല വൈദികരെയും ഗണ്യമായി സ്വാധീനിക്കാനും മിഷനറിമാർക്കു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ, മിഷനറിമാരെ നിയന്ത്രിക്കണം എന്ന ചിന്ത ചേപ്പാട്ട് മാർ ദിവന്നാസ്യോസിനുണ്ടായി. ആദ്യകാല മിഷനറിമാർക്കു പകരം വന്ന പീറ്റ് (1833), വുഡ്കോക്ക് (1834) എന്നിവർ യാക്കോബായാസഭയെ പരസ്യമായി വിമർശിക്കുകയും പ്രോട്ടസ്റ്റൻറിസത്തിലേക്ക് ഈ സഭയെ തിരിച്ചുവിട്ട് ആംഗ്ളിക്കൻ സഭയിൽ ലയിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. അവിവാഹിതരായിരുന്ന 150 ഓളം പുത്തൻകൂർ വൈദികരിൽ 40 പേർ മിഷനറിമാരുടെ പ്രേരണയാൽ 400 രൂപാ വീതം പ്രതിഫലം

www.malankaralibrary.com



പറ്റികൊണ്ട് വിവാഹിതരായി. ഇക്കാലത്ത് ജോൺ ടക്കർ എന്ന ഇംഗ്ളീഷുകാരൻ ഇവിടെയെത്തി ഇവിടുത്തെ സഭയെപറ്റിയുള്ള വിവരങ്ങൾ ഇംഗ്ലണ്ടിലെ സഭാധികാരികൾക്ക് 1835-ൽ നൽകി. പ്രസ്തുത വർഷം തന്നെ കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പ് ദാനിയേൽ വിത്സൻ പരസ്പര സഹകരണമേഖലകൾ തേടി കേരളത്തിലെത്തി. മാർ ദിവന്നാസ്യോസുമായി ചർച്ചകൾ നടത്തി. കുറേ നിർദേശങ്ങളും വച്ചു. ഒരു സഭാസിനഡുകൂടി ഇതേപ്പറ്റി ആലോചിക്കാമെന്ന് വിത്സനെ ദിവന്നാസ്യോസ് മെത്രാൻ അറിയിച്ചു.

തദനുസരണം മാവേലിക്കരവച്ച് 1836 - ൽ ഒരു സിനഡു നടന്നു. മലങ്കര പുത്തൻകൂർ-സി.എം.എസ് ബന്ധം ചർച്ചാവിഷയമായി. ആംഗ്ലിക്കൻ സഭയുമായുള്ള ബന്ധം പുത്തൻകൂർ സമുദായത്തിനു ദോഷകരമാണ് എന്ന ചിന്തയ്ക്ക് മുൻതൂക്കം ലഭിച്ചു. ആംഗ്ലിക്കൻകാരുമായുള്ള ബന്ധം അവസാനിപ്പിക്കണം എന്ന് അവിടെ വച്ച് തീരുമാനിച്ചു.

## മലങ്കരസഭ അന്ത്യോക്യൻ യാക്കോബായാ സഭയാകുന്നു.

അന്ത്യോക്യൻ യാക്കോബായാ സഭയുടെ ലിറ്റർജിക്കൽ താത്ത്വിക പഠനങ്ങൾ പുത്തൻകൂറ്റുകാരുടെ പ്രബോധനമായി യോഗം അംഗീകരിച്ചു. മിഷനറിമാരുടെ അമിത സ്വാധീനവും നവീനോപദേശങ്ങളുമാണ് അന്ത്യോക്യൻ യാക്കോബായാ പക്ഷത്തേക്ക് പുത്തൻകൂറ്റുകാരെ കൂടുതൽ അടുപ്പിച്ചത്. സാന്ദർഭികമായി ഒരു അന്ത്യോക്യൻ മെത്രാൻ 1665-ൽ ഇവിടെ വന്നു. പിന്നെ കുറേപ്പേർ അന്ത്യോക്യൻ യാക്കോബായാ മെത്രാന്മാർ അവിടെ വന്നു എന്നതൊഴിച്ചാൽ മലങ്കരയിലെ പുത്തൻകൂർ സഭയിൽ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസിന് ആത്മിയമായോ ലൗകികമായോ യാതൊരധികാരവുമില്ലായിരുന്നു. മലങ്കരസഭ ഒരിക്കലും അന്ത്യോക്യൻ യാക്കോബായാ സഭയുടെ ഭാഗമല്ലായിരുന്നു. എന്നാൽ 1815 മുതൽ 1836 വരെയുള്ള ചുരുങ്ങിയ കാലയളവിലുണ്ടായ പുത്തൻകൂർ-സി.എം.എസ് ബന്ധം പുത്തൻകൂർ സമുദായത്തെ പ്രോട്ടസ്റ്റൻറിസത്തിലേക്കു വലിച്ചിഴയ്ക്കുന്നു എന്നു ബോധ്യമായ സഭാനേതാക്കന്മാർ, അതിൽ നിന്നു സഭയെ രക്ഷിച്ച് പുരാതന വിശ്വാസം സംരക്ഷിക്കാനായി അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനോട് കൂടുതലായി അടുത്തു. 'അന്ത്യോക്യൻ യാക്കോബായാ സുറിയാനിക്കാരുടെ പഠിത്തവും വിശ്വാസവും ക്രമങ്ങളും തങ്ങളുടേതാണ്. മറ്റൊന്നും സ്വീകാര്യമല്ല'

www.malankaralibrary.com



എന്ന നിലപാട് മാവേലിക്കര സിനഡിൽ കൂടിയവരിൽ ഭൂരിഭാഗവും എടുത്തു. അപ്രകാരം രേഖയും എഴുതിവച്ചു. മാവേലിക്കര പടിയോല എന്നു ഈ രേഖ അറിയപ്പെടുന്നു.

## കൊച്ചിൻ അവാർഡ് (1840)

ഒന്നിച്ചു മുന്നോട്ടു പോകുക സാധ്യമല്ലെന്നു മിഷനറിമാർക്ക് ബോധ്യമായി. പൊതുവായുണ്ടായിരുന്ന വസ്തുക്കൾ ഭാഗം വച്ചു പിരിയാൻ ഇരുകൂട്ടരും നിർബന്ധിതരായി. സഭാസ്വത്തുക്കളെപ്പറ്റി തർക്കം ഉണ്ടായി. തർക്കം പരിഹരിക്കാൻ മൂന്നു യൂറോപ്യന്മാരടങ്ങിയ ഒരു കമ്മറ്റിയെ വച്ചു. "കൊച്ചി പഞ്ചായത്തു കോടതി" എന്ന് ഈ കമ്മിറ്റി അറിയപ്പെടുന്നു. കോടതിയുടെ വിധി 1840-ൽ ഉണ്ടായി. കൊച്ചിൻ അവാർഡ് എന്നാണ് അത് അറിയപ്പെടുന്നത്. സെമിനാരിയും വട്ടിപ്പണവും കടമറ്റം നിലവും മറ്റു ചില സ്വത്തുക്കളും സുറിയാനിക്കാർക്കു ലഭിച്ചു. മൺട്രോ തുരുത്തും സെമിനാരിക്ക് ലഭിച്ച 20000 രുപായും കോട്ടയം ഇംഗ്ലീഷ് സ്കൂളും മിഷനറിമാർക്കു ലഭിച്ചു. മെത്രാപ്പോലീത്തായും സുറിയാനിക്കാരുടെ യോഗം നിശ്ചയിക്കുന്ന ഒരു പട്ടക്കാരനും ഒരു അൽമായനുംകൂടി സെമിനാരിയുടേയും വട്ടിപ്പണത്തിൻെറയും മറ്റും അവകാശം നടത്തിക്കൊണ്ടുപോകണം എന്നു വിധിയിൽ തീരുമാനിച്ചിരുന്നു. അങ്ങനെയാണ് യാക്കോബായാ സ്വത്തുക്കൾ ഒരു ട്രസ്റ്റിൻെറ കീഴിലാകുന്നത്. തുടർന്ന് സി.എം.എസ് കാർ ഇപ്പോൾ സി.എം.എസ് കോളേജ് ഇരിക്കുന്ന സ്ഥലത്ത് ഒരു പുതിയ സെമിനാരി തുടങ്ങി. അതു പുത്തൻ സെമിനാരി ആയി. അങ്ങനെ ആദ്യത്തേതു പഴയ സെമിനാരിയായി. അക്കാലത്ത് ഏതാണ്ട് 6000 സുറിയാനിക്കാർ സി.എം.എസ്.കാരുടെ കൂടെ ചേർന്നു എന്നു പറയപ്പെടുന്നു.

www.malankaralibrary.com

അധ്യായം 12

# മലങ്കര യാക്കോബായാ സുറിയാനിസഭ (1840-1876)

**ആമുഖം**

സി.എം.എസ്.മിഷനറിമാരുമായുള്ള ബന്ധം അവസാനിപ്പിച്ചെങ്കിലും പ്രോട്ടസ്റ്റന്റ് ആശയങ്ങൾ സ്വീകരിച്ച പല വൈദികരും ജനങ്ങളും യാക്കോബായാ സഭയിൽ തന്നെ തുടർന്നു. അങ്ങനെ നിന്നവർക്കു നേതൃത്വം കൊടുത്തയാളാണ് പാലക്കുന്നത് അബ്രഹാം മല്പാൻ (+1845). മിഷനറിമാരുടെ നിർദ്ദേശാനുസരണം 400 രൂപാ പ്രതിഫലം പറ്റി വിവാഹിതരായ വൈദികരിൽ ഒരാളായിരുന്നു അദ്ദേഹം. എട്ടാം മാർത്തോമ്മായിൽ നിന്നാണ് ഇദ്ദേഹം കൈവയ്പു സ്വീകരിച്ചത്. എന്നാൽ എട്ടാം മാർത്തോമ്മായുടെ പട്ടത്തെപ്പറ്റി സംശയം ഉണ്ടായതിനാൽ 1825-ൽ പരദേശത്തുനിന്നു വന്ന മാർ അത്തനാസ്യോസിൽ നിന്ന് എല്ലാ പട്ടങ്ങളും ഒന്നുകൂടി വാങ്ങി. പഴയ സെമിനാരിയിലെ മല്പാനായിരുന്ന അദ്ദേഹം അവിടെവച്ചാണ് പ്രോട്ടസ്റ്റൻറിസവുമായി ബന്ധപ്പെടുന്നത്. നവീകരണം ലക്ഷ്യം വച്ചുകൊണ്ട് മറ്റ് പതിനൊന്നു പട്ടക്കാരോടുകൂടി മല്പാൻ, മദ്രാസിലെ റസിഡന്റ് കേണൽ ഫ്രെയിസറിന് 1836-ൽ ഒരു നിവേദനം സമർപ്പിച്ചു. അന്നത്തെ മെത്രാനായിരുന്ന ചേപ്പാട്ട് മാർ ദിവന്നാസ്യോസിന് എതിരായിരുന്നു മെമ്മോറാണ്ഡം. മിഷനറിമാരുമായുള്ള സഹകരണം തുടരണമെന്നാഗ്രഹിച്ച വ്യക്തിയായിരുന്നു അബ്രഹാം മല്പാൻ. മലങ്കരയിലെ യാക്കോബായാ തക്സാ പരിഷ്കരിക്കാൻ മിഷനറിമാർ നിയമിച്ച കമ്മറ്റിയിൽ മല്പാനായിരുന്നു മുഖ്യൻ. മല്പാൻ പ്രോട്ടസ്റ്റൻറിസത്തിൻെറ വെളിച്ചത്തിൽ തക്സാ പരിഷ്കരിച്ചു.ആ തക്സാ ഉപയോഗിച്ച് പഴയ സെമിനാരിയിലും പള്ളത്തും കൊല്ലാടും മാരാമണ്ണും മല്പാൻ കുർബാന ചെല്ലി. ഉടനെ മാർ ദിവന്നാസ്യോസ് മാരാമണ്ണ് പള്ളിക്കാരെയും മല്പാനെയും മുടക്കി. മല്പാൻ പഠിപ്പിച്ച 18 ശെമ്മാശ്ശന്മാർക്കു പട്ടം കൊടുക്കാൻ വിസമ്മതിച്ചു. അവരിൽ പാലക്കുന്നത്ത് മാത്തൻ ശെമ്മാശനും ഉൾപ്പെടുന്നു.

www.malankaralibrary.com



## മാത്യൂസ് മാർ അത്തനാസ്യോസ് (1843-77)

അബ്രഹാം മല്പാൻെറ സഹോദര പുത്രനായിരുന്നു മാത്തൻ ശെമ്മാശ്ശൻ. നവീകരണ ശ്രമങ്ങൾക്കു നേതൃത്വം നല്കുന്ന ഒരു മെത്രാൻ വേണം എന്നു ചിന്തിച്ച് അബ്രഹാം മല്പാനും അനുയായികളും മാത്തനെ 1841-ൽ പശ്ചിമേഷ്യയിലെ യാക്കോബായാ പാത്രിയർക്കീസ് മാർ ഏലിയാസിൻെറ പക്കലേക്ക് അയച്ചു, 1842-ൽ മാത്തനെ മെത്രാനാക്കി അധികാര പത്രങ്ങളോട്ടുകൂടി കേരളത്തിലേക്കയച്ചു. അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് നേരിട്ട് മലങ്കരയിലൊരാൾക്ക് മെത്രാൻപട്ടം കൊടുക്കുന്ന ആദ്യസംഭവമാണിത്. മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ ഈ മെത്രാൻ മലങ്കരയിൽ അറിയപ്പെട്ടു. 1843-ൽ അദ്ദേഹം കേരളത്തിൽ വന്നു.

മാർ ദിവന്നാസ്യോസ് നിയമാനുസൃത മെത്രാനായി മലങ്കരസഭയിലെ പുത്തൻകൂറ്റുകാരെ ഭരിക്കുമ്പോഴത്രെ മാത്യൂസ് മാർ അത്തനാസ്യോസ് ഇവിടെ എത്തിയത്. തുടർന്ന് അവരിരുവരും തമ്മിൽ അധികാര വടംവലികൾ ആരംഭിച്ചു. പുതിയൊരു കക്ഷി ഉണ്ടാക്കി അതിൻെറ മേലധ്യക്ഷനായി മാത്യൂസിനെ അവരോധിക്കാനായിരുന്നു മല്പാൻെറ പദ്ധതി. എന്നാൽ മലങ്കര യാക്കോബായാ സഭയുടെ മെത്രാപ്പോലീത്താ ആയി ഭരണം നടത്തുന്നതിനാണ് മാത്യൂസ് മാർ അത്തനാസ്യോസ് പരിശ്രമിച്ചത്. മാത്യൂസിനെതിരെ ചേപ്പാട്ട് മാർ ദിവന്നാസ്യോസ് അന്ത്യോക്യാ പാത്രിയർക്കീസിൻെറ പക്കൽ പരാതിപ്പെട്ടു. തത്ഫലമായി മാർ കൂറില്ലോസ് എന്ന പേരിൽ ഒരു യാക്കോബായാ മെത്രാൻ 1846-ൽ ഇവിടെ വന്നു. സ്ഥിതിഗതികൾ പഠിച്ച അദ്ദേഹം മാത്യൂസിനെതിരെ പാത്രിയർക്കീസിന് റിപ്പോർട്ടു സമർപ്പിച്ചു. അധികാരവടംവലിയിൽ പാരാജയപ്പെട്ടേക്കുമോ എന്നു കണ്ട് മാർ ദിവന്നാസ്യോസ് ഭരണാധികാരം മാർ കൂറില്ലോസിനെ ഏല്പിച്ചു. അതിനുള്ള കല്പന പാത്രിയർക്കീസ് അയയ്ക്കുകയും ചെയ്തു എന്നു ചിലർ പറയുന്നു. തുടർന്നു കൂറില്ലോസും മാത്യൂസും തമ്മിൽ കേസു നടന്നു.

## കൊല്ലം പഞ്ചായത്ത് (1848)

തർക്ക തീരുമാനത്തിനായി തിരുവിതാംകൂർ സർക്കാർ ഒരു കമ്മറ്റിയെ നിയമിച്ചു. രണ്ടു സായിപ്പന്മാരും രണ്ടു നാട്ടുകാരും അടങ്ങിയതായിരുന്നു കമ്മിറ്റി. കൊല്ലം പഞ്ചായത്ത് എന്ന് ഇത് അറിയപ്പെടുന്നു. 1848-ൽ വിധി മാത്യൂസിനനുകൂലമായുണ്ടായി.

www.malankaralibrary.com



1852-ൽ തിരുവിതാംകൂർ രാജാവും 1853-ൽ കൊച്ചി രാജാവും ഈ വിധി അംഗീകരിച്ചു വിളംബരം പ്രസിദ്ധപ്പെടുത്തി. മാത്യൂസ് മാർ അത്തനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി 1853-ൽ ഭരണം ആരംഭിച്ചു. മാർ ദിവന്നാസ്യോസ് ചേപ്പാട്ട് പള്ളിയിലും പശ്ചിമേഷ്യയിൽ നിന്നുവന്ന കുറില്ലോസ് കൊച്ചിയിലെ ഒരു പള്ളിയിലും താമസമാക്കി. മാത്യൂസിൻെറ എതിർകക്ഷിക്കാർ-പുലിക്കോട്ടിൽ യൗസേപ്പ് കത്തനാരെ പശ്ചിമേഷ്യയിലേക്കയച്ച് അദ്ദേഹത്തെ മെത്രാനായി വാഴിക്കണമെന്നു പാത്രിയർക്കീസിനോടപേക്ഷിച്ചു. ദിവന്നാസ്യോസ് എന്ന പേരിൽ അധികാര പത്രങ്ങളോടുകൂടി 1865ൽ തിരികെ വന്നെങ്കിലും മാർ മാത്യൂസിൽ നിന്ന് അധികാരം കരസ്ഥമാക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല.

മലങ്കരസഭയിലെ പൂർവികവും വിശുദ്ധവുമായ ആചാരങ്ങൾ മാറ്റാതെ ഇവിടൊരു നവീകരണം വരുത്താനായിരുന്നു മാത്യൂസ് മാർ അത്തനാസ്യോസ് ശ്രമിച്ചത്. പ്രോട്ടസ്റ്റൻറിസത്തിലേക്കു വഴുതി വീഴുന്ന നവീകരണങ്ങൾ അദ്ദേഹം ഉദ്ദേശിച്ചില്ല. "സഭ ഒന്നാകെ വിശുദ്ധ ഗ്രന്ഥപഠനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുമ്പോൾ മിഥ്യാസങ്കല്പങ്ങളും അനാചാരപ്രസക്തിയും താനേ ഒഴിഞ്ഞുപോകുമെന്നും ഒന്നായ സമൂഹത്തെ നവീകരണത്തിൻെറ പേരിൽ വെട്ടിനുറുക്കി ഛിന്നഭിന്നമാക്കുന്നത് തെറ്റാണെന്നും" മാത്യൂസ് മാർ അത്തനാസ്യോസ് കരുതിയിരുന്നു. ഇടവക സംബന്ധമായ കാര്യങ്ങൾ ശരിപ്പെടുത്തുക, ക്രിസ്ത്യാനികൾ പൊതുവെ അനുഭവിക്കുന്ന പരാധീനതകളിൽ നിന്ന് അവരെ ഉദ്ധരിക്കുക ആദിയായ കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1868-ൽ അബ്രഹാം മല്പാൻെറ മകനായ തോമസിനെ തോമസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മാത്യൂസ് മാർ അത്തനാസ്യോസ് സഹായമെത്രാനാക്കി.

www.malankaralibrary.com

അധ്യായം 13

# മുളന്തുരുത്തി സുനഹദോസും മാർത്തോമ്മാ സഭാസ്ഥാപനവും

## ആമുഖം

മാത്യൂസ് മാർ അത്തനാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി ഭരിച്ചുകൊണ്ടിരിക്കവെ, പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് പശ്ചിമേഷ്യയിലെ യാക്കോബായാ പാത്രിയർക്കീസിന് തുടരെത്തുടരെ കത്തുകളയച്ചുകൊണ്ടിരുന്നു. അതിൻെറ ഫലമായി 1875-ൽ മാർ പത്രോസ് മുന്നാമൻ എന്ന യാക്കോബായാ പാത്രിയർക്കീസ് കേരളത്തിൽ വന്നു.

## മുളന്തുരുത്തി സുനഹദോസ് (1876)

മുളന്തുരുത്തിയിൽ വച്ച് 1876-ൽ ഒരു സഭായോഗം നടന്നു. പുത്തൻ കൂറ്റുകാരുടെ മലങ്കര ഇടവകയെ കൊല്ലം, തുമ്പമൺ, കോട്ടയം, അങ്കമാലി, കണ്ടനാട്, കൊച്ചി, നിരണം എന്നിങ്ങനെ ഏഴു രുപതകളായി തിരിച്ചു. പാത്രിയർക്കീസിൻെറ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽ മെത്രാന്മാരെ നിയമിച്ച് സ്വന്തം അധികാരാവകാശങ്ങൾക്ക് ഉറപ്പു വരുത്തി. മാത്യൂസ് മാർ അത്തനാസ്യോസിന് സർക്കാരിൽ നിന്നു ലഭിച്ചിരുന്ന അധികാരപത്രം സർക്കാരിനെക്കൊണ്ട് പിൻവലിപ്പിച്ചു. മാത്യൂസിനെയും അനുയായികളെയും സഭയിൽ നിന്നു മുടക്കി. പുലിക്കോട്ട് മാർ ദിവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ചു.

## മലങ്കരസഭ യാക്കോബായാസഭയുടെ ഭാഗമാകുന്നു.

മലങ്കരയിലെ പുത്തൻകൂർ സമുദായം അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസിൻെറ കീഴിലായതും ഈ സഭ യാക്കോബായാ സഭയുടെ ഭാഗമായതും ഈ സിനഡോടുകൂടിയാണ്

www.malankaralibrary.com



"യാക്കോബായാ" എന്ന നാമം അവരുടെ സ്വന്തമായി അവർ സ്വീകരിച്ചു. തങ്ങളാണ് യഥാർത്ഥ അന്ത്യോക്യൻ യാക്കോബായക്കാർ എന്ന് ദിവന്നാസ്യേസിൻെറ പക്ഷക്കാർ തുടർന്നുള്ള കോടതി കേസുകളിൽ വാദിച്ചു കൊണ്ടിരുന്നു. മലങ്കരസഭയിൽ യാതൊരധികാരവുമില്ലാതിരുന്ന അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് മുളന്തുരുത്തി സുനഹദോസിലൂടെ ഈ സഭയുടെ അധ്യക്ഷനായി. മലങ്കരക്കാർ ഒരിക്കലും ആഗ്രഹിക്കാത്ത ഒന്നായി രുന്നു ഇത് . എന്നാൽ ഇവിടെയുള്ള കലഹങ്ങളിൽ പാത്രിയർക്കീസ് ഇടപെട്ട് അതിൽ നിന്നു മുതലെടുക്കുകയും മലങ്കരയിലെ പുത്തൻകൂറ്റുമാരുടെ സഭയെ യാക്കോബായാസഭയുടെ ഭാഗമാക്കുകയും ചെയ്തു. അന്ത്യോക്യൻ സഭയുടെ ആരാധനക്രമങ്ങളും നിയമസംഹിതയും പ്രബോധനങ്ങളും ഇവിടെ നടപ്പാക്കി. പഴയകൂർ സമുദായത്തിലെ മാർതോമാ നസ്രാണികളിൽ നിന്നു പുത്തൻകൂറ്റുകാരെ അകറ്റുന്നതിലും ഈ സിനഡിനും ഈ പാത്രിയർക്കീസിനും നിർണായക പങ്കുണ്ടായിരുന്നു. റോമാ മാർപ്പാപ്പായോടുള്ള വിദ്വേഷം ജനങ്ങളിൽ ജനിപ്പിക്കാൻ ഉതകുന്നവിധം ഉള്ള പ്രബോധനങ്ങളിലേക്കും അന്ത്യോക്യക്കാർ മലങ്കര സഭയെ വലിച്ചിഴച്ചു. 1877-ൽ മാത്യൂസ് മാർ അത്തനാസ്യോസ് കാലം ചെയ്തു.

## സെമിനാരിക്കേസ് (1879-89)

മാത്യൂസ് മാർ അത്തനാസ്യോസിൻെറ അനുയായികളുടെ കൈവശത്തിലിരുന്ന പള്ളികൾ പിടിച്ചെടുക്കാൻ പുലിക്കോട്ട് മാർ ദിവന്നാസ്യോസ് ശ്രമം തുടങ്ങി. അദ്ദേഹം 1879-ൽ ആലപ്പുഴ ജില്ലാകോടതിയിൽ തോമസ് മാർ ദിവന്നാസ്യോസിന് എതിരായി കേസ് ഫയൽ ചെയ്തു. പഴയ സെമിനാരിക്കുവേണ്ടിയായിരുന്നു കേസ്. അപ്പോഴും സെമിനാരി മാത്യൂസ് മാർ അത്തനാസ്യോസിന്റെ അനുയായികളുടെ കൈയിലായിരുന്നു. അതിനു ബദലായി ദിവന്നാസ്യോസ് 1872-ൽ തുടങ്ങിയതാണ് പരുമല സെമിനാരി. പല വിധികൾക്കുശേഷം 1889-ൽ തിരുവിതാംകൂർ റോയൽ കോടതിയിൽ നിന്ന് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസിന് അനുകൂലമായ വിധിയുണ്ടായി. യാക്കോബായാസഭയുടെ നൈയാമിക തലവൻ അന്ത്യോക്യാ പാത്രിയർക്കീസാണെന്നും പുലിക്കോട്ട് മാർ ദിവന്നാസ്യോസ് അദ്ദേഹത്താൽ അംഗീകരിക്കപ്പെട്ട മലങ്കര മെത്രാപ്പോലീത്താ ആണെന്നും തൻമൂലം യാക്കോബായ സമുദായസ്വത്തുക്കൾ അദ്ദേഹത്തിൻെറ കൈവശം ഇരിക്കേണ്ടതാണെന്നും പാത്രിയർക്കീസ് മുടക്കിയ മാത്യൂസിൻെറ അനുയായികൾക്ക് യാക്കോബായ

www.malankaralibrary.com



സ്വത്തുക്കളിൻമേൽ യാതൊരു അവകാശവുമില്ലെന്നും ആയിരുന്നു വിധി. എന്നാൽ സാക്ഷാൽ യാക്കോബായക്കാർ തങ്ങളാണ് എന്നായിരുന്നു മാർ അത്തനാസ്യോസും കൂട്ടരും വാദിച്ചിരുന്നത്. കേസിൽ തോറ്റ തോമസ് മാർ അത്തനാസ്യോസും കൂട്ടരും സർവ്വസ്വത്തുക്കളും പഴയ സെമിനാരിയും ഉപേക്ഷിച്ച് മാരാമൺ വന്നു താമസിച്ചു. താമസിയാതെ നവീകരണകക്ഷി എന്ന പേരിൽ തൻെറ അനുയായികളെ സംഘടിപ്പിച്ചു. ഇവരാണ് കാലക്രമത്തിൽ മാർത്തോമ്മാക്കാർ എന്നറിയപ്പെടുന്നത്.

**അവലോകനം**

പാത്രിയർക്കീസിൻെറ പ്രവർത്തനം ഇവിടെ ഒരു പിളർപ്പുണ്ടാക്കി. അഥവാ ഇവിടുണ്ടായിരുന്ന അഭിപ്രായ വ്യത്യാസം പറഞ്ഞുതീർത്ത് യേശുക്രിസ്തുവിൻെറ സ്നേഹത്തിലും ഐക്യത്തിലും യോജിപ്പിച്ചുകൊണ്ടുപോകാനല്ല അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസ് ശ്രദ്ധിച്ചത്. അറബി മുസ്ലീങ്ങളുടെ ഇടയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന ഈ പശ്ചിമേഷ്യൻ മെത്രാന് വിശാലമായ കാഴ്ചപ്പാടോ സഭയുടെ പൊതുനന്മയോ അല്ലായിരുന്നു ലക്ഷ്യം. പിന്നെയോ, തൻെറ കൂടെനിൽക്കുന്ന ഒരു സമൂഹത്തെ മലങ്കരയിൽ രൂപീകരിക്കുക എന്നതായിരുന്നു. ഇതുതന്നെയാണ് മെനെസിസും പോർട്ടുഗീസുകാരും 1599-ൽ ഉദയംപേരൂർ സുനഹദോസിൽ ചെയ്തത്. വിദേശിയരായ പാശ്ചാത്യരെല്ലാം സ്വന്തം താല്പര്യം സംരക്ഷിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു. തുടർന്നുള്ള കാലഘട്ടത്തിലും മുടക്കിൻേറയും ശാപത്തിൻേറയും പിളർക്കലിൻേറയും തന്ത്രം അന്ത്യോക്യൻ യാക്കാബായാ പാത്രിയർക്കീസ് ഉപയോഗിച്ചിട്ടുണ്ട്. 1911-ലും 1975ലും ഇതേ ആയുധം ഉപയോഗിച്ച് അന്ത്യോക്യക്കാർ പിളർപ്പുണ്ടാക്കി.

www.malankaralibrary.com

അധ്യായം 14

# കാതോലിക്കേറ്റ് സ്ഥാപനം (1912)

## ആമുഖം

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് 1889 വരെ നവീകരണ യാക്കോബായക്കാരുമായി കോടതി വ്യവഹാരങ്ങളിൽ കഴിഞ്ഞു. കേരളത്തിലെ യാക്കോബായാസഭയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിക്കണമെന്നുള്ള ആദ്യനിവേദനം ഇദ്ദേഹത്തിൻെറ കാലത്താണ് ഉണ്ടായത്. അപ്പോൾ വളരെ നിഷേധാത്മകമായ നിലപാട് പാത്രിയർക്കീസിൽ നിന്നുണ്ടായി.

## രണ്ടു മെത്രാന്മാർ

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, മലങ്കര യാക്കോബായാ സഭയിലെ വൈദികരായ വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനെയും പൗലോസ് മല്പാനെയും 1908-ൽ പശ്ചിമേഷ്യയിലയച്ചു. അബ്ദുള്ള പാത്രിയർക്കീസ് അവർ ഇരുവരേയും മെത്രാന്മാരാക്കി. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസെന്നും പൗലോസ് മാർ കുറില്ലോസെന്നും നാമകരണം ചെയ്തു. 1909-ൽ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മരിച്ചപ്പോൾ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി. പ്രസ്തുത വർഷം തന്നെ അബ്ദുള്ളാ പാത്രിയർക്കീസ് കേരളത്തിൽ വരികയും തുടർന്നുണ്ടായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കുകയും ഇവിടെ പുതിയൊരു പിളർപ്പിന് പാത്രിയർക്കീസ് ഹേതുഭൂതനായി തീരുകയും ചെയ്തു.

## മാർ അബ്ദുള്ളാ പാത്രിയർക്കീസ്

മാർ പത്രോസ് പാത്രിയർക്കീസിനോടുകൂടി മുളന്തുരുത്തി സുനഹദോസിന് മലങ്കരയിൽ വരികയുംപണപ്പിരിവിൻെറ ചുമതല വഹിക്കുകയും ചെയ്ത ഗ്രിഗോറിയോസ് മെത്രാനാണ് അബ്ദുള്ള പാത്രിയർക്കീസായത്. 1895-ൽ പത്രോസ് ബാവാ കാലം ചെയ്തപ്പോൾ ഈ ഗ്രിഗോറിയോസ് മെത്രാൻ പിൻഗാമിയായി

www.malankaralibrary.com



തെരഞ്ഞെടുക്കപ്പെട്ടെങ്കിലും തുർക്കി സുൽത്താൻെറ അംഗീകാരം ലഭിക്കാതെ വന്നു. ഉടനെ മെത്രാന്മാർ അബേദ്മിശിഹായെ തെരഞ്ഞെടുത്തു. സുൽത്താൻ അത് അംഗീകരിച്ചു. അബ്ദുള്ള 1896-ൽ കത്തോലിക്കാസഭയിൽ ചേർന്ന് 1906-വരെ ഹോംസ് കത്തോലിക്കാ രൂപതയുടെ ഭരണം നടത്തി. ഇങ്ങനെയിരിക്കെ, സുൽത്താന്റെ നിർദ്ദേശാനുസരണം കുറേ മെത്രാൻമാർ അബ്ദേദ് മിശിഹായെ മാറ്റിയിട്ട് പകരം അബ്ദുള്ളായെ പ്രതിഷ്ഠിക്കാൻ നീക്കങ്ങളാരംഭിച്ചു. അതിലവർ വിജയിക്കുകയും ചെയ്തു. ഹോംസ് കത്തോലിക്കാ രൂപതാഭരണം രാജിവച്ച് 1906-ൽ അദ്ദേഹം യാക്കോബായാ പാത്രിയർക്കീസായി. അബ്ദേദ് മിശിഹായാകട്ടെ തുർക്കിയിലെ "തുർ-അബ്ദീൻ" എന്ന സ്ഥലത്തുള്ള ആശ്രമത്തിൽ പോയി അവിടെ പാത്രിയർക്കീസായി തുടർന്നു. ആ പ്രദേശത്തുള്ള വരും മറ്റു പലരും തുടർന്നും അബ്ദേദ് മിശിഹായെ പാത്രിയർക്കീസായി അംഗീകരിച്ചു.

**മുടക്കും അനന്തര നടപടികളും**

മലങ്കര യാക്കോബായ സഭയിൽ ആത്മീയവും ലൗകികവുമായ അധികാരം തനിക്കുണ്ടെന്നും തൽസംബന്ധമായി മെത്രാൻമാരും ഇടവകകളും ഉടമ്പടി എഴുതി കൊടുക്കണം എന്നും അബ്ദുള്ളാ പാത്രിയർക്കീസ് ശഠിച്ചു. പലരും അപ്രകാരം ചെയ്തു. എന്നാൽ സഭാസ്വത്തുക്കളെല്ലാം അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലാക്കു ന്നതിനോ ഇവിടുത്തെ സഭയുടെ ഉൾഭരണസ്വാതന്ത്ര്യവും വ്യക്തി ത്വവും നഷ്ടപ്പെടുത്തി അന്ത്യോക്യൻ സഭയുടെ ഭാഗമാക്കുന്നതിനോ ഒരു വിഭാഗം "യാക്കോബായക്കാർ" തയ്യാറായില്ല. അതിനു നേതൃത്വം കൊടുത്തത് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസായിരുന്നു.

പാത്രിയർക്കീസിനെ സർവാത്മനാ അംഗീകരിക്കുന്നവരും ആത്മീയനേതാവായി മാത്രം അംഗീകരിക്കുന്നവരും എന്ന് യാക്കോബായക്കാർ രണ്ടായി പിളർന്നു. പാത്രിയർക്കീസാകട്ടെ എതിർത്തവരെയൊക്കെ മുടക്കി അമർച്ച ചെയ്യാം എന്നു കരുതി. പഴയ സെമിനാരിയിൽ തന്നെ സംഘർഷം മുറ്റിനിന്നു. രണ്ടു കക്ഷികളും ആയുധധാരികളായ സംരക്ഷകരെ കാവൽ നിർത്തി. ഒരു കലഹ ത്തിൽ 'ആനപ്പാപ്പി' എന്നു പേരുള്ള ഒരു സംരക്ഷകൻ ദാരുണമായി കൊല്ലപ്പെട്ടു. വട്ടശ്ശേരിൽ തിരുമേനിയേയും അനുയായികളേയും മുടക്കിക്കൊണ്ടുള്ള കല്പന 1911-ൽ പാത്രിയർക്കീസ് പുറപ്പെടു വിച്ചു. അടുത്തടുത്ത മുറികളിലാണ് പാത്രിയർക്കീസും വട്ടശ്ശേരിൽ തിരുമേനിയും താമസിച്ചിരുന്നത്. എന്നാൽ പോസ്റ്റൽ വഴി രജിസ്റ്റർ

www.malankaralibrary.com



ചെയ്ത ഒരു കത്തായിട്ടാണ് ഈ മുടക്കു കല്പന നൽകിയത്. ഈ മുടക്കിൽ കാനോനികമായ ക്രമങ്ങളൊന്നും പാലിച്ചിട്ടില്ല എന്നു കരുതുന്നവരുണ്ട്. പൗലോസ് മാർ കുറില്ലോസിനെ മലങ്കരമെത്രാപ്പോലീത്താ ആയി പാത്രിയർക്കീസ് നിയമിച്ചു. അങ്ങനെ പാത്രിയർക്കീസിനെ അനുകൂലിക്കുന്നവർ എന്ന അർത്ഥത്തിൽ ബാവാ കക്ഷി, മലങ്കരമെത്രാന്റെ കക്ഷി എന്ന അർത്ഥത്തിൽ മെത്രാൻ കക്ഷി എന്നിങ്ങനെ കേരളത്തിലെ യാക്കോബായ സമുദായം 1911-ൽ വീണ്ടും രണ്ടായി പിളർന്നു.

## അവലോകനം

ഈ പിളർപ്പിനും പ്രധാന കാരണക്കാരൻ അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസാണ്. ഇവിടെ ഒരിക്കലും ഇല്ലാതിരുന്ന അധികാരം വേണം എന്ന അധികാര ദുർമോഹത്തിനു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് വഴങ്ങിയില്ല എന്ന ഒറ്റക്കാരണത്താലാണ് അദ്ദേഹം ദിവന്നാസ്യോസിനെ മുടക്കിയതും ഇവിടെ വീണ്ടും പിളർപ്പുണ്ടാക്കിയതും. അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസുമാർക്ക് പിളർപ്പിന്റെയും കലഹത്തിന്റെയും ശൈലിയേ അറിയൂ. "എന്നോടു കൂടി ചേർക്കാത്തവൻ ചിതറിക്കുന്നു." (മത്താ 12.30) എന്ന കർത്തൃവചനം യാഥാർത്ഥ്യമാകുകയാണോ എന്നു തോന്നും. കൽക്കദോനിയ സിനഡിൽ വച്ച് 451-ൽ പിണങ്ങിപ്പിരിഞ്ഞ് പൂർണമായ കാതോലികസംസർഗ്ഗം നഷ്ടപ്പെടുത്തിയവരുടെ പിൻതലമുറക്കാരാണല്ലോ യാക്കോബായക്കാർ. "ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു." എന്ന് നിഖ്യാവിശ്വാസപ്രമാണത്തിൽ അവർ ചൊല്ലുന്നുണ്ടെങ്കിലും മിശിഹായുടെ ഏകസഭയിൽ നിന്ന് വെട്ടിമാറ്റപ്പെട്ടവരാണ് അവർ. ആ സഭയോടാണ് പുത്തൻ കൂറ്റുകാരുടെ സഭ കൂനൻകുരിശിനുശേഷം (1653) ബന്ധപ്പെടാൻ ഇടയായത്.

## കാതോലിക്കേറ്റ് സ്ഥാപനം (1912)

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനോട് അബ്ദുള്ള ബാവാ ഇടഞ്ഞപ്പോൾ തന്നെ തിരുമേനിയുടെ ഉത്തമശിഷ്യനും സ്നേഹിതനുമായിരുന്ന ഫാ. പി.റ്റി. ഗീവർഗീസ് (പിന്നീട് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്) പശ്ചിമേഷ്യയിലുണ്ടായിരുന്ന അബ്ദേദ് മിശിഹാ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. ഏതെങ്കിലും സാഹചര്യത്തിൽ മാർ ദിവന്നാസ്യോസ് മുടക്കപ്പെട്ടാൽ ചെയ്യേണ്ട സംഗതികളെക്കുറിച്ച് അദ്ദേഹം ചിന്തിക്കുകയും നടപടികൾ

www.malankaralibrary.com



സ്വീകരിക്കുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ള ബാവാ മുടക്കിയവിവരം ഫാ. പി. റ്റി. ഗീവർഗീസ് അബ്ദേദ് മിശിഹായെ ധരിപ്പിച്ചു. ഉടനെ തന്നെ മലങ്കരയിലെത്തണമെന്ന് അഭ്യർത്ഥിച്ചു. അബ്ദുള്ളായുടെ മുടക്ക് അസാധുവാണെന്ന് മറുപടിക്കത്തിൽ ബാവാ അറിയിച്ചു. 1912-ൽ അദ്ദേഹം മലങ്കരയിലെത്തി. അബ്ദുള്ള പാത്രിയർക്കീസിന്റെ കൂടെ നിന്ന മുറിമറ്റം മാർ ഈവാനിയോസ് കക്ഷി മാറി വട്ടശ്ശേരിൽ തിരുമേനിയുടെ കൂടെ കൂടി. അബ്ദേദ് മിശിഹാ പാത്രിയർക്കീസ് പരുമല സെമിനാരി മാനേജർ കല്ലാശ്ശേരിൽ പുന്നൂസ് റമ്പാനെ മാർഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. തുടർന്ന് നിരണം പള്ളിയിൽവച്ച് മുറിമറ്റം മാർ ഈവാനിയോസിനെ ബസേലിയോസ് പൗലോസ് എന്ന പേരിൽ കാതോലിക്കാ ആയി വാഴിച്ചു. പാത്രിയർക്കീസ് തിരികെ പോകുന്നതിനു മുമ്പ് 1913 മകരം 29ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് മാർ പീലക്സിനോസ്, മാർ ഈവാനിയോസ് എന്ന് രണ്ടു മെത്രാന്മാരെക്കൂടി വാഴിച്ചു. കുംഭം 8ന് പരുമല സെമിനാരിയിൽ നിന്ന് കാതോലിക്കേറ്റ് സംബന്ധിച്ച് കല്പനയും ഇറക്കി. പ്രസ്തുത വർഷം അദ്ദേഹം തിരികെ പോയി. 1915ൽ ദയർ-അസഫ്രാനിൽ വച്ചു മരിച്ചു.

**കാതോലിക്കാ സിംഹാസന ചരിത്രം**

റോമാസാമ്രാജ്യത്തിലെ പ്രമുഖ നഗരങ്ങളായ റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ഡ്രിയ, അന്ത്യോക്യ എന്നിവിടങ്ങളിലെ അദ്ധ്യക്ഷന്മാർ 'പാത്രിയർക്കീസുമാർ' എന്ന് കാലാന്തരത്തിൽ അറിയപ്പെട്ടു. എന്നാൽ പേർഷ്യൻ സാമ്രാജ്യത്തിലെ പ്രമുഖനഗരമായ സെലുഷ്യാ-സ്റ്റെസിഫണിലെ മെത്രാൻ അഞ്ചാം നൂറ്റാണ്ടുമുതൽ "കാതോലിക്കോസ്" എന്നറിയപ്പെടാൻ തുടങ്ങി. കാലക്രമത്തിൽ "പാത്രിയർക്കീസ്" എന്ന സംജ്ഞയും ഇതോടു ചേർത്ത് അവർ ഉപയോഗിച്ചു. 'സഭാതലവൻ' എന്നാണ് "കാതോലിക്കോസ്" എന്ന പദത്തിന്റെ അർത്ഥം. പാത്രിയർക്കീസിൽ നിന്ന് താഴ്ന്നപടിയിലായിരുന്നു കാതോലിക്കോസിന്റെ സ്ഥാനമെങ്കിലും, പിൽക്കാലത്ത് രണ്ടിനും ഒരേഅർത്ഥം കൈവന്നു. കാതോലിക്കോസിന് തന്റെ ഭരണാധികാരത്തിൻ കീഴിൽ, പാത്രിയർക്കീസിനുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരുന്നു. പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയിൽ ഉടലെടുത്ത ഈ സ്ഥാനപ്പേര് കത്തോലിക്കാ സഭയിൽ രൂപപ്പെട്ടതാണ്. കാരണം, അന്ന് കത്തോലിക്കാസഭ മാത്രമാണല്ലോ ഉണ്ടായിരുന്നത്.

www.malankaralibrary.com



**യാക്കോബായ മഫ്രിയാൻ**

പേർഷ്യൻ സാമ്രാജ്യത്തിൽ യാക്കോബായക്കാരുടെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ അവരുടെ ആത്മീയ കാര്യങ്ങൾക്കു വേണ്ടി മാറുഥാ എന്ന ഒരാളെ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് 629-ൽ "പേർഷ്യയിലെ വലിയ മെത്രാപ്പോലീത്താ" അഥവാ മഫ്രിയാൻ ആയി നിയമിച്ചു. മഫ്രിയാൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം, 'ഫലം പുറപ്പെടുവിക്കുന്നയാൾ', 'ജനിപ്പിക്കുന്നയാൾ' എന്നൊക്കെയാണ്. മെത്രാപ്പോലീത്താമാരെയും, മെത്രാന്മാരെയും വാഴിക്കാൻ അധികാരമുള്ളയാൾ, നിരവധി ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിവുള്ളയാൾ എന്നർത്ഥത്തിലാണ് ഈ സഭാദ്ധ്യക്ഷന് ഈ പേരു ലഭിച്ചത്. യാക്കോബായക്കാരുടെ ഈ അദ്ധ്യക്ഷന്റെ ആസ്ഥാനം തഗ്രീതായിരുന്നു. തിഗ്രീസ് നദീതീരത്തുള്ള ഒരു ചെറിയ യാക്കോബായ കേന്ദ്രമായിരുന്നു തഗ്രീത്. സെലൂഷ്യാ-സ്റ്റെസഫിസൺ പൗരസ്ത്യ സുറിയാനി സഭയുടെ ആസ്ഥാനമായിരുന്നതിനാലും അവിടെ യാക്കോബായക്കാരുടെ അംഗസംഖ്യ തുലോം തുച്ഛമായിരുന്നതിനാലും മഫ്രിയാൻ തഗ്രീതിൽ തന്റെ വാസസ്ഥലം ഉറപ്പിച്ചു.

**കാതോലിക്കോസും മഫ്രിയാനും.**

ഇവ രണ്ടും ഒന്നല്ല, രണ്ടാണ്. കാതോലിക്കേറ്റ് പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയിൽ ഉടലെടുത്തതാണ്. അതു വളർന്നു. അതിന്റെ പിൻതുടർച്ചയിൽ ഇപ്പോൾ മൂന്നു കാതോലിക്കാമാരുണ്ട്. രണ്ടു 'നെസ്തോറിയരും' ഒരു കത്തോലിക്കനും. സെലൂഷ്യയിലെ ഈ കാതോലിക്കായുടെ മേൽ അന്ത്യോക്യാ പാത്രിയർക്കീസ് ഒരവകാശവാദവും പുറപ്പെടുവിച്ചിട്ടില്ല. പേർഷ്യയിലെ പൗരസ്ത്യസുറിയാനിസഭ സ്വയം നിർണയാവകാശവും ഉൾഭരണസ്വാതന്ത്ര്യവും ഉള്ള സഭയായിരുന്നു. അധികാരത്തിൽ മറ്റൊരു പാത്രിയർക്കീസിനെയും അദ്ദേഹം ആശ്രയിച്ചിരുന്നില്ല. ഈ കാതോലിക്കോസിന്റെ അധികാര വ്യാപ്തി വളരെ വിസ്തൃതമായിരുന്നു.

എന്നാൽ മഫ്രിയാനേറ്റ് 629-ൽ പേർഷ്യയിലെ യാക്കോബായക്കാരുടെ ഇടയിൽ ഉടലെടുത്തതും അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനെ ആശ്രയിച്ച് നിലനിന്നിട്ടുള്ളതുമാണ്. 1860/3 -ൽ മഫ്രിയാൻ സ്ഥാനം നിർത്തലാക്കപ്പെട്ടു. തന്റെ പ്രതിനിധിയായിട്ടാണ്

www.malankaralibrary.com



മഫ്രിയാനെ യാക്കോബായ പാത്രിയർക്കിസ് കണക്കാക്കിയത്. മഫ്രിയാന് പേർഷ്യയിലെ യാക്കോബായക്കാരുടെ ഇടയിൽ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു.

'കിഴക്കിന്റെ കാതോലിക്കോസ്' എന്നത് യാക്കോബായ സഭയിൽ പില്ക്കാലത്തുണ്ടായ ഒരു സ്ഥാനപ്പേരാണ്. അതും പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയിലെ "കാതോലിക്കോസും" ഒന്നല്ല. പേരിന്റെ സാമ്യം കൊണ്ട് രണ്ടും ഒന്നായി പലരും തെറ്റിദ്ധരിച്ചു.

## പാത്രിയർക്കീസിന്റെ കല്പന

കേരളത്തിൽ 1912-ൽ ഒരു കാതോലിക്കയെ വാഴിച്ച ശേഷം അബ്ദേദ് മിശിഹാ നൽകിയ കൽപനയിൽ ഇപ്രകാരം കാണുന്നു: "നിങ്ങളുടെ അപേക്ഷ പോലെ ബസേലിയോസ് എന്ന നാമത്തിൽ മഫ്രിയാനെയും, അതായത്, കാതോലിക്കായെയും മൂന്നു പുതിയ മെത്രാന്മാരെയും നാം വാഴിച്ചു." അതിന്റെയർത്ഥം 'മഫ്രിയാൻ' , 'കാതോലിക്കാ' എന്നീ പദങ്ങൾ ഒരേ അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു എന്നത്രേ. യാക്കോബായക്കാരുടെ തഗ്രീതിലെ മഫ്രിയാനേറ്റിനെ പറ്റിയാകട്ടെ, പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയുടെ കാതോലിക്കേറ്റിനെ പറ്റിയാകട്ടെ, കല്പനയിൽ പരാമർശിക്കുന്നില്ല. ഇതൊരു പുനഃസ്ഥാപനമായി കൽപനയിൽ പറയുന്നില്ല.

പുരാതന സഭയിൽ കാതോലിക്കേറ്റും മഫ്രിയാനേറ്റും രണ്ട് വ്യത്യസ്ത യാഥാർത്ഥ്യങ്ങളായിരുന്നെങ്കിലും, മലങ്കരയിലുള്ളവർ രണ്ടും ഒന്നായിട്ടാണ് മനസ്സിലാക്കിയിരുന്നത്. "പൂർണ്ണാധികാരത്തോടു കൂടിയ കാതോലിക്കാ സിംഹാസനമാണ്" ഇവിടെ സ്ഥാപിക്കപ്പെടേണ്ടതെന്ന് മലങ്കരക്കാർക്കു ബോദ്ധ്യമുണ്ടായിരുന്നു.

പേർഷ്യൻ സഭയിലെ പുരാതന കാതോലിക്കേറ്റാണ് 1912-ൽ കേരളത്തിൽ സ്ഥാപിതമായത് എന്ന് പറയുന്നത് ചരിത്ര സത്യത്തിനു നിരക്കുന്നതല്ല. ഓർത്തഡോക്സ്, വൈദിക സെമിനാരി പ്രൊഫസർ ആയിരുന്ന റവ. ഡോക്ടർ വി.സി. ശമുവേൽ പറയുന്നത് ഇപ്രകാരമാണ് : "കിഴക്കിന്റെ കാതോലിക്കേറ്റ്" പുരാതന പേർഷ്യൻ സഭയിലെ കാതോലിക്കേറ്റോ അതിനു തുല്യമായ ഒരു സ്ഥാനമോ അല്ല. അത് തഗ്രീതിലെ മഫ്രിയാനാ മാത്രമാണ്. പദത്തിന്റെ സാമ്യം മൂലം

www.malankaralibrary.com



ആ സ്ഥാനത്തിന് പുരാതന പേർഷ്യൻ കാതോലിക്കേറ്റിനുണ്ടായിരുന്ന അധികാരവകാശങ്ങൾ ഉള്ളതായി നമ്മുടെ സഭാനേതൃത്വം കരുതുകയും ചെയ്തു." (*ഇത് ഒരു ഇൻഡ്യൻ സഭയോ?* തിരുവല്ല, 1975 പേ. 114-115).

ചുരുക്കത്തിൽ, പേർഷ്യയിലെ യാക്കോബായക്കാരുടെ ഇടയിൽ 629 മുതൽ നിലനിന്നതും പിന്നീട് നിർത്തലാക്കിയതുമായ മഫ്രിയാനേറ്റാണ് 1912-ൽ അബ്ദേദ് മിശിഹാ ഇവിടെ സ്ഥാപിച്ചത്. എന്നാൽ മലങ്കരക്കാർ ലക്ഷ്യം വച്ചത് മഫ്രിയാന്റെ അധികാരത്തെക്കാൾ കൂടുതൽ അധികാരമുള്ള ഒരു സ്ഥാനിയെയാണ്. അബ്ദേദ് മിശിഹാ മഫ്രിയാനേറ്റാണ് സ്ഥാപിച്ചതെങ്കിലും ഇവിടുത്തുകാർ "കാതോലിക്കേറ്റ്" എന്ന അർത്ഥം ആണ് പിൽക്കാലത്ത് അതിനു നൽകിയത്.

അതുപോലെ പേർഷ്യയിലെ പുരാതന കാതോലിക്കാസ്ഥാനം 629-ൽ തഗ്രീതിലേക്ക് മാറ്റിയെന്ന് ചില ഓർത്തഡോക്സുകാർ പറയുന്നതും ചരിത്രസത്യമല്ല. അതുപോലെ 629-ൽ മഫ്രിയാൻ എന്ന പേരുകുടി പേർഷ്യയിലെ കാതോലിക്കോസ് പാത്രിയർക്കീസ് എടുത്തതേയുള്ളു എന്നു പറയുന്നതും ചരിത്രരേഖകൾ അറിയാൻ പാടില്ലാത്തതുകൊണ്ടാണ്. ഇങ്ങനെയൊന്നുമല്ല 629-ൽ നടന്നതെന്ന് അന്നത്തെ ചരിത്രരേഖകൾ വളരെ വിശദമായി സംസാരിക്കുന്നു. *പൗരസ്ത്യ കാതോലിക്കോസ്* (കോട്ടയം, 1985) എന്ന ഗ്രന്ഥത്തിൽ ഈ കാര്യങ്ങൾ വളരെ വ്യാപകമായി ചർച്ച ചെയ്തിട്ടുള്ളതാണ്. സെലൂഷ്യയിലെ കാതോലിക്കാ സ്ഥാപനം തഗ്രീതിലേക്ക് മാറ്റുന്നു എന്ന് യാക്കോബായാ പാത്രിയർക്കീസ് ഒരു രേഖയിലും പറഞ്ഞിട്ടില്ല. 629-ലും സെലുഷ്യയിലെ കാതോലിക്കാ സ്ഥാപനം അതേപടി തുടർന്നു. യാക്കോബായക്കാർ പേർഷ്യയിൽ വളരെ ചെറിയൊരു വിഭാഗ മായിരുന്നു. അവിടുത്തെ പ്രമുഖ ക്രൈസ്തവസഭ പൗരസ്ത്യ സുറിയാനി സഭയായിരുന്നു. 629ലെ മഫ്രിയാൻ വാഴ്ച സെലൂഷ്യയിലെ കാതോലിക്കായുടെ പിൻതുടർച്ചയായി യാക്കോബായക്കാരും, പൗരസ്ത്യസുറിയാനിക്കാരും കരുതിയില്ല. കേരളത്തിലെ ചില ഓർത്തഡോക്സ് എഴുത്തുകാർ മറിച്ചെഴുതി പ്രചരിപ്പിക്കുന്നതിന് ചരിത്രപരമായി ഒരടിസ്ഥാനവുമില്ല.

www.malankaralibrary.com



## കാതോലിക്കേറ്റ് സ്ഥാപനവും മാർ ഈവാനിയോസും

കേരളത്തിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിക്കാൻ വളരെയധികം അധ്വാനിച്ചയാളാണ് മാർ ഈവാനിയോസ് മെത്രാപ്പോലിത്താ. 1912-ൽ അദ്ദേഹം ഒരു വൈദികനായിരുന്നു. എം.എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന ഫാദർ പി.റ്റി. ഗീവർഗീസ്. വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈ ആയി പ്രവർത്തിച്ചിരുന്നത് ഫാദർ പി.റ്റി. ഗീവർഗീസായിരുന്നു. അബ്ദേദ് മിശിഹായെ കേരളത്തിൽ കൊണ്ടുവരുന്നതിനും ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനും മറ്റും മറ്റാരേക്കാളും കുടുതലായി അദ്ദേഹം അദ്ധ്വാനിച്ചു. വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ള മുടക്കിയപ്പോൾ അത് അബ്ദേദ് മിശിഹായെ അറിയിച്ചത് മറ്റാരുമായിരുന്നില്ല. ഉടനെ മറുപടി വന്നു: "ദിവന്നാസ്യോസും കുടെയുള്ളവരും അനുഗൃഹീതരാകുന്നു, അബ്ദുള്ളയുടെ മുടക്ക് അസാധുവായിട്ടുള്ളതത്രേ"- ഫാ. പി.റ്റി. ഗീവർഗീസ്, വട്ടശ്ശേരിൽ തിരുമേനിയെ കമ്പി കാണിച്ചപ്പോൾ സന്തോഷം കൊണ്ട് ഒരു കൊച്ചു കുട്ടിയെപ്പോലെ തിരുമേനി പെട്ടെന്ന് കണ്ണീരൊഴുക്കി. "കേരളത്തിലെത്താം" എന്ന് അബ്ദേദ് മിശിഹായുടെ കത്തു വന്നതും ഫാ. പി.റ്റി. ഗീവർഗീസിൻെറ നിർദ്ദേശാനുസരണം മാവേലിക്കരയിലുള്ള ഈപ്പൻ ഉപദേശിക്കാണ്. അബ്ദേദ് മിശിഹായെ സ്വീകരിക്കാൻ ബോംബെയിൽ പോയത്. ഫാ. പി.റ്റി. ഗീവർഗീസും എൻ.ഐ.പോത്തനും കുടിയാണ്. പാത്രിയർക്കീസിനെ യാത്രയാക്കാനും ഫാ. പി.റ്റി. ഗീവർഗീസ് ബോംബെ വരെ യാത്ര ചെയ്തിരുന്നു.

കാതോലിക്കേറ്റ് സ്ഥാപനത്തിൽ ബഥനിയുടെ മാർ ഈവാനിയോസിന് (ഫാ. പി.റ്റി. ഗീവർഗീസിന്) ഉള്ള പങ്കിനെപ്പറ്റി 1912 മുതൽ 1930 വരെ ആരും ഒട്ടും സംശയിച്ചില്ല. അദ്ദേഹത്തിൻെറ പങ്കിനെ ഇടിച്ചുതാഴ്ത്തി സംസാരിച്ചിട്ടുമില്ല. മറിച്ച്, കതോലിക്കേറ്റ് സ്ഥാപിതമായത് മാർ ഈവാനിയോസിൻെറ പരിശ്രമഫല മായിട്ടാണെന്ന് പൊതുവേദികളിൽ പരസ്യമായി സന്തോഷപൂർവ്വം മലങ്കരസഭയുടെ പ്രതിനിധികൾ സംസാരിച്ചിട്ടുണ്ട്. 1925-ലും ഇക്കാര്യം അവർ സന്തോഷപൂർവ്വമാണ് അനുസ്മരിച്ചിട്ടുള്ളത്. 1925-മെയ് ഒന്നിന് ഫാദർ പി.റ്റി. ഗീവർഗീസിനെ ബഥനിയുടെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്തശേഷം നടന്ന അനുമോദന പ്രസംഗത്തിൽ "കാതോലിക്കേറ്റ് സ്ഥാപിതമായത് മാർ ഈവാനിയോസിൻെറ ശ്രമഫലമായിട്ടാണ്" എന്ന് പ്രസംഗകൻ പറയുകയുണ്ടായി. 1912-നുശേഷം 1925ലാണ്

www.malankaralibrary.com



ഈ പ്രസംഗം നടന്നതെന്ന് ഓർക്കണം. അന്നുള്ള മനുഷ്യരുടെ മനസ്സിലും ഈ സംഗതി സജീവമായി നിലനിന്നു എന്നു സാരം.

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താതന്നെ ഇക്കാര്യം വളരെ സ്പഷ്ടമായി പറഞ്ഞിട്ടുള്ളതാണ്. കുന്നംകുളം കേസിൽ "അബ്ദേദ് മിശിഹായെ മലങ്കരയ്ക്ക് ക്ഷണിച്ചത് ആരാണ്"? എന്ന ചോദ്യത്തിന് "അദ്ദേഹത്തിൻെറ ആഗ്രഹം മൂലവും അദ്ദേഹത്തെ വരുത്തണമെന്ന് മലങ്കരസഭയിലെ അനേകരുടെ ആഗ്രഹം ഫാ. ഗീവർഗീസ് അദ്ദേഹത്തെ അറിയിച്ചതു മൂലവും അദ്ദേഹം വരാമെന്നു സമ്മതിച്ചിരുന്നു" എന്നാണ് മാർ ദിവന്നാസ്യോസ് മൊഴി നൽകിയിരിക്കുന്നത്.

കതോലിക്കേറ്റു സ്ഥാപനംവഴി മലങ്കര സഭയുടെ ഉൾഭരണസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിൽ സുപ്രധാനമായ ഒരു പങ്ക് ഫാ. പി.റ്റി. ഗീവർഗീസിനുണ്ടായിരുന്നു എന്ന് നിസ്സംശയം പറയാം. എന്നാൽ 1930-ൽ അദ്ദേഹം കത്തോലിക്കാസഭയുമായി കാനോനിക സംസർഗ്ഗത്തിൽ എത്തിയതു മുതൽ കാതോലിക്കാവാഴ്ചയുമായി അദ്ദേഹത്തെ ബന്ധപ്പെടുത്തി പറയാൻ ചിലർ വിമുഖത കാണിക്കുന്നു.

www.malankaralibrary.com

അധ്യായം 15

# മലങ്കര യാക്കോബായാ സുറിയാനി സഭ (1912-1930)

## ആമുഖം

കതോലിക്കാവാഴ്ചയോടുകൂടി മലങ്കര യാക്കോബായാ സഭ രണ്ടു വിഭാഗമായി തിരിഞ്ഞു. ഇന്നും നിലനില്ക്കുന്ന ഒരു പിളർപ്പിൻെറ ആരംഭം 1912-ൽ ദർശിക്കാൻ സാധിക്കും. ഇപ്രകാരം ഒരു പിളർപ്പിന് പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും, പ്രധാന കാരണക്കാരൻ അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസാണെന്ന് കരുതുന്ന പലയാളുകൾ ഉണ്ട്. 1912 മുതൽ 1930 വരെയുള്ള ചരിത്രമാണ് ഈ അദ്ധ്യായത്തിൽ അവലോകനം ചെയ്യുന്നത്.

## വട്ടിപ്പണക്കേസ് (1913-28)

അബ്ദേദ്മിശിഹാ പാത്രിയർക്കീസ് 1912-ൽ വാഴിച്ച ബസേലിയോസ് പൗലോസ് കാതോലിക്കോസ് 1913-ൽ കാലം ചെയ്തു. പ്രസ്തുത വർഷം തന്നെ വട്ടിപ്പണക്കേസ് എന്ന പേരിൽ അറിയപ്പെടുന്ന കോടതിവ്യവഹാരം ആരംഭിച്ചു. "വട്ടിപ്പണം" എന്നതിൻെറ അർത്ഥം പലിശയ്ക്കിട്ട പണം എന്നാണ്. സുറിയാനിക്കാരുടെ നന്മയ്ക്കുവേണ്ടി ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയിൽ പലിശയ്ക്കു നിക്ഷേപിച്ച പണം ആണിത്. പുത്തൻകൂറ്റുകാർക്കുവേണ്ടി ദിവന്നാസ്യോസ് ഒന്നാമനും പഴയകൂറ്റുകാർക്കുവേണ്ടി തച്ചിൽ മാത്തുത്തരകനും നിക്ഷേപിച്ച തുകയാണ് വട്ടിപ്പണം എന്നറിയപ്പെടുന്നത്. ഇതേപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്. പുത്തൻ കൂറ്റുകാർക്കു ലഭിക്കാനുള്ള പലിശ സംബന്ധിച്ചായിരുന്നു 1913 മുതൽ തർക്കം.

## മെത്രാൻ കക്ഷിയും ബാവാക്കക്ഷിയും

അന്ത്യോക്യൻ യാക്കോബായാ പാത്രിയർക്കീസിനെ സർവാത്മന അംഗീകരിക്കുന്നവർ ബാവാക്കക്ഷിയെന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിൻെറ നേതൃത്വം അംഗീകരിക്കുന്നവർ മെത്രാൻ

www.malankaralibrary.com



കക്ഷിയെന്നും അറിയപ്പെട്ടു. പാത്രിയർക്കീസിന്റെ ആത്മീയ മേല്ക്കോയ്മ മാത്രമേ മെത്രാൻ കക്ഷിക്കാർ അംഗീകരിച്ചുള്ളു. ഇവിടുത്തെ സഭയുടെ ലൗകികസ്വത്തുക്കളിൻമേൽ പാത്രിയർക്കീസിന് അധികാരം ഒന്നും ഇല്ല എന്ന് ഇക്കൂട്ടർ കരുതുന്നു. മലങ്കര സഭമേൽ പാത്രിയർക്കീസിന് സർവാധികാരം ഉണ്ടെന്ന് സമ്മതിച്ച് എഴുതിക്കൊടുക്കാത്തതിന്റെ പേരിലായിരുന്നല്ലോ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയതും സഭയിൽ തുടർന്ന് പിളർപ്പുണ്ടായതും. ബാവാക്കക്ഷിയെ കുറില്ലോസ് കക്ഷിയെന്നും വിളിച്ചിരുന്നു. 1908-ൽ മാർ ദിവന്നാസ്യോസിനോടു കൂടി പശ്ചിമേഷ്യയിൽ വച്ചു പട്ടമേറ്റ പൗലോസ് മാർ കൂറില്ലോസായിരുന്നു 1917 വരെ ബാവാക്കക്ഷിയുടെ നേതാവ്. അദ്ദേഹത്തിൽ നിന്നാണ് ഈ പേര്. മെത്രാൻ കക്ഷിക്കാർ കാലക്രമത്തിൽ "മലങ്കര ഓർത്തഡോക്സ് സഭ" എന്ന പേര് സ്വീകരിച്ചു. രണ്ടുവിഭാഗത്തിനും ഓരോ മലങ്കരമെത്രാപ്പോലീത്തായും മലങ്കര അസോസിയേഷനും, കൊച്ചിൻ അവാർഡ് അനുസരിച്ച് വൈദികട്രസ്റ്റിയും അൽമായട്രസ്റ്റിയും ഉണ്ടായിരുന്നു. വട്ടിപ്പണത്തിന്റെയും അതോടുകൂടി സമുദായ സ്വത്തുക്കളുടെയും അവകാശി ഏതു കക്ഷിയാണ് എന്നതു സംബന്ധിച്ചായിരുന്നു കേസ്. 1908 മുതൽ പലിശ വാങ്ങാൻ കഴിയാതെ കിടന്നു. കൂട്ടുട്രസ്റ്റികളായ കോനാട്ടു മല്പാനും സി.ജെ.കുര്യനും മെത്രാപ്പോലീത്തായുമായി സഹകരിക്കാത്തിനാലാണ് പലിശ വാങ്ങാൻ അദ്ദേഹത്തിനു കഴിയാഞ്ഞത്.

## മർദീൻ യാത്ര (1923)

ആദ്യം മാർ ദിവന്നാസ്യോസിന് അനുകൂലമായി ജില്ലാ ജഡ്ജി വിധി പ്രസ്താവിച്ചു. 1923-ലെ അപ്പീൽ വിധി ദിവന്നാസ്യോസിന് പ്രതികൂലമായിരുന്നു. കേസിൽ തോറ്റ ദിവന്നാസ്യോസ്, യാക്കോബായാ പാത്രിയർക്കീസിനെ കണ്ട് ഐക്യം പുനഃസ്ഥാപിക്കാനായി പ്രസ്തുതവർഷം പശ്ചിമേഷ്യയിലെ പാത്രിയർക്കാ ആസ്ഥാനമായ മർദ്ദീനിലേയ്ക്കു പോയി. അന്ന് മെത്രാൻ കക്ഷിയിലുണ്ടായിരുന്ന ഗീവർഗീസ് മാർ പീലക്സീനോസ് (രണ്ടാം കാതോലിക്കാ), ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (മൂന്നാം കാതോലിക്കാ), യുവാക്കിം മാർ ഈവാനിയോസ് എന്നിവർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡവും മാർ ദിവന്നാസ്യോസ് കൊണ്ടുപോയിരുന്നു.

www.malankaralibrary.com



## ഒത്തുതീർപ്പിനെപ്പറ്റി രണ്ടു വിശദീകരണം

മാർ ഏലിയാസ് പാത്രിയാർക്കീസുമായി ചില ധാരണകൾ ഉണ്ടാക്കി. യൂലിയോസ് എന്ന മെത്രാനോടൊത്ത് ദിവന്നാസ്യോസ് തിരികെപ്പോന്നു. തിരികെ എത്തിയശേഷം ധാരണയനുസരിച്ച് ഒന്നും തന്നെ നടന്നില്ല. ഈ സംഭവത്തിന് മെത്രാൻകക്ഷിയും ബാവാകക്ഷിയും വ്യത്യസ്ത വിശദീകരണമാണ് നൽകുന്നത്. മെത്രാൻകക്ഷി അത് ഇപ്രകാരം വിവരിക്കുന്നു: "മാർ ദിവന്നാസ്യോസും പാത്രിയർക്കീസും തമ്മിൽ പലവട്ടം ചർച്ചനടത്തി. ഒടുവിൽ ബാവാ ദിവന്നാസ്യോസിൻെറ മുടക്കുതീർക്കുകയും സമാധാനകല്പന മാർ യൂലിയോസ് വശം കൊടുത്തയയ്ക്കുകയും ചെയ്തു. ചിലരുടെ ദുരാലോചനകൾക്കു വഴിപ്പെട്ട് യൂലിയോസ് പ്രസ്തുത കല്പന വായിച്ചില്ല. ഈ രീതിയിൽ സമാധാനത്തിൻെറ വാതിലടഞ്ഞു." ബാവാക്കക്ഷിയുടെ വിശദീകരണം: "കേസിൽ തോറ്റ ദിവന്നാസ്യോസ്, തൻെറ മുടക്കു തീർത്തുകിട്ടാനാണ് മർദ്ദീനിലേക്കു പോയത്. പാത്രിയർക്കീസിൻെറ അംഗീകാരമുള്ള മെത്രാപ്പോലീത്തായ്ക്കു മാത്രമേ വട്ടിപ്പണത്തിൻെറ പലിശ വാങ്ങാൻ വിധിയനുസരിച്ച് അവകാശമുണ്ടായിരുന്നുള്ളു. എതിരാളിയായ മാർ അത്തനാസ്യോസിനെ പാത്രിയർക്കീസ് അംഗീകരിക്കുന്നതിനു മുമ്പ് മുടക്കുതീർത്തു തൻെറ സ്ഥാനം ഉറപ്പിക്കുകയായിരുന്നു ദിവന്നാസ്യോസിൻെറ ലക്ഷ്യം. പാത്രിയർക്കീസ് മുന്നോട്ടുവച്ച നിബന്ധനകൾ അംഗീകരിക്കാൻ മാർ ദിവന്നാസ്യോസ് സന്നദ്ധനായിരുന്നു. തിരികെ വന്ന ദിവന്നാസ്യോസ് നിബന്ധനകളനുസരിച്ച് പ്രവർത്തിക്കാതെ റിവ്യൂഹർജി നൽകി. മുടക്കുതീർത്ത കല്പന യൂലിയസ് മെത്രാൻെറ പക്കലില്ലായിരുന്നു. വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ബോധ്യപ്പെടുമ്പോൾ മുടക്കുതീർക്കാൻ പാത്രിയർക്കീസ് സന്നദ്ധനായിരുന്നു. അതിനാണ് അദ്ദേഹത്തെ കേരളത്തിലേക്കയച്ചത്. മുടക്കു തീർത്തെങ്കിൽ അവിടെവച്ചു തന്നെ മുടക്കുതീർത്ത കല്പന ദിവന്നാസ്യോസിൻെറ കൈയ്യിൽ കൊടുത്തുവിടാനാണ് ഏറെ സാധ്യത".

## കത്തോലിക്കാ ഐക്യചർച്ച സാധ്യത

ദിവന്നാസ്യോസിൻെറ മർദ്ദീൻ യാത്രയ്ക്കിടയ്ക്ക് ബാഗ്ദാദിൽ വച്ച് ഒരു സുറിയാനികത്തോലിക്കാമെത്രാനെ സന്ദർശിക്കുകയും സഭാകാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. മർദ്ദീൻ യാത്ര പാരാജയപ്പെട്ടാൽ കത്തോലിക്കാസഭയുമായി ഐക്യപ്പെടുന്നത്

www.malankaralibrary.com



സംബന്ധിച്ച് തിരികെ വരുമ്പോൾ ചർച്ചചെയ്യാം എന്നൊക്കെ പറഞ്ഞതായി പറയപ്പെടുന്നു. തിരികെ വന്നപ്പോൾ മാർ യുലിയോസ് മെത്രാൻ കൂടെയുണ്ടായിരുന്നതിൽ കത്തോലിക്കാമെത്രാനുമായി കൂടുതൽ ചർച്ചകളൊന്നും നടത്താൻ സാധിച്ചില്ല. എന്നാൽ പരുമല വച്ച് മാർ ദിവാന്നാസ്യോസിന് സിറിയൻ കത്തോലിക്കാ പാത്രിയർക്കീസായ മാർ റഹമാനി ബാവായുടെ കത്ത് വരികയുണ്ടായി. അതിന് മറുപടി എടുക്കുവാൻ ബഥനിയുടെ മാർ ഈവാനിയോസിനെയാണ് ഭരമേൽപിച്ചത്. "യോജിക്കുന്നതിന് എനിക്കു സമ്മതമാണ്. സഹോദരൻമാരായ മേൽപട്ടക്കാരോടും പട്ടക്കാരിലും അൽമായക്കാരിലും പ്രധാനന്മാരായവരോടും ആലോചിച്ചശേഷമേ അവസാന തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളു" എന്ന് മാർ ദിവന്നാസ്യോസ് പറയുകയുണ്ടായി. 1930ലെ കത്തോലിക്കാ പുനരൈക്യത്തിന്റെ തുടക്കം ഇവിടെയാണ്.

## മെത്രാൻ കക്ഷിയുടെ വിജയം

നാട്ടിൽ 1923-ൽ തന്നെ തിരികെയെത്തിയ മാർ ദിവന്നാസ്യോസ് റിവ്യുഹർജി കൊടുത്തു. 1925-ൽ രണ്ടാം കാതോലിക്കായെ നിരണം പള്ളിയിൽ വച്ചു വാഴിച്ചു. വാഴ്ചയുടെ പിറ്റേദിവസം (മെയ് 1ന്) ഫാ.പി.റ്റി. ഗീവർഗീസിനെ ബഥനിയുടെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. രണ്ടാം കാതോലിക്കാ 1928-ൽ മരിച്ചു. 1929-ൽ മൂന്നാം കാതോലിക്കാ ആയി ഗീവർഗീസ് മാർ ഗ്രിഗോറിയോസിനെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും ബഥനിയുടെ മാർ ഈവാനിയോസും ചേർന്ന് കോട്ടയം മാർ ഏലിയ ചാപ്പലിൽ വച്ചു വാഴിച്ചു. തുടർന്ന് മാർ ഈവാനിയോസിനെ മെത്രാപ്പോലീത്താ ആക്കി. അതിനുശേഷം രണ്ടു മെത്രാന്മാരെ കൂടി വാഴിച്ചു. അങ്ങനെ മെത്രാൻ കക്ഷിയിൽ മൊത്തം അഞ്ചു മെത്രാന്മാരായി. 1928-ൽ വട്ടിപ്പണക്കേസിന്റെ അന്ത്യവിധി മാർ ദിവാന്നാസ്യോസിന് അനുകൂലമായി ഉണ്ടായി. അനേകവർഷമായി മുടങ്ങി കിടന്നിരുന്ന പലിശ പ്രസ്തുത വിധിയനുസരിച്ച് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് ഒരുമിച്ച് വാങ്ങി. അങ്ങനെ സുദീർഘ വ്യവഹാരങ്ങൾക്കുശേഷം വട്ടിപ്പണക്കേസ് അവസാനിച്ചു.

## അവലോകനം

1912നു ശേഷം 1925ൽ മാത്രമാണ് രണ്ടാം കാതോലിക്കോസിനെ വാഴിച്ചത്. അന്ത്യോക്യായോടുള്ള സ്നേഹബന്ധത്തിൽ

www.malankaralibrary.com



നിലനിൽക്കേണ്ട ഒരു സ്ഥാപനമാണ് കാതോലിക്കേറ്റ്. അന്ത്യോക്യാ പാത്രിയർക്കീസിനെ കൂടാതെ പുതിയ കാതോലിക്കായെ വാഴിച്ചാൽ, മെത്രാൻ കക്ഷിക്കാർ പുതിയ ഒരു സഭ തുടങ്ങിയതായി വ്യാഖ്യാനിക്കപ്പെടുമെന്നും അത് വട്ടിപ്പണക്കേസിന്റെ വിധിയെ ബാധിക്കുമെന്നും കരുതിയാകാം ഉടനെ രണ്ടാം കാതോലിക്കായെ വാഴിക്കാഞ്ഞത്. കാതോലിക്കാ വാഴ്ച വഴി പുതിയ ഒരു സഭ തുടങ്ങി എന്നു ധ്വനിക്കുന്നതൊന്നും ഉണ്ടാകാതിരിക്കാൻ മെത്രാൻ കക്ഷിക്കാർ വളരെ ശ്രദ്ധിച്ചിരുന്നു. 1923-ലെ വിധിയിൽ തോറ്റപ്പോൾ ഏതു വിധേനയും പാത്രിയർക്കീസുമായി ഒരു ധാരണയുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വട്ടശ്ശേരിൽ തിരുമേനി മർദ്ദീനിലേക്കു പോയത്. അതും അസാധ്യമായപ്പോഴാണ് 1925-ൽ രണ്ടാം കാതോലിക്കായെ വാഴിച്ചത്. പ്രസ്തുത വാഴ്ചയിലും മാർ ദിവന്നാസ്യോസ് നേരിട്ട് പങ്കെടുത്തില്ല. 1929 ആയപ്പോഴേക്കും വട്ടിപ്പണക്കേസിൽ മാർ ദിവന്നാസ്യോസ് ജയിച്ചു. മൂന്നാം കാതോലിക്കാ വാഴ്ചയിൽ അദ്ദേഹം നേരിട്ടു സംബന്ധിക്കുകയും ചെയ്തു.

## ബഥനി സന്ന്യാസ പ്രസ്ഥാനം (1919)

യാക്കോബായാ സഭയിലെ മെത്രാൻ കക്ഷിയും ബാവാ കക്ഷിയും തമ്മിൽ വട്ടിപ്പണത്തിന്റെ പേരിൽ കേസു പറഞ്ഞുകൊണ്ടിരുന്ന കാലത്ത് സമുദായത്തിന്റെ അഭിവൃദ്ധിയെയും ഉന്നതിയെയും ലക്ഷ്യമാക്കി എം.ഡി. സെമിനാരി പ്രിൻസിപ്പൽ ഫാ.പി.റ്റി. ഗീവർഗീസ് എം.എ. പ്രാർത്ഥനാനിരതനായി ചിന്തിച്ചുകൊണ്ടിരുന്നു. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിൽ നിന്നു പൂർണ്ണമായി മലങ്കരസഭ സ്വതന്ത്രമാകണം എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. അതിനുള്ള ആദ്യപടിയായിട്ടാണ് കാതോലിക്കേറ്റ് സ്ഥാപിച്ചത്. സഭയിൽ ആന്തരിക നവീകരണത്തിന് സന്ന്യാസ പ്രസ്ഥാനങ്ങൾക്കുള്ള പങ്കിനെപ്പറ്റി അദ്ദേഹത്തിന് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. സെറാമ്പൂർ കോളേജിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്താണ് സന്ന്യാസ പ്രസ്ഥാനത്തെപ്പറ്റിയുള്ള ചിന്ത മനസ്സിൽ ഉദിച്ചത്. 1919-ഓടു കൂടി അദ്ദേഹം പുരുഷൻമാരുടെയും സ്ത്രീകളുടെയും സന്ന്യാസപ്രസ്ഥാനങ്ങളാരംഭിച്ചു. ബഥനി സന്ന്യാസസമൂഹം എന്ന് ഇതറിയപ്പെട്ടു. ബഥനി സന്ന്യാസികൾ പ്രാർത്ഥനയ്ക്കും താപസജീവിതത്തിനും പ്രാധാന്യം കൊടുത്തു. തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ഫലമായി ലഭിച്ച ദിവ്യപ്രകാശം ചുറ്റുമുള്ള മനുഷ്യർക്കു നൽകുക എന്നതായിരുന്നു ബഥനി സന്ന്യാസികളുടെ ലക്ഷ്യം. അതിനായി പ്രസംഗയോഗങ്ങൾ

www.malankaralibrary.com



സംഘടിപ്പിച്ചു. ജനങ്ങളിൽ ആത്മീയമായി ഉണർവുണ്ടാക്കുവാൻ ഇവയ്ക്കു സാധിച്ചു. പത്തനംതിട്ട മാക്കാംകുന്നിലെ കൺവെൻഷനിൽ തുടർച്ചയായി പത്തു വർഷം ആബോ ഗീവർഗീസായിരുന്നു പ്രസംഗകൻ. അങ്ങനെയാണ് സന്ന്യാസിയായിരുന്നപ്പോൾ മാർ ഈവാനിയോസ്, അറിയപ്പെട്ടിരുന്നത്. അദ്ദേഹം നടത്തുന്ന ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് ജനം നാനാഭാഗത്തുനിന്നും ഓടിക്കൂടു മായിരുന്നു. ബഥനി വൈദികരും ശെമ്മാശ്ശന്മാരും ഇടവകകൾ തോറും കയറിയിറങ്ങി ആധ്യാത്മിക പ്രബോധനങ്ങൾ നൽകി ഒരാന്തരിക നവീകരണം വരുത്തിക്കൊണ്ടിരുന്നു.

ആരാധനക്രമത്തിൽ സജീവമായി പങ്കെടുക്കാൻ ബഥനി സന്യാസികൾ ജനങ്ങളെ പഠിപ്പിച്ചു. ഒന്നിച്ച്, ചിട്ടയായി ഗാനങ്ങളാലപിക്കുക, ആരാധനയിൽ ഐകരൂപ്യം വരുത്തുക, നോമ്പ്, ഉപവാസം, കുമ്പിടീൽ, യാമപ്രാർത്ഥനകൾ എന്നിവ കൃത്യമായി നടത്തുക എന്നീ കാര്യങ്ങളിൽ ബഥനിക്കാർ നന്നായി ശ്രദ്ധിച്ചു. ജനങ്ങളെ പരിശീലിപ്പിച്ചു. ആരാധനക്രമസംബന്ധമായ ഒരുണർവ് ബഥനിയുടെ സ്വാധീനം ഉണ്ടായിടങ്ങളിലെല്ലാം സംജാതമായി. പ്രസിദ്ധീകരണങ്ങൾക്കുള്ള പ്രാധാന്യം മനസ്സിലാക്കി ഒരു ബഥനി പ്രസ്സ് തിരുവല്ലായിൽ സ്ഥാപിച്ചു. അവിടെ നിന്ന് ആരാധനക്രമ ഗ്രന്ഥങ്ങളും ആധ്യാത്മിക ഗ്രന്ഥങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ബഥനി മാസിക എന്ന മാസികയും ബഥനിയിൽ തുടങ്ങിയതാണ്. പാത്രിയർക്കീസിന്റെയോ മലങ്കര മെത്രാപ്പോലീത്തായുടെയോ കീഴിലല്ലാതെ സ്വതന്ത്രമായി നിൽക്കുന്ന പള്ളികൾ സ്ഥാപിക്കുക യായിരുന്നു അടുത്ത ലക്ഷ്യം. ആബോ ഗീവർഗീസ് മെത്രാനായ ശേഷമാണ് ദേവാലയങ്ങൾക്കായി സ്ഥലങ്ങൾ വാങ്ങുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്തത്. ഇത്തരം പതിനഞ്ചു പള്ളികൾ അദ്ദേഹം സ്ഥാപിച്ചു. കൂടാതെ പന്ത്രണ്ടിടത്തു കൂടി സ്ഥലവും വാങ്ങി. ഒരനാഥശാലയും അദ്ദേഹം തുടങ്ങി. പരോപകാര പ്രവർത്തന ങ്ങൾക്കായി സഭാംഗങ്ങളെ പ്രേരിപ്പിക്കുന്നതിനും ഹരിജനങ്ങളുടെ ഇടയിൽ സുവിശേഷവേല ചെയ്യുന്നതിനും അദ്ദേഹം പദ്ധതികളാ സൂത്രണം ചെയ്തു. ബഥനി സന്ന്യാസികൾ വിദ്യാഭ്യാസ പ്രവർത്തന ത്തിൽ വളരെ ശ്രദ്ധിച്ചു. ഇപ്രകാരം, ബഥനി ഒരു നവീകരണ പ്രസ്ഥാനമായിരുന്നു. 1930-ൽ മാർ ഈവാനിയോസ് കത്തോലിക്കാ പുനരൈക്യം നടത്തിയപ്പോൾ ബഥനിയുടെ സ്വാധീനത്തിൽ വന്നവർ കത്തോലിക്കരായി. അങ്ങനെ സഭൈക്യത്തിന് ഒരു വലിയ സംഭാവന ചെയ്ത മഹത്പ്രസ്ഥാനമാണ് ബഥനി പ്രസ്ഥാനം.

www.malankaralibrary.com

അധ്യായം 16

# സീറോ-മലബാർ സഭ

കേരളത്തിലെ എന്നല്ല, ഭാരതം മുഴുവനിലെയും പുരാതനമായ സഭയാണ് ഇപ്പോൾ സീറോ-മലബാർ സഭ എന്നറിയപ്പെടുന്ന കത്തോലിക്കാസഭ. കർതൃശിഷ്യനായ മാർതോമാശ്ലീഹാ സ്ഥാപിച്ച ഏകവും വിശുദ്ധവും കാതോലികവും ആയ സഭയാണിത്. 1653 വരെ ഈ സഭയ്ക്കും പിളർന്നുമാറിയ പുത്തൻകൂർ സഭയ്ക്കും ഒരേ ചരിത്രമാണ്. ഈ സഭയുടെ പ്രതിനിധികളും കൂടിയാണ് 1653-ൽ കൂനൻകുരിശുസത്യം നടത്തിയതെങ്കിലും ഈ സഭയുടെ പ്രതിനിധികൾ മിഷനറിമാരുടെ ഭരണത്തിൻ കീഴിലേയ്ക്ക് തിരികെപ്പോയി. ഇവർ പഴയകൂറ്റുകാർ എന്നറിയപ്പെടുന്നു. പുരാതനമായി ഉപയോഗത്തിലിരുന്ന പൗരസ്ത്യസുറിയാനി ആരാധനക്രമം ഉപയോഗിക്കുന്നവരും പഴയ സഭാനേതൃത്വത്തെ പിൻചെല്ലുന്നവരും എന്ന അർത്ഥത്തിൽ ഇവർ പഴയകൂറ്റുകാർ എന്ന് വിളിക്കപ്പെട്ടുവന്നു. ഉദയംപേരൂർ മുതൽ (1599) ഏതാണ്ട് മുന്നൂറു വർഷക്കാലം പഴയ കൂറ്റുകാരുടെ കത്തോലിക്കാസഭയെ ഭരിച്ചുകൊണ്ടിരുന്നത് പാശ്ചാത്യലോകത്തു നിന്നുള്ള ലത്തീൻ മെത്രാന്മാരായിരുന്നു.

കൂനൻകുരിശു സത്യത്തെപ്പറ്റിയുള്ള (1653) വാർത്ത അറിഞ്ഞപ്പോൾ മാർപാപ്പാ റോമിൽ നിന്ന് ഹിയാസിന്ത്, സെബസ്ത്യാനി എന്നീ കർമ്മലീത്താ വൈദികരുടെ നേതൃത്വത്തിൽ രണ്ട് കമ്മീഷനുകളെ അയച്ചു. ആദ്യം കേരളത്തിലെത്തിയത്. സെബസ്ത്യാനിയുടെ ദൗത്യസംഘമാണ്. "മാർ തോമായുടെ പട്ടം ശരിയല്ല. ഇട്ടിത്തൊമ്മൻ കത്തനാരുടെ രേഖ വ്യാജമാണ്. തന്നെ മാർപാപ്പാ അയച്ചിരിക്കുകയാണ്" എന്നെല്ലാം സെബസ്ത്യാനി പ്രചരിപ്പിച്ചു. അതിൻെറ ഫലമായി കൂനൻകുരിശുസത്യം ചെയ്ത അനേകർ വീണ്ടും മിഷനറിമാരെ അംഗീകരിക്കാൻ തുടങ്ങി. ഇതിനിടെ അന്വേഷണം കഴിഞ്ഞ് സെബസ്ത്യാനി റോമിൽ പോയി. കുറെ കഴിഞ്ഞ് ഹിയാസിന്തും വന്ന് അന്വേഷണം നടത്തി.

www.malankaralibrary.com



## മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ്

മിഷനറിമാർ കേരളത്തിൽ വന്നതിനുശേഷം പോർട്ടുഗീസ് രാജാവിൻെറ സംരക്ഷണച്ചുമതല (Padroado) 1600-ൽ ഈ സഭ മേൽ നടപ്പാക്കിയിരുന്നു. കുനൽകുരിശുവരെയുള്ള മെത്രാന്മാർ ഇതിൻെറ കീഴിൽ ഉൾപ്പെട്ടവർ ആയിരുന്നു. അവരുടെ കീഴിൽ ഇരിക്കയില്ലെന്നാണല്ലോ നസ്രാണികൾ പറഞ്ഞു കൊണ്ടിരുന്നത്.

പതിനഞ്ചാം നൂറ്റാണ്ടിൻെറ അവസാനഭാഗം മുതൽ റോമിലെ മാർപാപ്പാമാർ പോർട്ടുഗൽ, സ്പെയിൻ, എന്നീ രാജ്യങ്ങൾക്ക് ചില അധികാരാവകാശങ്ങൾ അനുവദിച്ചിരുന്നു. അന്നത്തെ വലിയ നാവികശക്തി അവരായിരുന്നു. പുതിയ പുതിയ സ്ഥലങ്ങളിൽ യൂറോപ്യന്മാർ എത്തിക്കൊണ്ടിരുന്നു. അങ്ങനെ ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും പുതുതായി യൂറോപ്യന്മാർ എത്തുന്ന സ്ഥലങ്ങളിലെ സുവിശേഷപ്രചരണജോലി മാർപാപ്പാമാർ മേല്പറഞ്ഞ രാജ്യങ്ങൾക്കു നൽകി. കിഴക്കൻ പ്രദേശങ്ങൾ പോർട്ടുഗീസുകാർക്കും പടിഞ്ഞാറൻ പ്രദേശങ്ങൾ സ്പെയിനിനും പകുത്തു കൊടുത്തു. ഇതിന്റെ വെളിച്ചത്തിലാണ് പാശ്ചാത്യ മിഷനറിമാർ പൗരസ്ത്യ ദേശമായ ഭാരതത്തിലേക്കു കടന്നു വന്നതും മിഷൻ പ്രവർത്തനത്തിലേർപ്പെട്ടതും. ഇതിനെയാണ് പാദ്രവാദോ എന്നു വിളിക്കുന്നത്. ഇതേപ്പറ്റി മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ (പേ. 19 കാണുക)

പാദ്രവാദോ മിഷനറിമാരുടെ കീഴിൽ ഇരിക്കാൻ വിസമ്മതിച്ച നസ്രാണികൾക്കു വേണ്ടി 1659-ൽ സെബസ്ത്യാനിയുടെ നേതൃത്വത്തിൽ പ്രൊപ്പഗാന്താ സംഘത്തിന്റെ കീഴിൽ റോം സ്ഥാപിച്ചതാണ് മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ് എന്ന സ്ഥാപനം. കത്തോലിക്കാസഭയിലെ സുവിശേഷ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തിരുന്ന ഒരു കാര്യാലയമാണ് പ്രൊപ്പഗാന്താസംഘം. റോമിൽ വച്ച് മെത്രാനായി 1661-ൽ സെബസ്ത്യാനി കേരളത്തിൽ തിരികെ എത്തി. കുനൻകുരിശിൽ പിടിച്ച അനേകർ ഈ പുതിയ കർമ്മലീത്താ മെത്രാന്റെ കീഴിൽ തിരികെവന്നു. ഈ കാലഘട്ടത്തിൽ ഡച്ചുകാർ പോർട്ടുഗീസുകാരിൽ നിന്ന് കൊടുങ്ങല്ലൂരും കൊച്ചിയും പിടിച്ചെടുത്തു. സെബസ്ത്യാനിക്ക് ഉടനെ നാടുവിടേണ്ടിവന്നു. ആ സാഹചര്യത്തിൽ അദ്ദേഹം പറമ്പിൽ ചാണ്ടിക്കത്തനാരെ മെത്രാനായി വാഴിച്ചു. മാർത്തോമായുടെ പട്ടം ക്രമപ്പെടുത്താതെ മഹറോൻ ചൊല്ലിയിട്ട് സെബസ്ത്യാനി നാടുവിട്ടു. നാട്ടുകാരനെ മെത്രാനായി കിട്ടിയതിനാൽ മലങ്കരയിൽ അന്നുണ്ടായിരുന്ന മൊത്തം 110 പള്ളികളിൽ 64 എണ്ണം പൂർണ്ണമാ

www.malankaralibrary.com



യും 20 എണ്ണം ഭാഗികമായും ചാണ്ടിമെത്രാനെ സ്വീകരിച്ചു. 26 പള്ളിക്കാർ പൂർണമായും 20 എണ്ണം ഭാഗികമായും മാർതോമായെയും സ്വീകരിച്ചു. ഇങ്ങനെ സമുദായം പിളർന്നു.

ചാണ്ടി മെത്രാന്റെ പിൻഗാമികളായി 'മലബാറിലെ അപ്പസ്തോലിക വികാരിയേറ്റിൽ' തുടർന്ന് പ്രൊപ്പഗാന്തായുടെ കീഴിൽ നാട്ടുകാരെ ആരെയും നിയമിച്ചില്ല. ഭരണം നടത്തിയ മെത്രാന്മാരെല്ലാം തന്നെ കർമ്മലീത്തരായ പാശ്ചാത്യ ലത്തീൻ മിഷനറിമാരായിരുന്നു. പാദ്രവാദോയുടെയും പ്രൊപ്പഗാന്തായുടെയും കീഴിൽ പഴയകൂർ സമുദായം വിഭജിതമായി. ചിലപ്പോഴൊക്കെ പാദ്രവാദോയുടെ കീഴിലുള്ളവരെയും ഭരിച്ചിരുന്നത് പ്രൊപ്പഗാന്തായുടെ കീഴിലുള്ള മെത്രാന്മാരായിരുന്നു.

## കരിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്താ (1782-86)

പറമ്പിൽ ചാണ്ടിമെത്രാനു ശേഷം പഴയകൂറ്റുകാരുടെ ഇടയിൽ നിന്ന് മെത്രാനായതു കരിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്തയാണ്. എന്നാൽ അദ്ദേഹം മെത്രാനായത് പാദ്രവാദോ ഭരണത്തിൻ കീഴിലാണ്. മാർതോമാ ക്രിസ്ത്യാനികളുടെ സഭ പുത്തൻകൂറെന്നും പഴയ കൂറെന്നും രണ്ടായി പിളർന്നു കഴിയുന്നതിൽ അത്യധികം വേദനിച്ചിട്ടുള്ള ഒരു മഹദ് വ്യക്തിയായിരുന്നു അദ്ദേഹം. പുത്തൻകൂറ്റുകാരും, പഴയകൂറ്റുകാരും യോജിച്ച് സ്വന്തം മെത്രാന്റെ കീഴിൽ വരണം എന്ന് ആത്മാർത്ഥമായി അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹം മെത്രാനായി തിരികെ നാട്ടിലെത്തുന്നതിനു മുമ്പ് 1786-ൽ ഗോവയിൽ വച്ചു മരിച്ചു. അത് സുറിയാനി സമുദായത്തിനുണ്ടായ തീരാനഷ്ടമായിരുന്നു.

## വരാപ്പുഴ അപ്പസ്തോലിക വികാരിയേറ്റ് (1838)

മലബാറിലെ അപ്പസ്തോലിക വികാരിയേറ്റിന്റെ ആസ്ഥാനം വരാപ്പുഴയായിരുന്നു. 1838-ൽ ഇതിന്റെ പേര് "വരാപ്പുഴ അപ്പസ്തോലിക വികാരിയേറ്റ്" എന്നാക്കി. പാദ്രവാദോയിൽ ഉൾപ്പെട്ടിരുന്നവരെയും ഇതിന്റെ കീഴിലാക്കി. 1845ൽ ഈ വികാരിയേറ്റിനെ വരാപ്പുഴ, കൊല്ലം, മംഗലാപുരം എന്ന് മൂന്നായി തിരിച്ചു. വരാപ്പുഴയുടെ അതിർത്തി പമ്പയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയ്ക്കായി. വരാപ്പുഴ വികാരിയേറ്റിൽ സുറിയാനിക്കാരും ലത്തീൻകാരും ഉണ്ടായിരുന്നു. ഈ വികാരിയേറ്റിനു പുറത്തുള്ള സുറിയാനിക്കാർ കൊല്ലം, മംഗലാപുരം എന്നീ വികാരിയേറ്റുകളിൽ ഉൾപ്പെട്ടു. കാലക്രമത്തിൽ, സുറിയാനിക്കാരുടെ ഈ വരാപ്പുഴ

www.malankaralibrary.com



വികാരിയേറ്റാണ് കേരളത്തിലെ ലത്തീൻകാരുടെ വരാപ്പുഴ അതിരൂപതയായി മാറിയത്.

## റോക്കോസ്-മേലൂസ് പ്രശ്നങ്ങൾ

കേരളത്തിലെ നസ്രാണികൾ പശ്ചിമേഷ്യയിൽ നിന്നുള്ള പൗരസ്ത്യ സുറിയാനി മെത്രാന്മാരെ ഇഷ്ടപ്പെട്ടിരുന്നു. പാശ്ചാത്യ മിഷനറിമാരുടെ ഭരണം അവർ ഇഷ്ടപ്പെട്ടില്ല. പൗരസ്ത്യ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസിന് ഇവിടത്തെ ജനങ്ങൾ തുടരെ തുടരെ നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി കത്തോലിക്കാ പാത്രിയർക്കീസ് മാർ ജോസഫ് ഔദോ കേരളത്തിലേക്ക് മാർ റോക്കോസ് എന്ന മെത്രാനെ അയച്ചു. 1861 മെയ് മാസത്തിൽ അദ്ദേഹം നാട്ടിലെത്തി. ജനങ്ങൾ നാട്ടിലുടനീളം അദ്ദേഹത്തിന് ഗംഭീര സ്വീകരണം നൽകി. തങ്ങളുടെ സ്വാധീനം നഷ്ടപ്പെട്ടു പോകുമോ എന്നു ഭയന്ന പാശ്ചാത്യമിഷനറിമാർ റോക്കോസിനെ തിരികെ വിളിപ്പിക്കാൻ പാത്രിയർക്കീസിന്റെ മേൽ സമ്മർദ്ദം ചെലുത്തി. 1862-ൽ റോക്കോസ് തിരികെ പോയി. റോക്കോസിനെ നേരിടാനാണ് മിഷനറിമാർ ചാവറ കുറിയാക്കോസച്ചനെ വികാരി ജനറാൾ ആക്കിയത്. റോക്കോസിനെ സ്വീകരിച്ചവർ നിരാശരായി. അവരുടെ തുടർന്നുള്ള നിവേദന ഫലമായി 1874-ൽ പൗരസ്ത്യ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ്, മേലൂസ് എന്ന കത്തോലിക്കാ മെത്രാനെ കേരളത്തിലേക്കയച്ചു. മുപ്പത് ഇടവകകൾ മേലൂസിനെ സ്വീകരിച്ചു. അയാളെ തിരികെ അയയ്ക്കാൻ പാശ്ചാത്യ മിഷനറിമാർ തന്ത്രങ്ങളാവിഷ്കരിച്ചു. അതിന്റെ ഫലമായി 1882-ൽ മേലൂസ് തിരികെ പോയി. മേലൂസിന്റെ കൂടെ നിന്നവരിൽ മിക്കവരും മിഷനറിമാരുടെ നേതൃത്വം സ്വീകരിക്കാൻ നിർബന്ധിതരായി. തൃശൂർ വ്യാകുലമാതാവിന്റെ പള്ളിക്കാർ മാത്രം തിരികെ വരാതെ നിന്നു. അവരിൽ നിന്നാണ് തൃശൂരെ സുറായികൾ (പൗരസ്ത്യ സുറിയാനിക്കാർ) എന്ന അകത്തോലിക്കാ സഭാവിഭാഗം 1908-ൽ ഉടലെടുത്തത്.

## വികാരിയേറ്റു സ്ഥാപനം

ലെയോ മാർപ്പാപ്പാ 1886-ൽ ഇൻഡ്യയിലെ ലത്തീൻ ഹയരാർക്കി പുനഃസ്ഥാപിച്ചു. സുറിയാനിക്കാർക്കുവേണ്ടി തുടങ്ങിയ വരാപ്പുഴ അപ്പസ്തോലിക വികാരിയേറ്റ് ലത്തീൻകാരുടെ ഒരു അതിരൂപതയായി മാറ്റി. സുറിയാനിക്കാരെ പ്രസ്തുത മെത്രാന്റെ കീഴിൽ ഒരു വികാരി ജനറാളിന്റെ ചുമതലയിലാക്കി. റോം 1887-ൽ

www.malankaralibrary.com



കോട്ടയം, തൃശൂർ എന്നീ വികാരിയേറ്റുകൾ സ്ഥാപിച്ച് സുറിയാനിക്കാരെ ലത്തീൻകാരിൽ നിന്ന് വേർപെടുത്തി. എന്നാൽ സഭാനേതൃത്വസ്ഥാനത്ത് ലത്തീൻകാർ തന്നെയായിരുന്നു. 1896-ൽ ഈ രണ്ട് വികാരിയേറ്റുകളെ തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്നായി തിരിച്ചു. ഭരണം നാട്ടുമെത്രാന്മാരെ ഏൽപിച്ചു. 1911-ൽ തെക്കുംഭാഗക്കാർക്കായി കോട്ടയം വികാരിയേറ്റ് സ്ഥാപിച്ചു. 1599-ൽ തുടങ്ങിയ വിദേശികളുടെ ഭരണം 1896-ൽ അവസാനിച്ചു. മുന്നൂറ് വർഷം ഈ ശ്ലൈഹിക സഭയെ പാശ്ചാത്യസഭയിൽപ്പെട്ട മിഷനറിമാർ ഭരിച്ചു. ഈ കാലയളവിൽ ഒന്നും ഈ പുരാതനസഭയ്ക്കൊത്ത നേതൃത്വമല്ല ഈ സഭയ്ക്കുണ്ടായിരുന്നത്. ഓരോ സഭയെയും നയിക്കുകയും ഭരിക്കുകയും ചെയ്യേണ്ടത് പ്രസ്തുത സഭയിൽപെട്ടവർ തന്നെ ആയിരിക്കണം. സഭാദ്ധ്യക്ഷന്മാർ ആദ്ധ്യാത്മികാചാര്യന്മാരാണ്. സഭയുടെ ആരാധനാപാരമ്പര്യങ്ങളും സഭയുടെ ശ്ലൈഹിക പൈതൃകവും അവർ സ്വാംശീകരിച്ചിരിക്കണം. ആർക്കും ഏതു സഭയിലും മെത്രാനാകാൻ സാദ്ധ്യമല്ല. വിദേശികൾ 300 വർഷം ഈ സഭയെ ഭരിച്ചതിന്റെ ഫലമായി പല കെടുതികളും ഈ സഭയ്ക്കുണ്ടായി. ഇന്നും അവയിൽ നിന്ന് ഈ സഭ വിമുക്തമല്ല.

## ഹയരാർക്കി പുനഃസ്ഥാപനം (1923)

കേരളത്തിലെ ഈ പുരാതന സഭയുടെ ഹയരാർക്കി പുനഃസ്ഥാപിച്ചത് 1923ലാണ്. ഇപ്പോൾ കേരളത്തിനകത്തും പുറത്തുമായി 23 രൂപതകളും 27 മെത്രാൻമാരും 34 ലക്ഷം ജനങ്ങളും പഴയകൂറ്റുകാരുടെ ഈ സഭയ്ക്കുണ്ട്. ഇന്ത്യയിലെ കത്തോലിക്കാ മിഷനറിമാരിൽ 70% ഈ സഭയിൽ നിന്നാണ്. 1923ൽ ഹയരാർക്കി പുനഃസ്ഥാപിച്ചെങ്കിലും വൈദികരെ പരിശീലിപ്പിക്കുന്ന സെമിനാരി സ്വന്തമായുണ്ടായത് 1962-ലാണ്. പൗരസ്ത്യവും ഭാരതീയവുമായ രീതിയിലുള്ള പരിശീലനം നൽകാനാണ് പ്രസ്തുത സെമിനാരി സ്ഥാപിതമായത്. 1993ൽ സീറോ മലബാർ സഭയ്ക്ക് ഒരു സഭാദ്ധ്യക്ഷൻ നിയമിതനായി. മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാന സംജ്ഞയുള്ള അധ്യക്ഷൻ ആണ് അവർക്കുള്ളത്. എറണാകുളം, ചങ്ങനാശ്ശേരി, തൃശൂർ, തലശ്ശേരി, എന്നിവ അതിരൂപതകളാണ്. കോതമംഗലം, മാനന്തവാടി, പാലക്കാട്, ഇരിഞ്ഞാലക്കുട, താമരശ്ശേരി, കോട്ടയം, കാഞ്ഞിരപ്പള്ളി, പാലാ എന്നീ രൂപതകൾ കേരളത്തിനകത്ത് ഈ സഭയ്ക്കുണ്ട്. ഛന്ദാ, സാഗർ, ബിജ്നോർ, ജഗദൽപൂർ, രാജ്കോട്ട്, സത്നാ, ഉജ്ജൈൻ, ഗോരഖ്പൂർ, കല്യാൺ, തക്കല, ബൽതങ്ങാടി എന്നീ രൂപതകളും ഈ സഭയ്ക്ക് കേരളത്തിന് പുറത്ത് ഉണ്ട്.

www.malankaralibrary.com

അധ്യായം 17

# ലത്തീൻ (റോമൻ) കത്തോലിക്കാസഭ

കേരളത്തിലുള്ള മറ്റൊരു കത്തോലിക്കാസഭയാണ് റോമൻ കത്തോലിക്കാസഭ. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ പാശ്ചാത്യമിഷനറിനാരുടെ പ്രവർത്തനഫലമായി ഉണ്ടായിട്ടുള്ളതാണ് ഇവിടുത്തെ ലത്തീൻ സഭ. റോമിലെ അപ്പസ്തോലിക സഭയുടെ ഭാഗമാണിത്. ഈ സഭയ്ക്ക് 11 രൂപതകളും 11 മെത്രാന്മാരും ഏതാണ്ട് പത്തുലക്ഷത്തോളം വിശ്വസികളുമുണ്ട്. വാരപ്പുഴ അതിരുപതയുടെ കീഴിലാണ്. ലത്തീൻ രൂപതകൾ: കൊല്ലം, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം, വിജയപുരം, ആലപ്പുഴ, പുനല്ലൂർ, കോട്ടപ്പുറം, നെയ്യാറ്റിൻകര, കണ്ണൂർ എന്നിവയാണ് രൂപതകൾ. ഈ ലത്തീൻ രൂപതകളെല്ലാം പ്രൊപ്പഗാന്താ സംഘത്തിൻെറ കീഴിലാണ്. സമുദായത്തിൻെറ താഴേക്കിടയിൽ കിടന്നു വേദനയനുഭവിച്ച അനേകായിരങ്ങളെ കൈകൊടുത്തുയർത്താൻ കേരളത്തിലെ ലത്തീൻ സഭയ്ക്ക് സാധിച്ചിട്ടുണ്ട്. ഹരിജനങ്ങൾ, മുക്കുവർ, ഈഴവർ ആദിയായി അക്കാലത്ത് അവശതയനുഭവിച്ചുകൊണ്ടിരുന്ന ജനപദങ്ങൾക്ക് സുവശേഷവെളിച്ചം പകർന്നുകൊടുത്തവരെ നാം നന്ദിയോടെ സ്മരിക്കണം. കേരളത്തിലെ ലത്തീൻ സഭയുടെ ചരിത്രത്തിൽ പല നാഴികക്കല്ലുകൾ കാണാൻ കഴിയും.

## കൊല്ലം രൂപതാ സ്ഥാപനം (1329)

ജോൺ ഇരുപത്തിരണ്ടാമൻ മാർപാപ്പാ 1329-ൽ കൊളുംബം രൂപത സ്ഥാപിച്ച് യോർദ്ദാൻ കത്തലാനി സെവെറാക് എന്ന ഡൊമിനിക്കൻ സന്ന്യാസിയെ അതിന്റെ മെത്രാനായി നിയമിച്ചു. കൊളുംബം കൊല്ലമാണ് എന്നു പറയപ്പെടുന്നു. ഇൻഡ്യയിൽ ലത്തീൻ റീത്തനുസരിച്ച് സ്ഥാപിതമായ ആദ്യത്തെ രൂപതയാണിത്. എന്നാൽ യോർദ്ദാൻ മെത്രാൻ കൊല്ലത്ത് എത്തിച്ചേർന്നില്ല. അദ്ദേഹം താനെയിൽ വച്ചു കൊല്ലപ്പെട്ടു. അതിനുശേഷം മാർപാപ്പാ കൊല്ലത്തു മെത്രാന്മാരെ നിയമിച്ചതായോ, കൊല്ലത്തു സുവിശേഷവേല

www.malankaralibrary.com



ചെയ്തതായോ രേഖകളില്ല. കച്ചവടക്കാരായ ക്രിസ്ത്യാനികളുടെ ഒരു സമൂഹം ഒരു പക്ഷേ കൊല്ലത്തുണ്ടായിരുന്നിരിക്കാം. 1346-ൽ കൊല്ലത്തു വന്ന സഞ്ചാര മിഷനറിയായ ജോൺ മരിഞ്ഞോളി കൊല്ലത്തെ ലത്തീൻ പള്ളിയെപ്പറ്റി സൂചനകൾ നൽകുന്നു. തുടർന്ന് പോർട്ടുഗീസുകാർ വരുന്നതു വരെ കൊല്ലം മിഷനെപ്പറ്റിയോ ഇവിടെയുള്ള ലത്തീൻ ക്രൈസ്തവ സമൂഹത്തെപ്പറ്റിയോ പരാമർശങ്ങളൊന്നുമില്ല.

## പോർട്ടുഗീസുകാരുടെ വരവ് (1498)

പോർട്ടുഗീസുകാർ കേരളവുമായി നേരിട്ട് കച്ചവടബന്ധം സ്ഥാപിച്ചതുമുതൽ പാശ്ചാത്യ ലത്തീൻ മിഷനറിമാർ കേരളത്തിലെത്തി പ്രവർത്തനം തുടങ്ങി. അവരുടെ പ്രവർത്തന ഫലമായി ധാരാളം അക്രൈസ്തവർ ക്രിസ്ത്യാനികളായിത്തീർന്നു. ഈ മിഷനറിമാരുടെ കൂട്ടത്തിൽ ഏറ്റവും ശ്രേഷ്ഠവ്യക്തി വി. ഫ്രാൻസിസ് സേവ്യർ ആയിരുന്നു. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ എന്നാണ് സേവ്യർ അറിയപ്പെടുന്നത്. തെക്കേ ഇൻഡ്യയിലെ കടൽത്തീരങ്ങളിൽ പതിനായിരക്കണക്കിനു മുക്കുവർ അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ക്രിസ്ത്യാനികളായി. 1542-ൽ ഇൻഡ്യയിലെത്തിയ അദ്ദേഹം ദരിദ്രരിൽ ദരിദ്രനായി ജീവിച്ചു. തന്റെ ജീവിതകാലം മുഴുവൻ സുവിശേഷ പ്രഘോഷണത്തിനായി അദ്ദേഹം സമർപ്പിച്ചു. 1552-ൽ അദ്ദേഹം മരിച്ചു. പോർട്ടുഗീസുകാരും നാട്ടുകാരും കൂടി വിവാഹബന്ധത്തിൽ ഏർപ്പെട്ടതിന്റെ ഫലമായി ഇവിടെ ഒരു ഇൻഡോ-പോർട്ടുഗീസ് സമൂഹം ഉടലെടുത്തു.

## കൊച്ചി രൂപത സ്ഥാപനം (1557)

കേരളത്തിലെ ലത്തീൻകാരുടെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ അവർക്കുവേണ്ടി ഗോവൻ അതിരൂപതയുടെ കീഴിൽ 1557-ൽ കൊച്ചി രൂപത സ്ഥാപിച്ചു. പാദവാദോയുടെ കീഴിലായിരുന്നു ഈ രൂപത. ക്രി.വ. 1600 മുതലുള്ള ലത്തീൻ സഭാചരിത്രം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണ്. മിക്കപ്പോഴും സുറിയാനിക്കാരുടെയും ലത്തീൻകാരുടെയും മെത്രാന്മാർ ലത്തീൻ മിഷനറിമാർ തന്നെയായിരുന്നു. 1610-ൽ റോം ഇൻഡ്യയെ ഗോവാ, കൊച്ചി, മൈലാപ്പൂർ, കൊടുങ്ങല്ലൂർ എന്നിങ്ങനെ പുനർവിഭജനം നടത്തി. കൊടുങ്ങല്ലൂർ സുറിയാനിക്കാർക്കു വേണ്ടിയുള്ള രൂപതയായിരുന്നെങ്കിലും അതിനുള്ളിൽ ലത്തീൻ ഇടവകകൾ ഉണ്ടായിരുന്നു. ഈ കാലയളവിൽ കൊടുങ്ങല്ലൂർ

www.malankaralibrary.com



രൂപതയിലും കൊച്ചി ലത്തീൻ രൂപതയിലും ഉണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻസഭയിൽ ചേർക്കാൻ മിഷനറിമാർ പരമാവധി ശ്രമിച്ചു. ഡച്ചുകാർ കൊച്ചി പിടിക്കുന്നതു വരെ (1663) ലത്തീൻ സഭ ഗണ്യമായി വളർന്നു കൊണ്ടിരുന്നു. ഡച്ചാക്രമണം താൽക്കാലികമായെങ്കിലും ലത്തീൻസഭയ്ക്കു വലിയ തിരിച്ചടിയായി. ഡച്ചുകാർ പോർട്ടുഗീസുകാരുടെ പല സ്ഥാപനങ്ങളും അഗ്നിക്കിരയാക്കി.

## മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ് (1659)

കർമ്മലീത്താക്കാരനായ സെബസ്ത്യാനിയുടെ നേതൃത്വത്തിൽ സുറിയാനിക്കാർക്കുവേണ്ടി സ്ഥാപിതമായ ഈ വികാരിയേറ്റിൽ ലത്തീൻകാരും ഉണ്ടായിരുന്നു. വരാപ്പുഴ താമസിച്ചിരുന്ന ഈ മിഷനറിമാരുടെ പ്രവർത്തനഫലമായി വരാപ്പുഴയ്ക്കു ചുറ്റും ധാരാളം പേർ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനികളായി. മാർത്തോമ്മാ ക്രിസ്ത്യാനികളെ കൂടാതെ പുതുതായി ക്രിസ്ത്യാനികളായിത്തീർന്നവരെപ്പറ്റി പല റിപ്പോർട്ടുകളും സൂചിപ്പിക്കുന്നു. കാലക്രമത്തിൽ ഈ വികാരിയേറ്റ് വരാപ്പുഴ അതിരൂപതയായി. 1887-ൽ വരാപ്പുഴ ലത്തീൻ രൂപതയിൽ നിന്ന് സുറിയാനക്കാരെ വേർപെടുത്തി. വിഭജനസമയത്ത് വരാപ്പുഴ അതിരൂപതയിൽ 190,000 സുറിയാനിക്കാരും 90,600 ലത്തീൻകാരും ഉണ്ടായിരുന്നു. വരാപ്പുഴയുടെ കീഴിൽ 1886-ൽ കൊല്ലം ലത്തീൻ രൂപതയുണ്ടായിരുന്നു. ഇവയെല്ലാം പ്രൊപ്പഗാന്തായുടെ കീഴിലായിരുന്നു. പാദ്രവാദൊയുടെ കീഴിൽ കൊച്ചീരൂപതയും നിലനിന്നു. വരാപ്പുഴ, കൊല്ലം രൂപതകൾ വിഭജിച്ചുണ്ടായതാണ് കേരളത്തിലെ ലത്തീൻ രൂപതകൾ.

## ലത്തീൻ മിഷനറിമാരുടെ സേവനങ്ങൾ

വിദ്യാഭ്യാസം, കല, സാഹിത്യം, സാംസ്കാരികം, വൈജ്ഞാനികം എന്നീ മേഖലകളിൽ ലത്തീൻ മിഷനറിമാർ അർപ്പിച്ച സേവനങ്ങൾ ചരിത്രം നന്ദിയോടെ സ്മരിക്കും. അച്ചടി നടപ്പാക്കിയത് വലിയ സംഭാവനയാണ്. ആതുര സേവനരംഗത്തും വിദ്യാഭ്യാസ മേഖലയിലും അവർ നൽകിയ സേവനം വിലപ്പെട്ടതത്രേ. സമുദായത്തിന്റെ താഴേക്കിടയിൽ കിടന്നു വേദന അനുഭവിച്ച അനേകായിരങ്ങളെ കൈകൊടുത്തുയർത്താൻ മിഷനറിമാർക്കു സാധിച്ചു. കേരളത്തിന് ലത്തീൻ മിഷനറിമാരുടെ സേവനം ഒരിക്കലും മറക്കാൻ സാധിക്കുകയില്ല.

❖❖❖❖❖